# അച്ചുതണ്ട് നഷ്ടപ്പെട്ട ഭ്രമി

താഴ്‌വാരത്തിലേക്ക് ഭ്രമി ഉരുണ്ടു വന്നത് എത്ര പെട്ടെന്നായിരുന്നു.... അണ്ഡകടാഹങ്ങൾ പ്രകമ്പനം കൊള്ളിക്കുന്ന അലർച്ചയോടെയായിരുന്നു അച്ചുതണ്ട് ഊരിപ്പോയ ഭ്രമി, മനോഹരമായ താഴ്‌വരയിൽ പൂത്തുലഞ്ഞു നിന്നിരുന്ന സ്വപ്നങ്ങൾ ചതച്ചരച്ചു കൊണ്ട് ഉരുണ്ടുവന്നത്.

താഴ്‌വരയിൽ നിന്നും നോക്കിയാൽ ഒരു അവ്യക്ത ചിത്രം പോലെ തോന്നിക്കുന്ന കുന്നുകൾക്കിടയിൽ നിന്നെങ്ങോആണ് ഭ്രമി, കുതിച്ചു വരുന്നത്. മൂടൽമഞ്ഞിന്റെ കനത്ത പാളിയെ കീറി മുറിച്ചു കൊണ്ട് ഭ്രമി, അതിന്റെ സർവ ചരാചരങ്ങളെയും ഉള്ളിലടക്കി അസാമാന്യമായ വേഗത്തിൽ കുതിച്ചു വരുന്നു.....

ദൂരെ നിന്നും അലറിക്കുതിച്ചെത്തുന്ന ഭ്രമിയുടെ ഹുങ്കാരാരവം കേട്ട് താഴ്‌വര മുഴുവൻ ഉച്ചയുറക്കം വിട്ട് ഞെട്ടിപിടഞ്ഞെണീററു. അവർ കാര്യമറിയാതെ പരസ്പരം മിഴിച്ചു നോക്കി. അലഞ്ഞു തിരിയുന്ന കന്നുകാലികൾക്കരികെയിരുന്ന് ആയിടെ റിലീസായ സിനിമയിലെ നായികയുടെ കാൽവണ്ണയുടെ മിനുവിനെ കുറിച്ച് ആശ്ചര്യപ്പെട്ടിരുന്ന ഇടയച്ചെറുക്കന്മാർ ചാടിയെണീററു. വലിയ ജനൽ ഗ്ലാസ്സുകളുള്ള, ഭംഗിയേറിയ ഇഷ്ടിക വീടുകളിലെ സുന്ദരികൾ ജാരന്മാരുടെ അരികത്തുനിന്നും കാമാതുരമായഹൃദയവും പേറി എഴുന്നേററോടി. സ്കൂളുകളിൽ മടുപ്പിക്കുന്ന വേഗത്തോടെ ചരിത്രത്തെ ബഹുദൂരം മുന്നോട്ട് തള്ളിവിട്ടുകൊണ്ടിരുന്ന അധ്യാപകരും ഉത്തരത്തിലെ ഗൗളിയുടെ ചേഷ്ടകൾ നിരീക്ഷിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികളും ചില്ലുവാതിൽ തള്ളിത്തുറന്ന് ഇരച്ചു കയറിയ സംഭ്രമത്തിനൊപ്പം സ്കൂൾമുററത്തേക്കോടി. ആരും കരുതിയില്ല, വലിയൊരു മലയിടിഞ്ഞു വീഴുന്നതുപോലുള്ള ആ ശബ്ദം ഇത്രയും കാലം തന്നെ ബന്ധിച്ചു നിർത്തിയ അച്ചുതണ്ട് ഊരി വലിച്ചെറിഞ്ഞ് ഭ്രമി; അലറിക്കുതിച്ചു വരുന്നതാണെന്ന്.....

ആരും ഒരിക്കലും, സംഹാരരുദ്രയായി പാഞ്ഞെത്തുന്ന ഭൂമിയെപ്പററി കിനാവ് കണ്ടിരുന്നില്ല. ആരും നല്ലതും ചീത്തയുമായ എല്ലാ സാധനങ്ങളെയും ജീവികളെയും വികാരങ്ങളും ഗർഭത്തിലൊതുക്കി, ക്രോധാവേശത്തോടെ പാഞ്ഞെത്തുന്ന ഭൂമിയെപ്പററി സംസാരിച്ചില്ല.

വററിവരണ്ട ചെടികളുമായി കൊടുങ്കാററുപോലെ വീശിയേക്കാവുന്ന ഭൂമിയെക്കുറിച്ച് ചിന്തിക്കുവാൻ ഒരൊററയാളും മിനക്കെട്ടില്ല. അതുകൊണ്ടാണല്ലോ, പ്രപഞ്ചം വിറപ്പിക്കുന്ന മുഴക്കവുമായി ഭൂമി ഉരുണ്ടെത്തുമ്പോൾ സർവരും സ്തബ്ധരായിപ്പോയത്....

ആകാശത്തെ മേഘങ്ങളെയും സാവധാനമിറങ്ങികൊണ്ടിരിക്കുന്ന കോടമഞ്ഞിനെയും തട്ടിത്തെറിപ്പിച്ചു കൊണ്ട് ഭൂമി താഴ്‌വാരത്തിലേക്കു പ്രവേശിക്കുകയാണ്. വിശാലമായ, ഏക്കറു കണക്കിന് പരന്നുകിടക്കുന്ന പുല്ലുമേടുകളിലൂടെ ഭൂമി അതിന്റെ വികൃതമായ ശരീരവും താങ്ങി രൗദ്രഭാവം പൂണ്ട് വരികയാണ്....... ഭൂമിയുടെ മുഖം വളരെ വികൃതം തന്നെയായിരുന്നു. ഭയാനകവും അറപ്പുളവാക്കുന്നതുമായ രൂപം............

താഴ്‌വരയെ വലം വച്ചു നീങ്ങുന്ന തീവണ്ടിയുടെ നീലച്ചായമടിച്ച കമ്പാർട്ടുമെന്റുകളിൽ ആളുകൾ ഭയവിഹ്വലരായി. അക്ഷരാർത്ഥത്തിൽ അവരുടെ ഭയം തീവണ്ടിയുടെ ബോഗികൾ പാളം തെററിമറിയുകയാണെന്നാണ്. തെരുവിലൂടെ അലസം വാഹനമോടിക്കുകയായിരുന്നവരും അതിലിരുന്ന് ഉറക്കം തൂങ്ങുന്ന യാത്രികരും, തടാകക്കരയിൽ നിർത്തിയിട്ട ബോട്ടുകളിലെ ഡ്രൈവർമാരും, പ്രതീക്ഷിച്ചത്... എവിടെയോ ഒരു പൊട്ടിത്തെറി.

കച്ചവടക്കാർ മിക്കവാറും കാലിയായ ഖജാനക്കു മുകളിൽ തലചായ്ച്ചു മയങ്ങുന്ന നേരത്തായിരുന്നല്ലോ, അവരുടെ ലാഭമോഹങ്ങൾക്ക് മേൽ തടയിട്ട് ഭൂമിയുരുണ്ടു വന്നത്.

വിദേശികൾ പണിതീർത്ത ഭംഗിയേറിയ കോൺക്രീററ് നിരത്തിലൂടെയാണിപ്പോൾ ഭൂമി ഉരുണ്ടുവരുന്നത്. സൗധങ്ങളും രമ്മ്യഹർമ്മ്യങ്ങളും മന്ദിരങ്ങളും നിറഞ്ഞ താഴ്‌വരയുടെ ഹൃദയ ഭാഗത്തേക്കാണ് ഭൂമി അതിദ്രുതം നീങ്ങികൊണ്ടിരിക്കുന്നത്.

ഭീമാകാരമായ സൗധങ്ങളിൽ പ്രവർത്തിക്കുന്ന ബാങ്കുകളിൽ നോട്ടെണ്ണുന്ന കൈകളും മനുഷ്യബന്ധങ്ങൾപോലും കണക്കുകളിലൊതുക്കുന്ന 'കോമേഴ്സ്‌വിദഗ്ദരുടെ' കമ്പ്യൂട്ടറുകളും പൊടുന്നനെ നിശ്ചലമായി.

സാദിക്ക് എൻ.
II ബീകോം

മാനേജർ കാബിനു പുറത്തേക്ക് ചാടിവന്നു.


'എന്താണത്.... എന്താണിങ്ങോട്ട് വരുന്നത്?

ജോലിക്കാരുടെ കൈകളിൽ നിന്ന് നോട്ട് കെട്ടുകളും പേനകളും റബ്ബർ സ്റ്റാമ്പുകളും വീണുപോയി. അവർ അപ്പോൾ മാത്രം എന്തോ ഓർത്തു നിലവിളിച്ചു.....
ബാങ്കിന്റെ ചില്ലുജാലകം കടന്ന് ആ നിലവിളി അന്തരീക്ഷത്തിൽ ഭൂമിയുടെ ഹുങ്കാരത്തോട് ചേർന്നു 'ദൈവമേ......

താഴ്വരയിലെ നിവാസികളെല്ലാം ശരിക്കും ഞെട്ടിവിറച്ചു. കോൺക്രീററു പാത ഉഴുതുമറിച്ചുകൊണ്ട്, കൊടുങ്കാററിന്റെയകമ്പടിയോടെ ആകാശം ഇടിഞ്ഞുവീഴുന്ന ശബ്ദത്തോടെ പാഞ്ഞുവരുന്നത് ഭ്രമിയാണ്. അവരാരും ഒരിക്കൽപ്പോലും ഓർമ്മിച്ചിട്ടില്ലാത്ത ഭ്രമി...എന്നിട്ടും അവർക്ക് സർവ്വവും ദാനം നല്കിയ ഭ്രമി! ജീവദാതാവായ ഭ്രമി! അന്നദാതാവായ ഭ്രമി! സൗന്ദര്യവും സമ്പത്തും സ്വപ്നങ്ങളും മോഹങ്ങളും എല്ലാത്തിനുമുപരി അവർക്കെല്ലാം അടക്കാനാവാത്ത കാമവും നൽകിയത് ഭ്രമിതന്നെ.

ഭയങ്കരങ്ങളായ പാതാളങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് ഭൂമിയുടെ വരവ്. കല്ലും കമ്പിയും സിമന്റുമിട്ടുറപ്പിച്ച പാതയിൽനിന്നും വലിയ വലിയ കോൺക്രീററുചീളുകൾ ഇരുവശത്തെയും രമ്യഹർമ്മ്യങ്ങളുടെ കണ്ണാടിവാതായനങ്ങൾക്കുനേരെ നിഷ്കരുണം ചിതറിത്തെറിച്ചു.

നിമിഷങ്ങൾക്കുള്ളിൽ ഭൂമി താഴ്‌വരയുടെ ഹൃദയഭാഗത്തെത്തും. അവിടത്തെ മനോഹരങ്ങളായ സൗധങ്ങളും കണ്ണഞ്ചിപ്പിക്കുന്ന അലങ്കാരങ്ങളും സുഗന്ധം വിതറുന്ന പൂക്കൾ നിറഞ്ഞു നിൽക്കുന്ന ഉദ്യാനവും ഭൂമി ദയാലേശമില്ലാതെ അമർത്തി ഞെരിക്കും! താഴ്‌വരയുടെ ഭരണകേന്ദ്രവും അവിടെ പൊടിപിടിച്ച ഫയലുകൾക്കുള്ളിൽ മുഖം പൂഴ്ത്തിയിരിക്കുന്ന ഉദ്യോഗസ്ഥരെയും തണുപ്പിച്ച ഓഫീ



സ്മൃതിയിൽ ദിവാസ്വപ്നങ്ങൾ കണ്ടു മയങ്ങുന്ന ഭരണകർത്താക്കളെയും ഭൂമി പാതാളത്തിലേക്കു ചവിട്ടിതാഴ്ത്തും !

മനുഷ്യർ ഉറക്കെ നിലവിളിച്ചുകൊണ്ട് കെട്ടിടങ്ങളിൽനിന്നും പുറത്തേക്കോടി. അന്തരീക്ഷത്തിൽ അവരുടെ കരച്ചിൽ പ്രകമ്പനമൊന്നും സൃഷ്ടിച്ചില്ല. കുതിച്ചുവരുന്ന ഭൂമിയുടെ ഹുങ്കാരത്തിൽ മനുഷ്യരുടെ ആക്രാന്തനങ്ങൾ ആരു കേൾക്കാൻ?

ഭൂമിയുടെ പടയോട്ടത്തിൽ, മനുഷ്യൻ യുഗങ്ങളായി കഷ്ടപ്പെട്ട് നേടിയതൊക്കെ തകർന്നുതരിപ്പണമാകുന്നു. രാത്രി പകലാക്കുവാൻ സ്ഥാപിച്ച നിയോൺവിളക്കുകളും ടെലിഫോൺ പോസ്റ്റുകളും പരസ്യപ്പലകകളും ഒന്നുംറോഡരുകിൽ നിലനില്ക്കുന്നില്ല. എല്ലാം അഗാധഗർത്തങ്ങളിലേക്ക് ഒടിഞ്ഞുകുത്തി, ആണ്ടുപോകുന്നു.

വീടുവിട്ടോടിയവർ മുഴുവൻ ഭരണകർത്താക്കളുടെയരികിലേക്കാണോടിച്ചെല്ലുന്നത്. അവരുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കേണ്ടത് ഭരണകർത്താക്കളാണല്ലോ. അതിനുവേണ്ടി അവർ മാസംതോറും കനത്ത തുക നികുതിയടച്ചിരുന്നു. ഇപ്പോൾ ഏതായാലും നേതാക്കളും ജനങ്ങളെപ്പോലെതന്നെ നിസ്സഹായരും ഭയാക്രാന്തരുമായിരുന്നു. എങ്ങനെ പേടിച്ചരളാതെയിരിക്കും? തങ്ങൾ എത്രയോ കാലമായി കഷ്ടപ്പെട്ട് ഉണ്ടാക്കിയ സുഖസൗകര്യങ്ങളും കെട്ടിപ്പൊക്കിയ മനക്കോട്ടകളുമല്ലേ നിമിഷനേരംകൊണ്ട് തകർന്നുതരിപ്പണമാകാൻ പോകുന്നത്?

കന്യകമാർ കഠിനമായ സങ്കടത്താലും നിരാശയാലും വിളറിവെളുത്തു. തങ്ങൾ പ്രലോഭനങ്ങൾക്കൊന്നും വശംവദരാകാതെ കാത്തുസൂക്ഷിച്ച ചാരിത്ര്യം വ്യർത്ഥമാകുന്നു. ഹൃദയത്തിൽ സൂക്ഷിച്ച കിനാവുകൾ ഇനിയൊരിക്കലും സഫലമാകില്ല. അവർ തിടുക്കത്തിൽ തപ്പിയെടുത്ത കാമുകരുടെ ചിത്രം നെഞ്ചോട് ചേർത്തമർത്തിക്കൊണ്ടാണ് ജനാവലിയുടെയൊപ്പം രക്ഷതേടി ഓടിയത്.

തങ്ങളുടെയെല്ലാം ജീവനും സ്വത്തുക്കളും കവർന്നെടുക്കാനാണ് സംഹാരരുദ്രയായ ഭൂമി കുതിച്ചുവരുന്നതെന്ന് മനുഷ്യർക്കെല്ലാം മനസ്സിലായി കഴിഞ്ഞിരുന്നു. ഏതു നിമിഷവും തലക്കുമുകളിലൊരു ഇടിമുഴക്കമായി പാഞ്ഞെത്തിയേക്കാവുന്ന ഭൂമിക്കുവേണ്ടി അവർ ആർത്തലച്ച് കാത്തിരുന്നു. കരയാത്തതായി ആരുമുണ്ടായിരുന്നില്ല. ആർക്കും ഭൂമിയുടെ വിധി ഏറ്റുവാങ്ങാൻ ഇഷ്ടമുണ്ടായിരുന്നില്ല. എല്ലാവരും തങ്ങളുടെ അനിവാര്യമായ ദുരന്തവിധിയെ പഴിച്ചുകൊണ്ട് നിലവിളിച്ചു. മനോഹരമായ ഉദ്യാനംമുഴുവൻ ആളുകൾ ചവിട്ടിമെതിച്ചു. സുഗന്ധം നഷ്ടപ്പെട്ട പൂക്കളും തങ്ങളുടെ വിധിയേറ്റുവാങ്ങിയിട്ടെന്നോണം ചവിട്ടടിപ്പാടുകളിൽ ചതഞ്ഞരഞ്ഞുകിടന്നു.

ഭൂമി ശരിക്കും മൃതപ്രായമായിക്കഴിഞ്ഞിരുന്നു. രൂപമാകട്ടെ, ബീഭത്സമായതും വൃത്തികെട്ടതുമായിരുന്നു. മനുഷ്യന്റെ ആദിമധ്യാന്തങ്ങളില്ലാത്ത 'പരീക്ഷണ—ഗവേഷണ'ങ്ങളുടെ അനന്തരഫലങ്ങളായിരുന്നു ഭൂമിയിങ്ങനെ വിരൂപമാകാൻ കാരണം. അവന്റെ ഓരോ കൈക്കുറ്റപ്പാടുകളും ഭൂമിയുടെ ഹൃദയത്തിലെ വ്രണങ്ങളായി മാറിക്കൊണ്ടിരുന്നു.

ഈ അവസാനനിമിഷത്തിൽ ഇനി അതൊന്നും ഓർത്തിട്ട് കാര്യമില്ലെന്ന് താഴ്വരയിലെ ബുദ്ധിയുള്ളയാളുകൾക്ക് മനസ്സിലായി. തരം കിട്ടുമ്പോഴൊക്കെ ഭൂമിയെ ദ്രോഹിക്കുന്ന കാര്യത്തിൽ അവരും ഒട്ടും പിറകിലായിരുന്നില്ലല്ലോ. ശാസ്ത്രജ്ഞന്മാർ തങ്ങൾക്ക് ഭൂമിയുടെനേരെയില്ലാതെപോയ കരുണയെക്കുറിച്ച് വ്യാകുലപ്പെട്ടു. ഭൂമിയുടെ സംഹാരതാണ്ഡവത്തെ തടഞ്ഞുനിർത്താനുള്ള സമവാക്യങ്ങൾക്കുവേണ്ടി അവർ തടിച്ച ശാസ്ത്രപുസ്തകങ്ങളും ശൂന്യമായ തലച്ചോറും വെപ്രാളത്തോടെ പരതി. ഒടുവിൽ നിരാശരായി ഭൂമിയുടെ അന്ത്യവിധിക്കായി കാത്തുനിന്നു.

നോക്കൂ....ഭൂമി ഇതുവരെ താഴ്വരയുടെ ഹൃദയ ഭാഗത്തെത്തിയിട്ടില്ലെന്നോർത്ത് ആശ്വസിക്കരുത്. നാം വിചാരിക്കാത്ത ഏതു സമയത്തും ഒരു കൊടുങ്കാറ്റായി, പ്രളയം വിതച്ച് നാശം കൊയ്ത് ഭൂമിയിങ്ങെത്തും! യുഗയുഗാന്തരങ്ങളായി തന്നെ പീഡിപ്പിച്ചവരോട് കണക്കുചോദിക്കും! അതിനാണ് നൂറ്റാണ്ടുകളായി തന്നെ ബന്ധിച്ചിരുന്ന ബന്ധനങ്ങളിൽനിന്നും മുക്തയായി, ഭൂമി അലറിക്കുതിച്ചുവരുന്നത്.

ഭൂമിയുടെ ജൈത്രയാത്രയിൽപെട്ട് ദേവാലയങ്ങളും, അമ്പലങ്ങളും പള്ളികളും ഗുരുദ്വാരകളും പൊടിഞ്ഞ് ഇല്ലാതെയാവുന്നു. തുടക്കവും ഒടുക്കവുമില്ലാതെ ബാങ്കുവിളികളും കീർത്തനങ്ങളും വേദവാക്യങ്ങളും ഭൂമിയുടെ ഹുങ്കാരാരവത്തിൽ ലയിച്ചുചേരുന്നു. അനാദിയായ കാലം മുതൽക്കേ മനുഷ്യൻ വിശ്വസിച്ചിരുന്ന വിശ്വാസപ്രമാണങ്ങളും എഴുതിയുണ്ടാക്കിയ വിമോചനത്തിന്റെ പ്രത്യയശാസ്ത്രങ്ങളും വ്യത്യാസമേതുമില്ലാതെ ഭൂമിയുടെ പടയോട്ടത്തിൽപ്പെട്ട് രഥചക്രങ്ങൾക്കടിയിലമരുന്ന ഉറുമ്പിൻപറ്റം പോലെ മാഞ്ഞുപോകുന്നു...

ഭൂമി താഴ്വരയുടെ ഹൃദയഭാഗത്തെത്തികഴിഞ്ഞു. കലിപൂണ്ട്..... മുലപറിച്ചെറിഞ്ഞ് ഒരു രാജവംശം മുടിച്ച കണ്ണകിയെപ്പോലെ...സ്വയം തകർത്തെറിഞ്ഞ കൃത്രിമങ്ങളുടെ ശവപ്പറമ്പിലൂടെ കുതിച്ചുവന്ന ഭൂമി എത്തിയിരിക്കുന്നു–ഇനി ഭൂമിയുടെ മുന്നിലുള്ളത് ആർത്തലച്ചു കരയുന്ന മനുഷ്യരാണ്. ഒന്നുമറിയാതെ, കൗതുകത്തോടെ ഭൂമിയെ ദർശിക്കുന്ന കുഞ്ഞുങ്ങളും, പാപപരിഹാരം തേടുന്ന വൃദ്ധന്മാരും, ചോരതിളക്കുന്ന ചെറുപ്പക്കാരും മദാലസകളായ യുവതികളും എല്ലാവരുടെയും ആക്രന്തനങ്ങൾ താണ്ഡവമാടി വരുന്ന ഭൂമിക്കൊരു സ്വാഗതഗാനംപോലെ മുഴങ്ങി.

ആരും ഭൂമിയോട് തങ്ങൾ ചെയ്ത കൊടുംപാതകങ്ങളെ പറ്റി പശ്ചാത്തപിച്ചില്ല. ആരും ഭൂമിയുടെ വിചാരണയില്ലാത്ത ശിക്ഷ ഏറ്റുവാങ്ങാൻ ആഗ്രഹിച്ചില്ല എങ്കിലും തച്ചുതണ്ട് നഷ്ടപ്പെട്ട ഭൂമിക്ക് വിധി നടപ്പാക്കാനാവാതിരിക്കില്ലല്ലോ?



നിർജ്ജീവമായ ക്ലാസ് റൂം.
നോക്കുകുത്തികളെപ്പോലെ
വിദ്യാർത്ഥികൾ.
ഇവർക്കു മുമ്പിലായി
അൽപ്പം ഉയർന്ന തറയിൽ
സ്ക്രൂ ചെയ്തു വിട്ട യന്ത്രത്തെ
പ്പോലെ അദ്ധ്യാപകൻ.
നാൽപ്പത്തിയഞ്ചു മിനിട്ടു
നേരത്തെ നിർവികാരമായ
ഭാവചേഷ്ടകൾക്കുശേഷം
എന്തു സംഭവിക്കുന്നു?
— നോക്കുകുത്തികൾ ഉറക്ക
ത്തിലേക്കു വഴുതിവീഴുന്നു.
അദ്ധ്യാപകൻ സ്ററാഫ്റൂമിലെ
ശമ്പളവർധനവ്
ചർച്ചയിലേക്കും.
ഇതിലപ്പുറം ഒന്നും
സംഭവിക്കുന്നില്ല.
പക്ഷെ, കൃത്രിമമായി പടച്ചു
ണ്ടാക്കിയ ലോകത്ത് ഇങ്ങിനെ
അന്യരെപ്പോലെ കഴിഞ്ഞുകൂടി
യാൽ മതിയോ നാം?
ഗുണപരമായ ഒരു വിചിന്തനം
ഗുരുമുഖത്തു നിന്നു
തന്നെയുണ്ടാവട്ടെ.
പരസ്പരം ഉള്ളു തുറന്നു
മനസ്സിലാക്കാനെങ്കിലും
കഴിയുന്നത് ഒരു രസമല്ലേ?
ഇതാ, അദ്ധ്യാപനത്തിന്റെ
ധാർമ്മികതയെക്കുറിച്ച്
ഏതാനും ഗുരുമൊഴികൾ.

—എഡിററർ

# അദ്ധ്യാപക വിദ്യാർത്ഥി ബന്ധം

**പ്രൊ: എ. പി. പി. നമ്പൂതിരി**

ഒരു ചിന്താ വിഷയമാകത്തക്ക വിധം മാററം മാത്രമല്ല, ശൈഥില്യം കൂടി സംഭവിച്ചിരിക്കയാണ്. അടുത്ത കാലത്തായി അധ്യാപക വിദ്യാർത്ഥി ബന്ധത്തിന്. ബന്ധങ്ങൾക്ക മാററം വരിക സ്വാഭാവികമാണ്. പക്ഷേ അത് ശിഥിലമാവുന്നത് അത്ര സ്വാഭാവികമല്ല. അങ്ങനെ ശൈഥില്യം സംഭവിച്ചാൽ അത് ആപത്കരമാണ്താനും. വ്യക്തിസ്വാതന്ത്ര്യത്തെപ്പററിയുള്ള പുതിയ ബോധം റിനൈസൻസ് കാലഘട്ടത്തോടുകൂടി യൂറോപ്പിലും തുടർന്ന് ലോകത്തിന്റെ എല്ലാഭാഗങ്ങളിലും വ്യാപിച്ചതോടെ, ഭാര്യ ഭർത്താവിന്, സന്താനങ്ങൾ അച്ഛനമ്മമാർക്ക്, അനുജൻ ജ്യേഷ്ഠന്, ഭൃത്യൻ യജമാനന്, കീഴുദ്യോഗസ്ഥൻ മേലുദ്യോഗസ്ഥന്, പൂർണ്ണമായും കീഴ്പെട്ട് നിൽക്കുക എന്ന സമ്പ്രദായത്തിന് ഒരു മാററം വന്നിട്ടുണ്ട്. ഈ മാററം അദ്ധ്യാപക വിദ്യാർത്ഥി ബന്ധത്തിലും വരുന്നുവെങ്കിൽ അതിനെപ്പററി ഖേദിക്കേണ്ടതില്ല. അന്ധമായി അനുസരിക്കകതിരുവായ്ക്കെതിർവായില്ല എന്ന നിലയിൽ ചോദ്യം ചെയ്യാതെ അംഗീകരിക്കുക-ഇങ്ങിനെയൊരു പെരുമാററം വിദ്യാർത്ഥികളിൽ നിന്ന് 'ഇന്ന്' ഒരദ്ധ്യാപകൻ പ്രതീക്ഷിക്കുന്നതിന് അർത്ഥമില്ല. ഏകലവ്യനോടുകൂടി ആ പെരുമാററം അപ്രത്യക്ഷമായി എന്നു തന്നെ പറയാം. ഏകലവ്യനിൽ നിന്ന് കിട്ടിയ അന്ധമായ അനുസരണം അർജുനനിൽ നിന്നു തന്നെ ദ്രോണാചാര്യർക്ക കിട്ടിയില്ല ഗുരുദക്ഷിണയായി ദ്രുപദനെ ബന്ധിച്ചുകൊണ്ടുവരാൻ ദ്രോണൻ അർജുനനോട് ആവശ്യപ്പെട്ടപ്പോൾ അർജുനൻ അതനുസരിച്ചു. പക്ഷേ മുമ്പിൽ കൊണ്ടുവരപ്പെട്ട ദ്രുപദനെ ദ്രോണൻ ചവിട്ടാൻ മതിർന്നപ്പോൾ അതു നോക്കി നിൽക്കാൻ അർജുനൻ തയ്യാറായില്ല. 'ഞാൻ ബന്ധിച്ചുകൊണ്ടുവന്ന ക്ഷത്രിയനെ ചവിട്ടാൻ പാടില്ല' എന്ന് ഗുരുവിന്റെ ശ്രമത്തിനെതിരെ അർജുനന്റെ നാവ് ചലിച്ചു. ആചാര്യനായ പരശുരാമൻ അംബയെസ്വീകരിക്കാൻ ഭീഷ്മരോട് ആജ്ഞാപിച്ചപ്പോൾ തന്റെ പ്രതിജ്ഞയെ എന്തിന്വീതെയും താൻ മാനിക്കുന്നു എന്നും സ്വന്തം സത്ത കരുതികൊടുത്ത് ആരെയും മാനിക്കവാൻ താൻ തയ്യാറല്ല എന്നും പറയാൻ ഭീഷ്മർ മടിച്ചില്ല. അർജ്ജുനന്റെയും ഭീഷ്മരുടെയും പെരുമാററം വ്യക്തിത്വ വികാസത്തിന്റെ ആദ്യഘട്ടത്തെ കുറിക്കുന്നു. ഗുരുശിഷ്യബന്ധത്തിന്റെ പാവനത അംഗീകരിച്ചുകൊണ്ടുതന്നെ തങ്ങൾക്ക ശരിയെന്നു തോന്നുന്ന ഒരു കാര്യത്തിൽ ഗുരു സ്വീകരിച്ച നിലപാടിനെതിരായുള്ള നിലപാട് കൈക്കൊള്ളുകയാണ് അർജുനനും ഭീഷ്മരും ചെയ്തത്. വ്യക്തിസ്വാതന്ത്ര്യ ബോധം പതിൻമടങ്ങ് വളർന്ന ഇന്നത്തെ കാലഘട്ടത്തിൽ, ഗുരുശിഷ്യ ബന്ധത്തിന്റെ പാവനത്വം അംഗീകരിക്കാതെ തനിക്ക ശരിയെന്നു തോന്നുന്ന ഒരുകാര്യത്തിൽ ധീരമായി ഗുരുവെ എതിർക്കുന്നത്‌വരെ അംഗീകരിക്കാവുന്നതാണ്. പക്ഷേ അങ്ങനെയുള്ള ഒരു മാററമല്ല, വല്ലാത്ത ഒരു ശൈഥില്യമാണ് ഇന്ന് അദ്ധ്യാപക വിദ്യാർത്ഥിബന്ധത്തിൽ ഉണ്ടായിട്ടുള്ളത്. ഈ ബന്ധശൈഥില്യം പരിതാപകരമാണെന്നതിൽ സംശയമില്ല.

## രണ്ട് കാരണങ്ങൾ

ഈ വിപര്യയത്തിന് രണ്ടുകാരണങ്ങളാണ് ഞാൻ കാണുന്നത്. ഒന്ന് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം, ജീവിക്കാനുതകുന്ന ഒരു തൊഴിൽ കിട്ടാനുള്ള ലൈസൻസ് നേടിയെടുക്കൽ ഒന്നിലേയ്ക്കു മാത്രം ചുരുങ്ങിനിന്നത്; രണ്ട്: അദ്ധ്യാപകരെ അവഗണിച്ചും മറികടന്നും കാര്യം നേടാൻ കഴിയും എന്ന വിശ്വാസംകുട്ടികൾക്ക ഉണ്ടാകാൻ ഒരു സാഹചര്യം നിലവിൽ വന്നത്. ഈ രണ്ട് കാരണങ്ങളെപ്പററിയും അല്പം വിശദീകരിക്കേണ്ടതുണ്ട്.

പണ്ട് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അറിവുനേടുക എന്നത് മാത്രമായിരുന്നു. ആ അറിവ് ജീവിതത്തിൽ കൂടുതൽ ശോഭിക്കാൻ വ്യക്തിക്ക് സഹായകമായിട്ടുണ്ടാവും. പക്ഷേ തൊഴിൽ നേടുന്നതിനുള്ള ലൈസൻസ് വിദ്യാഭ്യാസത്തിന്റെ ഫലമായി അന്ന് ലഭിച്ചിരുന്നില്ല. ആധുനിക വിദ്യാഭ്യാസം തൊഴിൽ നേടാൻ മാത്രമായി തീർന്നിരിക്കുന്നു. അറിവിനുവേണ്ടിയാണ് ഒരാൾ പഠിക്കുന്നതെങ്കിൽ പ്രാഥമികവിജ്ഞാനം ഒരു വിദ്യാലയത്തിൽനിന്ന് നേടി, പിന്നെയുള്ളതൊക്കെ സ്വയം വായിച്ചോ

പ്രായോഗിക പരിശീലനംവഴിയേ സ്ഥാ കരസ്ഥമാക്കാം. അതിനുള്ള സൌ കര്യങ്ങാം ഇന്നുണ്ട്. തൊഴിലിന്നുള്ള ലൈസൻസിനു വേണ്ടി പഠിക്കുന്നവ രാണ് സ്കൂളുകളിലും കോളേജുകളിലും വന്നുചേരുന്നത്. മുപ്പത്തഞ്ചു ശതമാ നം വാങ്ങി പരീക്ഷയിൽ കടന്നുകൂട കഎന്നതാണ് ഭൂരിഭാഗം വിദ്യാർത്ഥി കളുടെയും ലക്ഷ്യം. 'ഒരു ജോലിക്ക വേണ്ട മിനിമം ക്വാളിഫിക്കേഷൻ നേടുക.' അതാണ് തൊണ്ണൂററഞ്ചു ശതമാനം വിദ്യാർത്ഥികളും ലക്ഷ്യമാ യി ഉയർത്തിപ്പിടിക്കുന്നത്. ഈ മുപ്പ ത്തഞ്ചു ശതമാനം വാങ്ങാൻ ക്ലാസ്സുക ളിൽ ശ്രദ്ധിച്ചില്ലെങ്കിലും സാധി ക്കും. ഗൈഡുകൾമാത്രം വായിച്ചാൽ ഈ ലക്ഷ്യം നേടാം. ഗുരുമഖത്ത്നി ന്ന് കൂടുതൽ മനസ്സിലാക്കി പരമാവ ധിവിജ്ഞാനം നേടിക്കളയാം എന്ന് വിചാരിക്കുന്നവർ ചിലരുണ്ടെങ്കിൽ തന്നെ ഭൂരിപക്ഷത്തിന്റെ ഹിത ത്തിനനുസരിച്ച് അവർക്കും തിരി യേണ്ടിവരുന്നു. അങ്ങനെ വിദ്യാർ ത്ഥികളുടെ പഠിത്തകാര്യത്തിൽ അ ദ്ധ്യാപകൻ ഒരു രസം കൊല്ലിയായും അത്രയേറെ ആവശ്യമില്ലാത്ത ഒരു ഘടകമായും തീരുകയാണ്. ക്ലാസ്സി ലൊന്നും ഇരിയ്ക്കാതെ രാവിലെ പത്തു മണിയ്ക്ക് ചെന്ന് ഹാജർകൊടുത്ത് ബാക്കി സമയം ഇഷ്ടംപോലെ ഉപ യോഗിക്കാൻ കിട്ടുകയാണെങ്കിൽ രണ്ടുകൊല്ലത്തെ വിഷയം ഒരു കൊല്ലം കൊണ്ട് പഠിച്ച് പരീക്ഷയിൽ മുപ്പ ത്തഞ്ചു ശതമാനത്തോടെ പാസ്സായി കൊള്ളാം എന്നു പറയുന്നവരും അങ്ങ നെയൊരു സമ്പ്രദായത്തെ ആഹ്ലാദ പുരസ്സരം സ്വീകരിക്കുന്നവരുമാവും ഭൂരിപക്ഷം വിദ്യാർത്ഥികളും എന്നാ ണ് എന്റെ വിശ്വാസം.

അദ്ധ്യാപകനെ അവഗണിച്ചാൽ തനിയ്ക്കൊരു ദോഷം വരാൻ പോക ന്നില്ല; അഥവാ വല്ല ദോഷവും വ ന്നാൽത്തന്നെ അതൊക്കെ തരണം ചെയ്യാൻ വേറെ മാർഗങ്ങളുണ്ട്; എന്ന ബോധമാണ് മിക്കകുട്ടികൾക്കു മുള്ളത്. മന്ത്രിയെക്കൊണ്ട് ഇടപെടു വിച്ച് കാര്യം നേടിക്കളയാം എന്ന് കരുതുന്നവരും ഇന്ന് വിരളമല്ല. അമ്പതു വോട്ട് അടുത്ത തവണ തന്റെ കക്ഷിക്ക നേടിത്തരാൻ കഴിവുള്ളവ നാണ് വിദ്യാർത്ഥിയുടെ അച്ഛനെ ങ്കിൽ, അഥവാ വിദ്യാർത്ഥി ഉൾക്കൊ ള്ളുന്ന സംഘടനയെങ്കിൽ, ഒരു സം ശയവുമില്ലാതെ മന്ത്രി ഇടപെട്ടു എന്നു വരും. ഫൈനൽ പരീക്ഷയിൽ, തന്നെ പഠിപ്പിച്ച അദ്ധ്യാപകരല്ല, മററു ചിലരാണ് ഉത്തരക്കടലാസ്സു കൾ നോക്കുന്നത് എന്ന 'ബോധവും

അദ്ധ്യാപകരെ അവഗണിക്കാൻ വി ദ്യാർത്ഥികളെ ഒരു പരിധിവരെ പ്രേ രിപ്പിക്കുന്നു. പണ്ടൊക്കെ ഒരു സ്കൂളി ലെയോ കോളേജിലെയോ പ്രധാനാ ദ്ധ്യാപകൻ കുട്ടിയുടെ കോൺഡക് ററ് സർട്ടിഫിക്കററിൽ 'ഗുഡ്' എന്ന തിനുപകരം 'സാററിസ്ഫാക്ടറി' എഴുതിയാൽ മതി അവന്റെ ഭാവി അപകടത്തിലാവുമായിരുന്നു. ഇന്ന് അതൊന്നും ഒരു പ്രശ്നമേയല്ല എന്ന മട്ടായിട്ടുണ്ട്. അദ്ധ്യാപക വിദ്യാർ ത്ഥിബന്ധത്തിൽ ഈ സ്ഥിതി വി ശേഷം വലിയമാററം വരുത്തിട്ടുണ്ട്.

## പ്രതിവിധിയെന്ത് ?

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളി ലൊന്നായി തൊഴിൽ ലഭിക്കാനുള്ള ലൈസൻസ് നേടൽ ഇന്ന് അംഗീക രിക്കാതിരിക്കാൻ പററില്ല. പക്ഷേ



മുപ്പത്തഞ്ചു ശതമാനം നേടിയാൽമതി ആ ലൈസൻസ് കിട്ടും എന്ന സമ്പ്ര ദായം ഇല്ലാതാ ാൻ കഴിയും. ആ ശതമാനം അമ്പതോ അറുപതോ ആ ക്കി ഉയർത്താം. അദ്ധ്യാപകന്റെ വിശദീകരണങ്ങളിൽ ശ്രദ്ധിച്ചാൽ മാത്രം ഉത്തരം എഴുതാൻ പാകത്തിലു ള്ള സൂക്ഷ്മങ്ങളായ ചോദ്യങ്ങൾ ചോ ദിക്കുക എന്ന സമ്പ്രദായവും നിർബ ന്ധമാക്കണം. ഗൈഡുകൾ എഴുതു ന്ന സമ്പ്രദായം നിരോധിച്ചാൽ പോ ലും തെററില്ല. റെഗുലർ കോഴ്സ് ഇല്ലാത്ത പരീക്ഷകൾക്ക് ഉപകരി ക്കാൻ പാകത്തിലുള്ള ഗൈഡുകളേ പ്രസിദ്ധീകരിക്കാവൂ എന്ന് നിർബ ന്ധം വെയ്ക്കുകയാണെങ്കിൽ അത് അപ്രായോഗികമോ സാഹസികമോ ആയ പ്രവൃത്തിയാവില്ല. പഠിപ്പിക്കു ന്ന അദ്ധ്യാപകർക്ക് വിദ്യാർത്ഥിക ളുടെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ

സുപ്രധാനമായ പങ്കുള്ള ഒരു പരീക്ഷാ സംവിധാനം അത്യാവശ്യമാണതാ നും.

## അദ്ധ്യാപനം ഒരു സേവനം

മേൽ പറഞ്ഞ സാഹചര്യങ്ങളൊ ക്കെയുണ്ടായാലും അദ്ധ്യാപകർ മാതൃ കാപരമായി പ്രവർത്തിക്കുന്നില്ലെ ങ്കിൽ ഒരു ഫലവുമുണ്ടാവില്ല. വിദ്യാ ർത്ഥികളിൽനിന്ന് ബഹുമാനം പിടി ച്ചുപററത്തക്ക വ്യക്തിത്വവും പാണ്ഡി ത്യവും സ്വഭാവഗുണവും അദ്ധ്യാപ കർക്ക് ഉണ്ടെങ്കിൽ എത്ര പ്രതികൂല മായ സാഹചര്യത്തിലും അദ്ധ്യാപക വിദ്യാർത്ഥി ബന്ധം കണക്കററ് ശിഥിലമാവില്ല. തന്നെ പഠിപ്പിക്കു ന്ന വിഷയത്തിൽ വളരെ ഉയരത്തി ലാണ് അദ്ധ്യാപകൻ നിൽക്കുന്നത് എന്ന ബോധം കുട്ടിയ്ക്കുണ്ടാക്കാൻ എ പ്പോഴും അദ്ധ്യാപകൻ പരിശ്രമി ക്കണം. അദ്ധ്യാപനം ശമ്പളം കി ട്ടാൻമാത്രം ചെയ്യുന്ന ജോലി എന്ന സമീപനം അദ്ധ്യാപകന് ഉണ്ടായി ക്കൂടാ. സമൂഹത്തിന് വിലപിടിച്ച ഒരു സേവനം അർപ്പിക്കുകകൂടിയാണ് താൻ ചെയ്യുന്നതെന്ന് അവകാശപ്പെ ടാൻ പാകത്തിലുള്ളതാവണം അദ്ദേ ഹത്തിന്റെ പ്രവൃത്തി. വിദ്യാർത്ഥി കളെ ശത്രുക്കളായി കണക്കാക്കുന്ന അദ്ധ്യാപകരും, അദ്ധ്യാപകരെ സ്വാതന്ത്ര്യ നിഹന്താക്കളായി കരുതു ന്ന വിദ്യാർത്ഥികളും ആധുനിക സമൂ ഹത്തിൽ ഉണ്ട്. പരസ്പര സഹകര ണത്താൽ വിജയപൂർവ്വം സമാപിപ്പി ക്കേണ്ടുന്ന ഒരു യജ്ഞമാണ് വിദ്യാ ഭ്യാസം എന്ന ധാരണ വിദ്യാർത്ഥി കൾക്കും അദ്ധ്യാപകർക്കും ഉണ്ടാവേ ണ്ടിയിരിക്കുന്നു. കാറിന്റെ ഡിക്കി ൽ കരുതുന്ന പെട്രോൾപോലെ മാത്ര മേ, നല്ല ഒരദ്ധ്യാപകൻ ശിക്ഷാനട പടിയെ കരുതിക്കൂടൂ. ഒരു റിസർവാ യിമാത്രം ശിക്ഷാനടപടി ഉണ്ടായി രിക്കുക, അതാവണം വിദ്യാഭ്യാസ ത്തിലെ സമീപനം. സ്നേഹത്തോ ടെയും പരിഗണനയോടെയും സൌഹൃ ദത്തോടെയും പെരുമാറി വിദ്യാർത്ഥി യെ തന്നിലേയ്ക്കടുപ്പിക്കാൻ കഴിയുന്ന ഒരദ്ധ്യാപകന് അല്പം ആജ്ഞാശക്തി യും വിഷയത്തിൽ അവഗാഹവും ഉ ണ്ടെങ്കിൽ കുട്ടികളുടെ ബഹുമാനവും ആരാധനയും നേടിയെടുക്കുക എന്നു ള്ളത് ഒരു പ്രശ്നമല്ല. മണിക്കൂറുവെച്ചു പണിയെടുക്കുന്ന ഒരു കേവലയന്ത്രമാ കാതെ,സേവനാംശത്തിനുകൂടി സ്ഥാ നം നല്കി അദ്ധ്യാപനം നിർവ്വഹിക്കു മ്പോഴേ ഒരാൾ ഉത്തമാദ്ധ്യാപകനാ വുന്നുള്ളൂ. അങ്ങനെയുള്ള അദ്ധ്യാപ കന് അർഹിക്കുന്ന ബഹുമാനം നൽ കാൻ വിദ്യാർത്ഥികളും തയ്യാറാവേണ്ട തുണ്ട്. അത്തരമൊരു സ്ഥിതിവിശേ ഷത്തിൽ അദ്ധ്യാപക വിദ്യാർത്ഥി ബന്ധം ആശാസ്യമായ ഒരു പരിവ ർത്തനത്തിന് വിധേയമാവും. □



# ഒരു കുറിപ്പ്


കെ. ഇ. എൻ.

മലയാള വിഭാഗം


ഒന്ന്

സംശയിക്കാനുള്ള സ്വാതന്ത്ര്യം അധികാര സ്ഥാപനത്തിന് മുമ്പിൽ സമർപ്പിക്കുന്നവർ സത്യം കണ്ടെത്താനുള്ള ക്ലേശകരമായ ശ്രമത്തിൽ നിന്നും ഒളിച്ചോടുന്ന ഭീരുക്കളാണ്. മനുഷ്യനെന്നത് ചരിത്രത്തിലെ ഏററവും വൃത്തികെട്ട വാക്കുകളിലൊന്നായിത്തീരുന്നത് ഇത്തരം ഭീരുക്കൾ സാംസ്കാരികലോകത്ത് ആധിപത്യം വഹിക്കുകയും ഭൂരിപക്ഷം അതിന്ന് വിനീതമായി കീഴടങ്ങി കൊടുക്കുകയും ചെയ്യുമ്പോഴാണ്. ജീവിതം സ്വാതന്ത്ര്യത്തിൻെറ സാക്ഷാത്കാരമാണെന്ന സത്യം അനുഭവിച്ചറിയുന്നവർക്ക് ആധിപത്യത്തിൻെറ 'തലയാകാനോ' വിധേയത്വത്തിൻെറ 'വാലാകാനോ' കഴിയുകയില്ല. മനുഷ്യൻെറ ആത്മബോധത്തെ കലക്കാൻ രാഷ്ട്രീയവും സാംസ്കാരികവുമായ സർവ്വമാധ്യമങ്ങളെയും കരുണയററ രീതിയിൽ ഉപയോഗിക്കുന്ന ചൂഷകവർഗത്തോട് ചേർന്നുനില്ക്കുന്ന ചിന്തകൻ മനുഷ്യവർഗ്ഗ വികാസത്തിന് എതിർനിൽക്കുന്നവനാണ്. ചൂഷക വർഗ്ഗത്തിന് മേൽക്കൈയുള്ള ഏതൊരു സമൂഹത്തിലെയും വിദ്യാലയങ്ങൾ അതുകൊണ്ടുതന്നെ കീഴടങ്ങലിൻെറ തത്വശാസ്ത്രത്തിൽ തലമുറകളെ തളച്ചിടുന്ന രാഷ്ട്രീയ-സാംസ്കാരിക സ്ഥാപനങ്ങളാവുന്നു. തണുത്തുറഞ്ഞ ക്ലാസ് മുറികളും കലുഷമായ കലാലയാന്തരീക്ഷവും അപചയപ്പെട്ടുപോയ ഒരു സാംസ്കാരിക സ്ഥാപനത്തിൻെറ അടയാളമായിത്തീർന്നിരിക്കുന്നു. സ്വാതന്ത്ര്യ ചിന്തയുടെ വികാസത്തെ തടയുന്ന കലാലയങ്ങൾ സർഗാത്മകതയുടെ മനോഹരമായ ശവക്കല്ലറകളായി നിലനിന്ന് ഉപരിവർഗത്തിന് ഹാരമേകുന്നു. മരിച്ച ചിന്തകൾക്ക് അഭയമേകുന്ന സുരക്ഷിതത്വ സ്ഥാപനമായി മാറിയ കലാലയങ്ങൾ ഇന്ന് നിരവധി 'മിഥ്യകൾ' ഉൽപ്പാദിപ്പിക്കുന്ന 'വാണിജ്യ സ്ഥാപനം' കൂടിയാണ്. വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിൽ മാത്രം ജീവിതത്തിൻെറ പൂർത്തിയെ കാണുന്ന സമൂഹത്തിൽ 'സ്കൂൾ' കമ്പോളത്തിൻെറ ധർമ്മനീതിയും കർമനീതിയും കൂടിച്ചേരുന്ന 'ഒരു പകുതി' ചന്തയാകുന്നു. അതിനെ 'ഒരു മുഴുവൻ' വിദ്യാലയം മാത്രമാക്കി മാററുകയാണ് അധ്യാപകരടക്കമുള്ള സകലരുടെയും ഉത്തരവാദിത്തം. ഒരു ചന്തപ്പറമ്പും സ്വമേധയാ 'ചിന്താകേന്ദ്രമായി' മാറുകയില്ല. അപ്പോൾ അധ്യാപകരടക്കമുള്ളവരുടെ 'ദൗത്യം' സങ്കീർണ്ണമാവുകയും അതിനൊരു 'രാഷ്ട്രീയമാനം' കൈവരിക്കുകയും ചെയ്യുന്നു;

രണ്ട്

അധ്യാപകനടക്കം ആരും ആരാധിക്കപ്പെടേണ്ട വിഗ്രഹങ്ങളല്ല. കല്ല് വെട്ടുകാരനെപ്പോലെ കവിയെപ്പോലെ അധ്യാപകനും തനിക്ക് ലഭിച്ച സന്ദർഭത്തിനകത്തു നിന്നുകൊണ്ട് 'സ്വന്തം രീതിയിൽ' ഇടപെടുന്നവനാണ്. അറിവിൻെറയും അനുഭൂതിയുടെയും ലോകത്തിൽ അദ്ധ്വാനിക്കുന്ന ഒരു സാധാരണ തൊഴിലാളി – അതിലപ്പുറം 'സാധാരണഗതിയിൽ' അയാൾ ആരുമല്ല, അധ്യാപകനു ചുററും പരിമിതമായ ഒരു 'പരിവേഷം' പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതിന്നുകാരണം ശരീരികാദ്ധ്വാനവുംമാനസികാദ്ധ്വാനവും തമ്മിലിന്നുള്ള വൈരുദ്ധ്യം മാത്രമാണ്. വള്ളുവള്ളുകളോരോന്നും വലിച്ചെറിഞ്ഞ് സ്വന്തം നഗ്നതയെ അതിൻെറ 'തനിമ'യിൽ അഭിമുഖീകരിക്കാനും തിരിച്ചറിയാനുമുള്ള കരുത്തിൻെറ ചുരുക്കപ്പേരാണ് 'ആത്മബോധം.' സങ്കുചിത കാഴ്ചപ്പാടുകളുടെ തടവറയിൽ കിടന്ന് ശ്വാസം മുട്ടുന്ന കാഴ്ചകളെ സ്വാതന്ത്ര്യമാക്കാനുള്ള 'സമര'മായി ഒരാളുടെ വാക്കുകൾ വളരുന്നത് അയാൾ ആത്മബോധമുള്ളവനാകുമ്പോൾ മാത്രമാണ്. അറിവ് ഒരായുധമാണെന്നും സകല പാഠങ്ങൾക്കുമടിയിൽ ജ്വലിക്കുന്ന മനുഷ്യരുണ്ടെന്നും സ്വയം സ്പർശിച്ചറിയാത്ത ആരും 'തിരിച്ചറിവുള്ള' തൊഴിലാളികളല്ല. മാനവിക മൂല്യങ്ങളുടെ നിലനില്പിന്ന് മനുഷ്യൻെറ ചോരവേണമെന്ന ഒരത്യാസന്ന നില വന്നാൽ തലച്ചുററി വീണുപോകാത്ത ഒരു 'ശരാശരി' മനുഷ്യനെങ്കിലുമാകാൻ മറേറതൊരു തൊഴിലാളിയേയും പോലെ 'അധ്യാപകനും' കഴിയണം. മാനവികമൂല്യങ്ങളുടെ ലോകത്തിന് 'സ്വന്തമായ' സംഭാവനകൾ നൽകണമെങ്കിൽ ഇന്നയാൾ 'ചരിത്ര ബോധ'ത്തിൻെറ സായുധനായ കാവൽക്കാരനായി മാറാതെ വയ്യ. □

# അദ്ധ്യാപനം ചില നുറുങ്ങ് ചിന്തകൾ


വി. സി. ഹാരിസ്


അറുപതാം വയസ്സിൽ: നീണ്ട മുപ്പത്തിയൊമ്പതു വർഷത്തെ അധ്യാപക ജീവിതത്തിനുശേഷം സർവ്വീസിൽ നിന്നു വിരമിക്കുമ്പോൾ അയ്യപ്പപ്പണിക്കർ പറയുന്നു:

'പഠിപ്പിക്കുന്നതിലുള്ള കൊതി ഇനിയും തീർന്നിട്ടില്ല.'

അധ്യാപനം—പ്രഗത്ഭനായ ഒരാൾ നാല്പതോളം വർഷം ചെയ്തിട്ടും കൊതി തീരാത്ത ഒരു പ്രവൃത്തി.

ചോദ്യങ്ങളും സംശയങ്ങളും ഈയാംപാററകളെപോലെ പൊട്ടി മുളച്ചുയർന്നുവരാൻ പാകത്തിൽ നനച്ചിലുള്ള മണ്ണാണ് ഈ നിർവ്വചനം.

പ്രത്യേകിച്ച്—

'അധ്യാപനം'എന്നവാക്കിൻെറ ഒരു ഗൂഢാർത്ഥപദമായി (ANAGRAM) നമുക്ക് ലഭിക്കുന്ന 'അപധ്യാനം' വിദ്യാലയാന്തരീക്ഷത്തിൽ മുഴച്ച് നില്ക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ.

ധ്യാനം: നിരന്തരമായിനടന്നുകൊണ്ടിരിക്കുന്ന ധാരണ. ഇടവിടാതെ ഒരേ സംഗതിയേപ്പററി വിചാരിക്കൽ. അഷ്ടാംഗയോഗങ്ങളിൽ ഒന്ന്. ചിന്തനം; ഏകാഗ്രത.

ഇതിൻെറയൊക്കെ നിഷേധം—അപധ്യാനം

അധ്യാപനത്തിൽനിന്ന് അപധ്യാനത്തിലേക്കുള്ള ഹ്രസ്വ ദൂരം സഞ്ചരിച്ചു കഴിഞ്ഞ നമുക്ക് അയ്യപ്പപ്പണിക്കർ ഒരത്ഭുതമാണ്.

പക്ഷെ—



ഭൂതരുടെ നക്ഷത്ര പുഞ്ചിരികളിലൂടെ
നിഞ്ഞിറങ്ങുന്ന പ്രകാശകണികകൾ
റ്റിൻെറ വിലാപങ്ങളിൽ നിന്നുയരുന്ന
ർത്തിക പ്രഹേളികകളുടെ
ഠൂർമാനങ്ങളിൽ തട്ടിയുടയുമ്പോൾ
ധ്യയനത്തിൻെറ
ധ്യാപനത്തിൻെറ
ം വക്കുകളിൽ
ാര പൊടിയുന്നത് നാം കാണുന്നു
പ്പോൾ—
ക്ഷരത്തിൻെറ അക്ഷവൃത്തങ്ങൾക്കുള്ളിൽ
ക്ഷമാലയണിഞ്ഞു നിൽക്കും അരുന്ധതി
ക്ഷലീലയിൽ അപമാനിതയാകുന്നു.
ഗോർ, ഇല്ല്യിച്ച്, പൗലോഫ്രയർ:
ങ്ങളുടെ വാക്കുകളിൽ നാം കാണുന്നത്
സ്ത്രാക്ഷേപത്തിന്നിരയായവളുടെ
ണ്ണിലെ ദൈന്യതയാണ്
നഞ്ചിലെ ചാരമാണ്

ഷക്കോളേജ്ജു സ്തുതി.
ഷക്കോളേ:
ന്നയൽപക്കത്തരവയർ നിറയാപ്പെണ്ണിനു
പരുവയർ നൽകും മർത്ത്യനു
സ്തുതി പാടുക നാം."

അതെ. ബോധത്തിൻെറ ചതുർമ ണ്ഡലങ്ങളിൽ നിന്ന് അധ്യയന-അധ്യാപന സംബന്ധിയായ വിചാരങ്ങളെ നിഷ്കാസനം ചെയ്തുകൊണ്ടു യന്ത്രയുഗത്തിലെ മനുഷ്യനു ചേർന്ന വണ്ണം 'പാഠങ്ങൾ' ഉരുവിടുകയും നൂററിയൊന്നാവർത്തിക്കുകയും ചെയ്തു പോരുന്ന, മണ്ണിലും വിണ്ണിലും, കാററിലും ജലത്തിലും തീയിലും വായുവിലും അന്തർലീനമായിരിക്കുന്ന പ്രാക്ചൈതന്യത്തെ കുഴിവെട്ടിമൂടുന്ന, കണ്ണിലെ തിളക്കവും കാതിലെ മുഴക്കവും നെഞ്ചിലെ തീപ്പൊരിയും കരളിലെ ഘനശ്യാമ വണ്ണവും ഭ്രാന്തൻ കവികളുടെ ജല്പനങ്ങളായി മാത്രം കാണുന്ന വിദ്യാഭ്യാസ സംസ്കാര ഘടനകളുടെ കൻമതിലുകൾക്കകത്തു നിന്നുകൊണ്ട് നമുക്ക് സ്തുതി പാടുക.

പാട്ടിൻെറ മേളക്കൊഴുപ്പിൽ അപധ്യാനത്തിൻെറ നാളുകൾക്ക് അറുതി വരുത്തേണ്ടത് നമുക്ക് മറക്കാം.

അയ്യപ്പപ്പണിക്കരുടെ ശിഷ്യനായ എ ന റി ക്ക * പഠിപ്പിക്കുന്നതിലുള്ള കൊതി ആരംഭിച്ചിട്ടേയുള്ളു. □

# അദ്ധ്യാപനവും ധാർമികതയും

പ്രൊഫ. പി. പി. ഷാഹുൽ ഹമീദ്.

ആമുഖം.

'അധ്യാപനവും ധാർമ്മികതയും' എന്ന തലക്കെട്ടിന് ചുവടെ താഴെപ്പറയുന്ന രണ്ടു കാര്യങ്ങൾ പരിഗണിക്കാമെന്ന് തോന്നുന്നു: (1) വിദ്യാഭ്യാസക്രമത്തിൽ ധാർമ്മികതയ്ക്കുള്ള സ്ഥാനം (2) അധ്യാപകരുടെ ധർമ്മബോധവും അതു വിദ്യാർത്ഥികളിൽ ചെലുത്തുന്ന സ്വാധീനവും.

ആദ്യമായി ധാർമ്മികത എന്തെന്ന് പരിശോധിക്കുക: വ്യത്യസ്ത ഫലങ്ങളിലേക്കു നയിക്കുന്ന വ്യത്യസ്ത പ്രവർത്തനരീതികളുണ്ടായിരിക്കുകയും, അവയ്ക്കിടയിൽ ഒരു തെരഞ്ഞെടുപ്പു നടത്താൻ നമുക്കു സ്വാതന്ത്ര്യമുണ്ടാവുകയും ചെയ്യുമ്പോൾ, നമ്മുടെ മേൽ ഒരു ഉത്തരവാദിത്തം വന്നു ചേരുന്നു. അതനുസരിച്ച് നാമെടുക്കുന്ന തീരുമാനത്തിന്റെ ഫലം നല്ലതായിരിക്കണമെന്ന് സ്വാഭാവികമായും നാം ആഗ്രഹിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ ദീർഘകാലം നിലനിൽക്കുന്ന സൽഫലങ്ങളുളവാക്കുന്ന തീരുമാനങ്ങളെടുക്കാനും അവയിലേക്കു നയിക്കുന്ന പ്രവർത്തന മാർഗ്ഗങ്ങൾ തെരഞ്ഞെടുക്കാനും നമ്മെ സഹായിക്കുന്ന തത്വങ്ങളും സിദ്ധാന്തങ്ങളുമാണ് ധാർമ്മികതയുടെ കാതൽ.

ധാർമ്മികത, 'ധർമ്മം' എന്ന പദത്തിൽ നിന്നും ഉണ്ടായതാണ്. ധർമ്മത്തിന് പുണ്യം, സുകൃതം, ചെയ്യേണ്ടുന്ന കടമ എന്നൊക്കെയാണ് നിഘണ്ടു നൽകുന്ന അർത്ഥം, ഈ അർത്ഥകല്പനയിൽ ധാർമ്മികത മതവുമായി ബന്ധപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ, മതവുമായി ബന്ധമില്ലാത്ത ഒരു ധാർമ്മികതയെപ്പറ്റി സങ്കൽപ്പിക്കാൻ തന്നെ നമുക്കു കഴിയില്ല.

എവിടെയാണ് ധർമ്മത്തിന്റെ തുടക്കം? ഭൂമിയിൽ മനുഷ്യനെന്നുണ്ടായോ അന്നു ധർമ്മവും ഉണ്ടായി എന്ന് പറയാവുന്നതാണ്. അതായത്, ധർമ്മവും അധർമ്മവും തമ്മിലുള്ള സംഘർഷത്തിന് മനുഷ്യവർഗ്ഗത്തോളം പഴക്കമുണ്ട്, ഈ സംഘർഷത്തിന്റെ മറ്റൊരു വശമാണ് ശരീരവും ആത്മാവുമായുള്ള വൈരുദ്ധ്യാത്മകബന്ധം. യാഥാർത്ഥ്യം (Reality) കേവലം പാദാത്ഥികമാണെന്ന് വാദിക്കുന്നവർ ചുരുങ്ങിയ പക്ഷം മനുഷ്യാസ്തിത്വത്തിലടങ്ങിയ ശരീരത്തിന്റെയും ആത്മാവിന്റെയും ഈ വൈരുദ്ധ്യാത്മകതയെങ്കിലും കാണാൻ കഴിയാത്തവരാണ്. മനുഷ്യന് അപ്പം കൊണ്ടുമാത്രം ജീവിക്കുക സാധ്യമല്ല. പുഴയോരത്തും മലഞ്ചെരിവിലും ഓടിനടന്ന കവി * അനുഭവിച്ചറിഞ്ഞ ആ 'സാന്നിദ്ധ്യം' (Prsence) ഒരു ഭൗതിക പദാർത്ഥത്തിന്റേതല്ല. ആ ചൈതന്യത്തെ കവി കണ്ടത് അദ്ദേഹത്തിന്റെ ആത്മാവിന്റെ കണ്ണുകൾ കൊണ്ടാണ്. യാഥാർത്ഥ്യം കാണാൻ പുറംകണ്ണുകൾ മാത്രം പോരാ എന്നർത്ഥം.

ജീവിതത്തെ വെറും ഉപജീവനമായി ചുരുക്കുന്നവർക്ക് ഏറ്റവും വലിയ സത്യം ആമാശയമാണ്. കലയും സാഹിത്യവും ധർമ്മവും നീതിയുമെല്ലാം അവർ അളക്കുന്നത് 'കാലറി മീറ്റർ' ഉപയോഗിച്ചിട്ടാണ്. അത്ഭുതപ്പെടേണ്ട, ഏതുതരം 'അദ്ധ്വാന'ത്തിനും ഊർജ്ജം വേണമല്ലോ!

മൃഗങ്ങൾക്ക് ആത്മാവില്ല. അതിനാൽ അവയ്ക്ക് സ്വപ്നങ്ങളില്ല; ആത്മാവിന്റെ അനുഭൂതികളും നൊമ്പരങ്ങളുമില്ല. കവിതയും ദർശനവും യോഗാത്മകതയും ആത്മാവുള്ള മനുഷ്യരുടേതു മാത്രമാണ്.

ചുറ്റുപാടിന്റെ ജീർണ്ണതകളിൽ അസംതൃപ്തി രേഖപ്പെടുത്താനും പ്രതികൂല സാഹചര്യങ്ങളിൽപ്പോലും ഒരു 'നല്ല നാളെ'യെ സ്വപ്നം കാണാനും മനുഷ്യന് കഴിയുന്നു എന്നല്ല, അങ്ങനെയൊരു സ്വപ്നമില്ലാത്തവൻ മനുഷ്യനല്ല. ഇന്നലെകളുടെ നഷ്ടക്കൂമ്പാരങ്ങളിൽനിന്നും സുന്ദരമായ ഒരു നാളെയെ കെട്ടിപ്പടുക്കാൻ ഇന്നിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നവനാണ് മനുഷ്യൻ. ഈ സവിശേഷത മനുഷ്യന് അവന്റേതായ അനന്യത നൽകുന്നു; അവനെ ഉദാത്തനാക്കുന്നു.

## ധാർമ്മികതയും അദ്ധ്യാപകരും

കേവല ഭൗതിക താൽപ്പര്യങ്ങൾ

* വില്യം വേർഡ്സ്‌വർത്ത്: 'Tintern Abbey Lines' കാണുക.

ലാഭക്കൊതിയന്മാർക്ക് ഭൂരിപക്ഷമുള്ള ഇന്നത്തെ സമ്പന്ന സമൂഹത്തിൽ പരസ്യങ്ങൾ മനുഷ്യചിന്തയെ അടിമപ്പെടുത്തിക്കൊണ്ട് അരങ്ങ് തകർക്കുകയാണ്. പുരുഷന്മാരുടെ ഷർട്ടിന് അർദ്ധനഗ്ന നാരിയുടെ ചിത്രം അവയിലൊന്ന് മാത്രമാണ്. ഇത്തരം പരസ്യങ്ങൾ മുതലാളിത്ത സമൂഹത്തിന്റെ അനിഷേധ്യമായ നിലനില്പിന്നായി അതിന്റെ പ്രണേതാക്കൾ ആവിഷ്കരിച്ച നടപ്പിലാക്കുന്ന കൗശല വിദ്യകളിൽ ചിലതായേ നമുക്ക് കണക്കാക്കാൻ സാധിക്കൂ. സമൂഹത്തിൽ ഉന്നതരെ പ്രത്യക്ഷമായും പാവപ്പെട്ടവരെ പരോക്ഷമായും ചൂഷണം ചെയ്യുന്നതിൽ പരസ്യദാതാക്കൾ മത്സരിക്കുന്നു. ഇന്ത്യയെപ്പോലെ ഭൂരിപക്ഷവും നിരക്ഷരരായ വികസ്വര രാഷ്ട്രങ്ങളിൽ ബഹുരാഷ്ട്ര കുത്തകകൾ തങ്ങളുടെ വസ്തുക്കൾ വിററഴിക്കുന്നതിന് വിപണികൾ കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്. വികസിത രാഷ്ട്രങ്ങളിലെ ചവറുകൾ ഇവിടെ വിററഴിക്കുന്നതിലൂടെ അവർ ലാഭം കൊയ്യുന്നു. ഇങ്ങിനെ സ്വന്തം ആലോചനാശക്തിയെ പണയപ്പെടുത്തുന്ന വാണിജ്യസംസ്കാരം ഉന്നത സാംസ്കാരിക മൂല്യങ്ങൾ സ്വപ്നം കാണുന്ന ഒരു ജനതയുടെ മുമ്പിലെ കനത്ത വെല്ലുവിളിതന്നെയാണ്. ഇന്ന് മനുഷ്യസമൂഹം പവിത്രമായി കരുതുന്ന മൂല്യങ്ങൾ പോലും കച്ചവടക്കണ്ണോടെയാണ് വീക്ഷിക്കപ്പെടുന്നത്. അതുകൊണ്ടു തന്നെയാണ് ശാസ്ത്ര സാങ്കേതിക രംഗങ്ങളിലുള്ള പുരോഗതിക്ക് അനുസരിച്ച് സമൂഹത്തിൽ മൂല്യച്യുതി ഉണ്ടാകുന്നതും.

എന്ത് വാങ്ങണം? എവിടെനിന്ന് വാങ്ങണം? എന്ന് തീരുമാനിക്കാൻ കഴിയാത്തവിധം പരസ്യങ്ങൾ നമ്മെ അടക്കിവാണുകൊണ്ടിരിക്കുന്നു. വേണ്ടത്ര പബ്ലിസിററിയില്ലാത്ത ഗുണമേന്മയുള്ള വസ്തുക്കൾ പൊതുവെ അവഗണിക്കപ്പെടുന്നു. ഏററവും അപകടകരമായ പ്രവണതയാണ് ഔഷധരംഗത്തുള്ള പരസ്യങ്ങൾമൂലമുണ്ടാകുന്നത്. പാശ്ചാത്യ രാജ്യങ്ങളിൽ നിരോധിക്കപ്പെട്ട മരുന്നുകൾ ഇന്ത്യയിൽ യഥേഷ്ടം വിററഴിക്കുന്ന കമ്പനിക്കാർക്ക് കൂട്ടുനിൽക്കുന്നത് ഇവിടത്തെ ഡോക്ടർമാരിൽ ഒരു വിഭാഗം തന്നെയാണ്. മനുഷ്യാരോഗ്യം നശിപ്പിക്കുന്ന പ്രധാനപ്പെട്ട ഘടകങ്ങളിൽ ഒന്നാണ് ഇത്തരം ഔഷധങ്ങൾ. മെലിഞ്ഞവർക്ക് തടിയും തൂക്കവും നൽകുന്നതിന് കമ്പോളത്തിലിറങ്ങിയിട്ടുള്ള മരുന്നുകൾ ചില്ലറയല്ല. അവ കഴിച്ച് ആരോഗ്യം നശിച്ചവർ കുറവല്ല. കൊച്ചുമോന് വീണ്ടും ഓട്ടത്തിൽ സമ്മാനം കിട്ടിയതുപോലെ തങ്ങളുടെ കുട്ടികൾക്കുമത് കിട്ടണമെന്നാഗ്രഹിച്ച് മരുന്ന് വാങ്ങിക്കൊടുത്ത് ഇളിഭ്യരായ രക്ഷിതാക്കളുമുണ്ട്.


മററൊരു കൂട്ടർക്ക് മദ്യമാണുള്ളത്. തിന്മകളുടെയൊക്കെ മൂലകാരണമായ മദ്യപാനത്തിനായി ജനതയെ പ്രേരിപ്പിക്കുന്ന ഗംഭീരപരസ്യങ്ങൾ അതിനെ ഉൽക്കർഷത്തിന്റെ ലക്ഷണമായി കരുതുന്ന ഒരു തലമുറയെ വാർത്തെടുക്കുന്നു. ഉഗ്രൻസ്റ്റൈലിൽ പ്രശസ്തരായ താരങ്ങൾതന്നെ മോഡലായി നിന്നാൽ അനുകരണഭ്രമം തലക്ക് കയറിയ യുവാക്കളുണ്ടോ അടങ്ങുന്നു? സാഹിത്യ കലാരംഗത്ത് പ്രവർത്തിക്കുന്നവർ 'കള്ള്കുടി'ക്ക് മാന്യത നേടിക്കൊടുക്കുന്നതിൽ പണ്ടുകാലം മുതലേ പിന്നിലല്ലല്ലോ. മദ്യംപോലെ മാനസികവും ശാരീരികവുമായ ആരോഗ്യത്തിന് ഹാനി വരുത്തുന്ന വസ്തുക്കൾ നിരോധിക്കാൻ കഴിയില്ലെങ്കിൽ അതിനെ പ്രോൽസാഹിപ്പിക്കാതിരിക്കാനെങ്കിലും നാം നടപടി കൈക്കൊള്ളേണ്ടിയിരിക്കുന്നു. പക്ഷെ, എന്തുചെയ്യും? മദ്യംപോലെ തന്നെ ഇത്തരം പരസ്യങ്ങളും റവന്യൂ വരുമാനത്തെ ബാധിക്കുന്നതാണല്ലോ–!?

വാർത്താ മാധ്യമങ്ങളുടെ പ്രധാന ധർമ്മം ലോകത്ത് നടക്കുന്ന സംഭവവികാസങ്ങളെ പൊതുജനങ്ങളെ അറിയിക്കുകയും അതിന്മേൽ തങ്ങളുടേതായ അഭിപ്രായങ്ങൾ അറിയിക്കുകയുമാണ്. രാഷ്ട്രത്തിന്റെ ആരോഗ്യകരമായ വളർച്ചക്കുവേണ്ടി തങ്ങ
ളാൽ കഴിയുന്ന സേവനങ്ങളർപ്പിക്കേ
ണ്ട പത്രങ്ങളുംമററും നിലനിൽപ്പി
ന്നായി അത്യാവശ്യം പരസ്യങ്ങ
സ്വീകരിക്കേണ്ടിയിരിക്കുന്നു.
ന്നാൽ ഇന്നത്തെ പൈങ്കിളി വാരി
കൾമുതൽ സാഹിത്യമൂല്യമുള്ളതെന്ന്
പറയുന്നപ്രസിദ്ധീകരണങ്ങൾവരെ
മുക്കാൽപങ്കും പരസ്യങ്ങൾക്കായി
നീക്കിവെക്കുന്നു. അവയിൽ നല്ലതു
ചീത്തയുമുണ്ടാകും. നിയമലംഘ
നം സൃഷ്ടിക്കുന്ന പരസ്യങ്ങൾ ജ
സമക്ഷം അവതരിപ്പിക്കുന്നതിൽ
സർക്കാർ വിലാസത്തിലുള്ള മാധ്യ
ങ്ങൾപോലും മത്സരിക്കുന്നു. സർക്കാ
ഓഫീസിലെ സർവ്വസാധാരണമാ
തിരക്കിനിടയിലും ക്രൈം നോവലു
ഫീച്ചറും വായിച്ചിരിക്കുന്ന ഉദ്യോ
സ്ഥസമൂഹം ആകാശവാണി ശ്രോത
ക്കൾക്ക് സുപരിചിതമായിരിക്കും.
അതുകൊണ്ടുതന്നെയാവാം കൃത്യനി
ഹണ സമയത്തു് സീരിയലുകളു
ക്രിക്കററും കണ്ടിരിക്കുന്ന ഉദ്യോ
സ്ഥന്മാരുടെ എണ്ണവും കൂടിവരു
ന്നതു്.

ഇന്നത്തെ മാധ്യമങ്ങളിൽ കാണു
അധിക പരസ്യങ്ങളും സ്ത്രീ സൗ
ര്യത്തെ ചൂഷണം ചെയ്യുന്നതായി
ക്കും. തങ്ങളുടെ ഉൽപ്പന്നങ്ങൾ കമ്പോ
ളത്തിലിറക്കാൻ നഗ്ന സ്ത്രീയെ പ്ര
ശിപ്പിക്കുന്നത്, എന്ത് തന്നെയായ
ലും അഭിമാനബോധമുള്ള സ്ത്രീ സമൂ
ത്തിന് നേരെയുള്ള ഒരു വെല്ലുവിളി

അബ്ദുൾ ഹമീദ് എ. III B. A.

# അടിമത്വം പരസ്യങ്ങളിലൂടെ




ത്തിന് നേരെയുള്ള ഒരു വെല്ലുവിളി തന്നെയാണ്. സ്ത്രീകളെ അടിമകളാക്കി വെക്കുന്നുവെന്നാരോപിച്ച് മതങ്ങളെ പ്രതിക്കൂട്ടിൽ കയററുന്ന പുരോഗമന വാദികൾക്കും സ്ത്രീവിമോചനക്കാർക്കും ഇക്കാര്യത്തിൽ പരിഭവമില്ല. സ്ത്രീക്കഭിമാനബോധവും പൂർണ്ണ സംരക്ഷണവും നൽകുന്ന വസ്ത്രധാരണ രീതി അടിമത്തത്തിന്റെ ചിഹ്നമായും അർദ്ധ നഗ്ന വേഷത്തെ സ്വാതന്ത്ര്യമായും കാണുന്നവർ ആട്ടം കാണുന്നത് കഥയറിയാതെയാണ്. സ്ത്രീ സൗന്ദര്യം പരസ്യദാതാക്കൾ ഉപയോഗിച്ചപ്പോൾ അത് ബാലൻസ് ചെയ്യുന്നതിനായി പുരുഷനഗ്നതകൂടി ഉപയോഗിക്കണമെന്ന് മുറവിളി കൂട്ടിയ വിമോചന വാദികളമില്ലാതെയില്ല. ഒരു തെററ് തിരുത്തുന്നതിന് പകരം മറെറാരു പാതകം കൂടി സൃഷ്ടിച്ചാൽ സ്ത്രീ പുരുഷ സമത്വം സാധ്യമാകും എന്നു വിശ്വസിക്കുന്നത് ബുദ്ധിയല്ല. എന്നാൽ മത വിശ്വാസികളെന്നവകാശപ്പെടുന്ന സമ്പന്നർപോലും ഇതിനടിമപ്പെടുന്നു എന്നത് ഖേദകരമാണ്.


ഇവക്ക് പുറമെയാണ് ചലച്ചിത്രങ്ങളുടെ ദുരുപയോഗം. ഭൗതികതയുടെ കേന്ദ്രമായിരുന്ന അമേരിക്കയിൽ നൂററാണ്ടിന്റെ ആദ്യകാലത്ത് കേവലം ചുംബനത്തിന്റെ പേരിൽ ഒരു സിനിമ സെൻസർ ചെയ്തിരുന്നെങ്കിൽ ഇന്ന് നമ്മുടെ ആർഷ ഭാരതത്തിൽ പോലും കിടപ്പറ രംഗങ്ങൾ ചിത്രീകരിക്കുന്നു. അശ്ലീല ചലച്ചിത്രങ്ങൾക്കെതിരെ കഠിനപദങ്ങൾ കൊണ്ടാക്ഷേപ ശരങ്ങളെയ്യുകയും അതേ പേജിൽ തന്നെ അത്തരം പോസ്റ്ററുകളുടെ പരസ്യങ്ങൾ കൊടുക്കുകയും ചെയ്യുന്ന ദേശീയ പത്രങ്ങൾ മലയാളികൾക്ക് അപരിചിതമായിരിക്കില്ല. പണത്തിന് മുമ്പിൽ പിണവും വായ് പിളർക്കും!

ഇന്ത്യയെപോലെ ആത്മീയ മൂല്യങ്ങൾക്ക് അതിയായ പ്രാധാന്യം നല്കുന്ന ഒരു രാജ്യത്ത് മനുഷ്യ സംസ്കാരത്തെയും മൂല്യങ്ങളെയും നശിപ്പിക്കുന്ന പരസ്യ സമ്പ്രദായത്തിൽ നിന്നും ഒരു മാററം അനിവാര്യമാണ്. വസ്തുനിഷ്ഠമായ അറിയിപ്പുകൾ പരസ്യങ്ങളായി രൂപപ്പെട്ടാലെ ഉപഭോക്താക്കൾക്ക് തങ്ങളുടെ ആവശ്യങ്ങൾ നിവൃത്തിക്കാൻ സാധ്യമാവുകയുള്ളു. തികച്ചും സത്യസന്ധവും അതിശയോക്തിയില്ലാത്തതുമായ വിവരങ്ങൾ ഉൽപ്പന്നങ്ങളെ കുറിച്ചുണ്ടാകേണ്ടിയിരിക്കുന്നു. ധാർമ്മികമൂല്യങ്ങൾ സമൂഹത്തിൽനിന്ന് പിഴുതെറിയുന്ന പരസ്യങ്ങൾ നിരോധിക്കേണ്ടിയിരിക്കുന്നു. ഈ മേഖലയിലുള്ള എല്ലാ വിധചൂഷണവും നിർമ്മാർജ്ജനം ചെയ്യാൻസർക്കാരും പൊതുജനങ്ങളും ഒരുമിച്ച് പ്രവർത്തിക്കുക. ഇങ്ങിനെ ചെയ്താൽ ഉപഭോക്താക്കൾ തങ്ങളുടെ അവകാശത്തെ കുറിച്ച് ബോധവാൻമാരാവുകയും തങ്ങളുടെ ചിന്താസ്വാതന്ത്ര്യത്തെ കുത്തകകളിൽ നിന്ന് മോചിപ്പിക്കുകയും ചെയ്യും. അങ്ങിനെയായാൽ രാജ്യത്തിന്റെയും ജനതയുടേയും ഭാവിക്കത് ഗുണം ചെയ്യും. അതിനായിരിക്കട്ടെ നമ്മുടെ ശ്രമം.

# അകത്തളം

'അകത്തളം' നമ്മുടെ കോളേജിൻെറ ഒരു പോസ്ററ്മോർട്ടം റിപ്പോർട്ടല്ല എന്ന് ആദ്യമേ സൂചിപ്പിക്കട്ടെ.

ഫാറൂഖ്കോളേജ് എന്ന സ്വപ്നത്തിൻെറ സാക്ഷാൽക്കാരം അഭിമാനാർഹമായ പല നേട്ടങ്ങളും സമൂഹത്തിൽ സൃഷ്ടിച്ചിട്ടുണ്ട് എന്ന് നമുക്കറിയാം.



അതിൻെറ നിദർശനങ്ങൾ ഇവിടെ കാണുകയും ചെയ്യുന്നു. വളർച്ചയുടെ പടവുകളിൽ വന്ന പിഴവുകൾ മനസ്സിലാക്കാനും തിരുത്താനും സ്ഥാപനത്തിൻെറ ശിൽപികൾ മനസ്സുവെച്ചിരുന്നു. ഈയൊരു മനസ്സിൻെറ വിശാലത നഷ്ടപ്പെടുമ്പോൾ തെററുകളിൽ നിന്നും കൂടുതൽ വലിയ തെററുകളിലേക്ക് നാം വഴുതിവീഴുന്നു. ഇത് സംഭവിച്ച് കൂടാ. സ്ഥാപനത്തിൻെറ ആഹ്ളാദകരമായ മുന്നേററത്തിൽ അഭിമാനിക്കുന്നതോടൊപ്പം നാം കൂടി പങ്കാളികളായ തെററുകൾക്കു മുമ്പിൽ മൗനികളാവുന്നത് അഭിലഷണീയമല്ലല്ലോ. പക്ഷെ അസുഖകരങ്ങളായ സത്യങ്ങൾ നമ്മുടെ ഓർമ്മയിലേക്ക് കൊണ്ടുവന്ന മുൻഗാമികളോടുള്ള നമ്മുടെയൊക്കെ സമീപനം ഖേദകരമായിരുന്നു എന്ന അനുഭവസത്യം ഓർമ്മയിലുണ്ട്. വികാരപരത മാററിവെച്ച് വിചാരതലത്തിൽ നമ്മെത്തന്നെ പരിശോധിക്കാൻ മനസ്സ് നഷ്ടപ്പെടുകയെന്നത് ആത്മഹത്യാപരമാണെന്നറിയുക.

വീഴ്ചകൾ പരിഹരിക്കപ്പെടണം എന്ന ലക്ഷ്യത്തോടെ കാഴ്ചകളിൽ നിന്നും അന്വേഷണത്തിൽ നിന്നും കിട്ടിയ വിവരങ്ങളാണ് അകത്തളത്തിൽ ചേർത്തിരിക്കുന്നത്.

—എഡിററർ

## പരാധീനത പിന്നെയും




ലേഡീസ് ഹോസ്ററലിനു പുതിയൊരു കെട്ടിടം കൂടി വന്നു. വിദ്യാർത്ഥിനികളെ സംബന്ധിച്ചേടത്തോളം ആഹ്ളാദകരമായ വാർത്ത. അനുഭവിച്ച് വന്ന പരാധീനതകൾക്ക് അൽപമെങ്കിലുമൊരാ ശ്വാസമുണ്ടായല്ലോ. ഈ നല്ല ശ്രമത്തിനു പിന്നിൽ അണിനിരന്നവരെയെല്ലാം മനസ്സറിഞ്ഞ് അഭിനന്ദിക്കുന്നു. എങ്കിലും ആവശ്യമായ സൗകര്യങ്ങൾ ഇനിയും ലഭ്യമായിട്ടില്ല. സിമൻറ് കട്ടിലുകളാണ് ഹോസ്ററലിലുള്ളത്. ഇതിൽമേൽ കിടക്കുകയെന്നത് ദുസ്സഹം. എന്തിനാണ് ഇങ്ങനെ ചെയ്തതെന്നറിയില്ല.


വനിതാ ഹോസ്ററലുകളിലെ ഭക്ഷണനിലവാരം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. "ഭക്ഷണത്തിൻെറ നിലവാരം മെച്ചപ്പെടുത്തുമ്പോൾ ഫീസും വർദ്ധിപ്പിക്കേണ്ടിവരും. ഹോസ്ററലിലെ നൂറുകണക്കിനു ദരിദ്രവിദ്യാർത്ഥിനികളെ സംബന്ധിച്ചേടത്തോളം ഇത് താങ്ങാൻ കഴിയാതെ വരും. അത്കൊണ്ട് ഇപ്പോഴത്തെ അവസ്ഥയിൽ ഭേദപ്പെട്ട ഭക്ഷണമൊരുക്കുക പ്രയാസമാണ്. ഇങ്ങനെയാണ് ന്യായീകരണം അതേസമയം., മെൻസ് ഹോസ്ററലുകളിൽ ദരിദ്ര വിദ്യാർത്ഥികളായ പലർക്കും സൗജന്യഭക്ഷണം നിലനിൽക്കെപ്പോലും അവിടങ്ങളിൽ സാമാന്യം ഭേദപ്പെട്ട ഭക്ഷണം തന്നെ ഒരുക്കാൻ കഴിയുന്നുണ്ട്.

## ഇങ്ങിനെയും ഒരു സ്പോർട്ട്സ് ദിനം

ഒരു ദിവസത്തെ കായികദിനത്തിന് നേതൃത്വം കൊടുക്കുക എന്ന ഒരൊററ ചുമതല മാത്രമുള്ള ഒരാളുണ്ട്. യൂനിയനിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ജനറൽ ക്യാപ്ററൻ. മിക്ക കോളേജുകളിലുമെന്ന പോലെ നമ്മുടെ കോളേജിലും ഇതാണവസ്ഥ. പക്ഷെ പോയ വർഷത്തെ ജനറൽ ക്യാപ്ററനു അതിനും ഭാഗ്യമില്ലാതെ പോയി. ഹോസ്ററൽ ദിനാഘോഷം രാത്രിയിൽ വേണ്ടെന്ന് തീരുമാനിച്ചതിൽ പ്രതിഷേധിച്ചു ഹോസ്ററൽ വിദ്യാർത്ഥികൾ കൂട്ടം ചേർന്ന് സ്പോർട്സ് ദിനം മുടക്കുകയുണ്ടായി. ഏതായാലും സ്പോർട്സ് രംഗത്ത് പല സംഭാവനകളും ചെയ്ത കോളേജിൽ കായികദിനാഘോഷം നടക്കാതെ പോയ വർഷമെന്ന ഖ്യാതി ഇക്കുറിയുണ്ടല്ലോ



## കഠിനതരമീയാത്ര




യാത്രാപ്രശ്നം ഇന്നും പരിഹരിക്കപ്പെടാതെ തന്നെ കിടക്കുന്നു. പലരും ശബ്ദമുയർത്തിയതും പ്രശ്നത്തിന്റെ ഗൗരവം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പല തവണ പെടുത്തിയതുമാണ്. നിരവധി ചർച്ചകളും ഇതിനകം നടന്നു കഴിഞ്ഞു. പക്ഷെ ചങ്കരനിപ്പോഴും തെങ്ങിൽ തന്നെ കിടപ്പാണ്. നിറുത്താതെ പോകുന്ന ബസിനു പിന്നിൽ വ്യഥാ ഓടിപ്പഠിക്കാനും ദിവസത്തിൽ നല്ലൊരു ഭാഗം ബസ്സ്റ്റാൻറിൽ കഴിയാനും തന്നെയാണ് വിദ്യാർത്ഥികളുടെ വിധി. ഇരുട്ടിയാലും ബസ് കിട്ടാതെ വിദ്യാർത്ഥിനികളും വലയുന്നു. ഇലക്ഷനു മുമ്പായി കുറെ 'ജഗപൊക'യുണ്ടാകും. ശേഷം ആവശ്യമില്ലല്ലോ. കോളേജ് കുറെ കൂടി താൽപര്യപൂർവ്വം ഇക്കാര്യം പരിഗണിക്കുകയും ബന്ധപ്പെട്ടവരിൽ സ്വാധീനം ചെലുത്തി പ്രശ്നത്തിനൊരു ശാശ്വത പരിഹാരം കാണുകയും ചെയ്യേണ്ടതുണ്ട്. പി.ടി.എ.യും വിദ്യാർത്ഥി യൂനിയനും മനസുവെച്ച് അൽപം ആസൂത്രണത്തോടെയുള്ള ഒരു പദ്ധതിക്ക് കീഴിൽ കോളേജ് ബസുകൾ ഏർപ്പെടുത്തിയാൽ നന്നായിരുന്നു.

## അറിയപ്പെടാത്ത ഒരു സ്മരണിക

കെങ്കേമമായി നടന്ന 40—ാം വാർഷികത്തിനു കോളേജ് പുറത്തിറക്കിയ സമ്പന്നമായ ഒരു സ്മരണികയെപ്പററി എത്ര പേർക്കറിയാം. പഴയ ഇരുമ്പുളിപ്പറമ്പിൽ നിന്ന് ഇന്നത്തെ ഫാറൂഖ് കോളേജ് എന്ന വിസ്മയത്തിലേക്കുള്ള വളർച്ചയുടെ ഓർമ്മകൾ തൊട്ടുണർത്തിയ ശ്രദ്ധേയമായൊരു സ്മരണികയായിരുന്നു ഇത്. കോളേജുമായി ബന്ധപ്പെട്ടവർ ഇതിലെ അക്ഷരങ്ങളുടെ ആത്മാർത്ഥതയും നോവും ഉൾക്കൊള്ളേണ്ടതുണ്ടായിരുന്നു. പക്ഷെ സ്മരണിക ചുരുക്കം കോപ്പികൾ മാത്രമായിരുന്നു അടിച്ചത്. മിതമായ വിലയിട്ട് കൂടുതൽ കൈകളിൽ ഇതെത്തിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ. വില കാരണം വിദ്യാർത്ഥികൾക്കൊന്നും എത്തിപ്പിടിക്കാൻ കഴിയാതെ വന്നു. പലരും ഇങ്ങിനെയൊന്ന് പുറത്തിറങ്ങിയ വിവരം പോലും അറിഞ്ഞിട്ടില്ലത്രെ.




## ലക്ഷ്യം, മാർഗം,

സ്വകാര്യമേഖലയിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ പലതും അഴിമതിയുടെ കേന്ദ്രങ്ങളായിത്തീർന്നിരിക്കുന്നു എന്ന വാർത്തയിൽ പുതുമയൊന്നുമില്ല, പക്ഷെ ഉൽകൃഷ്ടമായ ഒരു ലക്ഷ്യത്തിൻെറ പേരിൽ നിലവിൽ വന്ന സ്ഥാപനങ്ങളെയും കോഴ തീണ്ടുന്ന അവസ്ഥ പരിതാപകരമാണ്. സ്വന്തം മുഖത്ത് ചെളിവാരിത്തേക്കുന്ന അവസ്ഥ. നമ്മുടെ കോളേജിൻെറ 40—ാം വാർഷികസ്മരണികയിൽ നിന്ന് ഉദ്ധരിക്കട്ടെ: "കോളേജിൻെറ വ്യക്തിത്വം നിലനിർത്തുന്ന കാര്യത്തിൽ മൗലവി അബൂസബാഹ് അഹ്മദലി സാഹിബ് മരണം വരെ ജാഗ്രത പുലർത്തിയിരുന്നു. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി ഉണ്ടായ ഒരു ഘട്ടത്തിൽ പ്രവേശനത്തിനു വരുന്ന വിദ്യാർത്ഥികളോട് സംഭാവന വാങ്ങാൻ തീരുമാനിച്ചപ്പോൾ മൗലവി സാഹിബിനു അത് സഹിക്കാനായില്ല—രോഗിയായ അദ്ദേഹം ഞങ്ങളെ വിളിപ്പിച്ചു.

"എനിക്ക് നടക്കാൻ വയ്യ നിങ്ങൾ ഒരു കാറുകൊണ്ട് വന്നു എന്നെ കോഴിക്കോട്ടേക്ക് കൊണ്ടു പോവുക. കോളേജിനു വേണ്ട പണം ഞാനുണ്ടാക്കിത്തരാം. എന്നാലും കുട്ടികളോട് പണം വാങ്ങരുത്." അദ്ദേഹത്തിൻെറ ദൃഢനിശ്ചയത്തിനു മുമ്പിൽ ഞങ്ങൾക്ക് മറുപടിയില്ലായിരുന്നു. അധ്യാപകരായ ഞങ്ങൾ ഒരു മാസത്തെ ശമ്പളം കോളേജിനു സംഭാവന ചെയ്യാൻ അന്നു തന്നെ തീരുമാനമെടുത്തു. ഒട്ടുമുക്കാലും അധ്യാപകർ ഒപ്പിട്ട വാഗ്ദാനം പ്രിൻസിപ്പൽ ജലീൽ സാഹിബിനു സമർപ്പിച്ചു. അങ്ങനെയാണ് പ്രവേശനത്തിനു പണം വാങ്ങുന്ന ഏർപ്പാട് മുളയിലെത്തന്നെ നുള്ളിക്കളഞ്ഞത്." (പേജ് 111)

നുള്ളിക്കളഞ്ഞുവോ?






## പീഢനം ഇങ്ങിനെയും

വർഷാരംഭത്തിൽ ഈ സാംസ്കാരികകേന്ദ്രത്തിൻെറ അകത്തളങ്ങളിലും മററും നമ്മുടെ ഇളം തലമുറക്ക് ഏൽക്കേണ്ടി വരുന്ന മാനഹാനി ആരും ഇനിയും ഗൗരവത്തിലെടുത്തിട്ടില്ലെന്നു തോന്നുന്നു. എന്താണ് സംഭവം? പുതുക്കക്കാരായി എന്നതിൻെറ പേരിൽ ചിലരിവിടെ വിദ്യാർത്ഥികളുടെ 'മേക്കിട്ടു കയറുക'യാണ്. വല്ല്യേട്ടൻ മനോഭാവം പുലർത്തുകയാണ്. ആൾക്കൂട്ടത്തിൽ വെച്ചുപോലും ജൂനിയർ വിദ്യാർത്ഥികൾ അവഹേളിക്കപ്പെടുകയാണ്. ഇതിനിടെ ചിലർ പോക്കററിൽ കയ്യിട്ട് പൈസപോലും തട്ടുന്നു.പോരാത്തതിനു പരുക്കൻ സ്വരത്തിലുള്ള ഭീഷണിയും ആജ്ഞാപിക്കലും വേറെ. നമുക്ക് പകൽ മാന്യന്മാർ പോലുമാകാൻ കഴിയാതെ വന്നിരിക്കുന്നു. എന്ന തിരിച്ചറിവാണ് ഇതിൽനിന്നു ലഭിക്കുന്നത്.

കേവലം ന്യൂനപക്ഷം മാത്രമാണ് ഇതിനു നേതൃത്വം നൽകുന്നത്. പക്ഷെ റാഗിങ്ങ് നടക്കുന്ന കാമ്പസുകളുടെ പട്ടികയിൽ, ഫറൂഖ് കോളേജിനു പത്രങ്ങളിൽ പ്രഥമ പരിഗണന തന്നെ നൽകിക്കണ്ടു. ലജ്ജാവഹം. ഒട്ടേറെ ധാർമ്മിക, വിപ്ലവ വിദ്യാർത്ഥിപ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കൺമുമ്പിൽ നടക്കുന്ന അനീതിക്കു നേരെ അവരും മുഖം തിരിക്കുന്നതായാണറിവ്. വിദ്യാർത്ഥി സംഘടനകളെയും ഉത്തരവാദിത്തപ്പെട്ടവരെയും ഇരുത്തി ചിന്തിപ്പിക്കേണ്ടതാണിത്. ഒട്ടും അയവില്ലാത്ത ഒരു സമീപനം ഇക്കാര്യത്തിലുണ്ടായേ തീരൂ. തിന്മയെ കൈകൊണ്ടു തടയാനുള്ള ആർജ്ജവം നമ്മുടെ വിദ്യാർത്ഥി സംഘടനകൾ കാണിക്കുമെന്നും നാം കരുതുക.

## ശാപമോക്ഷവും കാത്ത്



മുമ്പൊരു മാഗസിൻ അൽപം പരിഹാസത്തോടെയാണെങ്കിലും നമ്മുടെ കാൻറീനെ 'നായ തൊട്ട കലം പോലെ എന്നു വിശേഷിപ്പിച്ചതായറിയാം. ഇന്നത്തെ അവസ്ഥ ഈ വാക്കുകളെയും അതിജീവിച്ചു നിൽക്കുന്നു. എല്ലാ നിലക്കും വിദ്യാർത്ഥികളിൽ നിന്നും കാൻറീനെ വേലികെട്ടി അകററിനിർത്തുന്നതിൽ നാം വിജയിച്ചിരിക്കുന്നു. മുമ്പുണ്ടായിരുന്നതിൻെറ പകുതിപോലും കച്ചവടം കിട്ടുന്നില്ലെന്നു കാൻറീൻ നടത്തിപ്പ്കാരന് പരാതി.



## കുറുക്കന്മാർ സമക്ഷം

പകൽ തുറന്ന മൈതാനത്ത് നടന്നിട്ടും രക്ഷയില്ലെന്ന് തോന്നുന്നു കൂകിയാർക്കുന്ന കുറുക്കന്മാരുടെ എണ്ണം പിന്നെയും വർദ്ധിക്കുകയാണ്. ഇതിന്നിടയിൽ മനം മടുത്ത് മാറി നിൽക്കുന്ന അസംഖ്യം കലാപ്രതിഭകളുടെ മൗനദുഃഖങ്ങളാരറിവാൻ ആരോട് പറയാൻ.




## ശീതലഹരി

കൂൾബാറുകളെക്കൊണ്ട് വീർപ്പുമുട്ടിയ പരിസരമാണ് നമ്മുടേത്. തലങ്ങും വിലങ്ങും കിടക്കുന്ന ഇവയിൽ ചിലതിൽ ചില നേരങ്ങളിൽ വർണ്ണമാററമുള്ള മററു പാനീയങ്ങളും വിളമ്പുന്നതായി റിപ്പോർട്ടുണ്ട്. ഇങ്ങിനെയുണ്ടെങ്കിൽ അത് തടയപ്പെടണം. അല്ലെങ്കിൽ കാമ്പസിനെ ചുററിപ്പററി അനഭിലഷണീയമായ ഒരു സംസ്കാരത്തിൻെറ വളർച്ചക്ക് നാം വൈകാതെ സാക്ഷികളാവേണ്ടിവരും.

## കലാസാഹിതി

കാമ്പസിലെ സജീവ കലാസാഹിത്യ വേദിയായിരുന്ന കലാസാഹിതി ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന പരുവത്തിലകപ്പെട്ടതായി സംശയിക്കുന്നു. സാഹിത്യസാംസ്കാരിക മേഖലയിൽ ഗുണപരമായ ഫലങ്ങൾ കെട്ടുപോകാതെ നോക്കേണ്ടത് തൽപരരായ വിദ്യാർത്ഥികളും അദ്ധ്യാപകരും ആണെന്നറിയുക. വളർന്നു വരുന്ന സർഗപ്രതിഭകളെ സംബന്ധിച്ചിടത്തോളം അവസരങ്ങളും പരിഗണനകളും നൽകാൻ നാം അമാന്തിക്കരുത്.

## വികട ബുദ്ധി

ഫാറൂഖ് കോളേജ് പ്രദേശത്ത് വരൾച്ച ഒരു പുതിയ പ്രതിഭാസമൊന്നുമല്ല. ജലക്ഷാമം ഒട്ടേറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്ന കാമ്പസാണിത്. റെസിഡൻഷ്യൽസൗകര്യംകൂടുതലുള്ളതിനാൽ ഹോസ്ററൽ വാസികളെ സംബന്ധിച്ചിട



ത്തോളം ഭീതിദങ്ങളായ ദിനങ്ങളാണ് വരൾച്ച സമ്മാനിക്കുന്നത്. ഇക്കാരണത്താൽ തന്നെ ഹോസ്ററലുകൾ വളരെ നേരത്തെ തന്നെ അടച്ചുപൂട്ടേണ്ടതായി വരുന്നുമുണ്ട്. പ്രശ്നപരിഹാരാർത്ഥം കോളേജ് മുൻകൈയെടുത്ത് ബന്ധപ്പെട്ടവരുടെ സഹകരണത്തോടെ പല ശ്രമങ്ങളും നടത്തുന്നുണ്ടെന്നറിയാം. ഡാനിഡ ഉൾപ്പെടെയുള്ള ചില വിദേശപദ്ധതികളുടെ പ്രവർത്തനങ്ങളും പരിസരപ്രദേശങ്ങളിൽ നടക്കുന്നുണ്ട്.

പക്ഷെ രസകരമായ വസ്തുത വരൾച്ചയ്ക്ക് നാം തന്നെ ബോധപൂർവ്വം വഴിയൊരുക്കുന്നു എന്നതാണ്. ചിത്രം ശ്രദ്ധിക്കുക. വളർന്നു നിൽക്കുന്ന യൂക്കാലി. മണ്ണിന്റെ ജലാംശം പൂർണ്ണമായും വലിച്ചെടുക്കുന്ന ഭീകരൻമാരാണ് യൂക്കാലിയും അക്കേഷ്യയുമെന്ന് വിവരമുള്ളവർ അനുഭവത്തിന്റെ വെളിച്ചത്തിൽ നമ്മോട് പറയുന്നു. എന്നിട്ടും, ഇവിടെ തഴച്ചു വളരുന്ന യൂക്കാലി കണ്ട് നമ്മുടെ തൊണ്ട വരണ്ട് പോവുന്നു. ഒരു വശത്ത് വരൾച്ചയെ അതിജീവിക്കാനുള്ള ശ്രമങ്ങൾ മറുവശത്ത് അതിനു പ്രോത്സാഹനം നൽകുന്ന സമീപനം.വിരോധാഭാസമെന്നല്ലാതെ എന്ത് പറയാൻ?




# ആൽബെർട്ട് ഐൻസ്റ്റൈൻ

ആബിദ് ടി.

ജന്മശതാബ്ദികളുടെ പ്രളയത്തിലാണല്ലോ നാം ഇന്ന്. നാഷണൽ കോൺഗ്രസ്, മനോരമ ശതാബ്ദികൾക്ക് പിറകേ നെഹറു ശതാബ്ദിയും അംബേദ്കർ ശതാബ്ദിയും നാം ആഘോഷിച്ചു. ഈ പ്രളയത്തിനിടയിൽ പത്ത് വർഷം മുമ്പ് നാം ആഘോഷിച്ച ഒരു ജന്മശതാബ്ദി എല്ലാവരുടെയും, ഓർമ്മയിൽ നിന്നും മാഞ്ഞുപോയിട്ടുണ്ടാകും. ഇരുപതാം നൂററാണ്ട് കണ്ട ഏററവും പ്രഗത്ഭനായ ശാസ്ത്രജ്ഞൻ, ആൽബർട്ട് ഐൻസ്റ്റൈന്റെ ജന്മശതാബ്ദി. 1979–ൽ ആയിരുന്നു അത്.

ഇരുപത്തൊന്നാം നൂററാണ്ടിന്റെ പടിവാതില്ക്കൽ ആണ് നാം ഇന്നെത്തി നില്ക്കുന്നത്. ഈ കാലയളവിനുള്ളിൽ ശാസ്ത്രം അനേകം നാഴികക്കല്ലുകൾ പിന്നിടുകയുണ്ടായി; ഇനിയും കുറെ പിന്നിടാൻ ഇരിക്കുന്നു. ഭൂമിയിലെ കണ്ടുപിടുത്തങ്ങൾ അവസാനിക്കും മുമ്പ് മനുഷ്യൻ ഭൂമിവിട്ട് ബഹിരാകാശത്തെത്തി കഴിഞ്ഞു. ഇപ്പോൾ ചൊവ്വയിലേക്കുള്ള മാർഗ്ഗമദ്ധ്യേയാണ്. ഇരുപതാം നൂററാണ്ടിന്റെ ഈ അവസാന വേളയിൽ ഈ നൂററാണ്ടിന്റെ മഹാശാസ്ത്രജ്ഞാനായ ഐൻസ്റ്റൈനെ അനുസ്മരിക്കാതിരിക്കാൻ വയ്യ.

1879 മാർച്ച് 14–ന് ജർമ്മനിയിലെ ഉല്മ് (Ulm) പട്ടണത്തിൽ ഹെർമൻ ഐൻസ്റ്റീൻ – പോളിൻ ഐൻസ്റ്റിൻ ദമ്പതികളുടെ മകനായി ഐൻസ്റ്റൻ (ആൽബർട്ട്) ജനിച്ചു. സാമ്പത്തികമായി മോശമായ നിലയിലായിരുന്നു ആ കുടുംബം. അച്ഛൻ ഒരു ഇലക്ട്രിക്കൽ ഷോപ്പുടമയായിരുന്നു.

പഠനത്തിനായി അടുത്തുള്ള ഒരു ജിംനേഷ്യത്തിൽ (സെക്കണ്ടറിസ്കൂൾ) ആൽബർട്ടിനെ ചേർത്തി. പട്ടാളച്ചിട്ടയിലുള്ള അദ്ധ്യാപനം ഇഷ്ടപ്പെടാത്ത ആൽബർട്ട് സ്കൂളിൽ ആരുമായും കൂട്ടുകൂടാതെ കളിയിലും മററു കായികാഭ്യാസങ്ങളിലും പങ്കെടുക്കാതെ ഒററയ്ക്കിരുന്ന് ചിന്തിക്കും. തനിക്കിഷ്ടമില്ലാത്തത് പഠിക്കാനോ ചെയ്യാനോ ആ കുരുന്നുമനസ്സ് കൂട്ടാക്കിയില്ല. താൻ അറിയാത്തതും കേൾക്കാത്തതുമായ പലതും ഈ ലോ

കത്തുണ്ടെന്ന് ആൽബർട്ടിനുതോന്നി. പിന്നെ അതേക്കുറിച്ചായി ചിന്ത. ഈ പ്രത്യേക സ്വഭാവങ്ങൾകാരണം സഹപാഠികൾ ആൽബർട്ടിനെ 'മണ്ടൻ' എന്ന് മുദ്രകുത്തി.

സ്കൂളിൽ ഒന്നാമതായി ഗണിതശാസ്ത്രമായിരുന്നു ആൽബർട്ടിനിഷ്ടപ്പെട്ടത്. പിന്നെ ഊർജ്ജതന്ത്രവും. പക്ഷെ, ആ കുരുന്നുഹൃദയത്തിൽ നിറയെ സംശയങ്ങളായിരുന്നു. സംശയനിവാരണത്തിനായി ആൽബർട്ട് അദ്ധ്യാപകരെ സമീപിച്ചു. ആൽബർട്ടിന്റെ ചോദ്യങ്ങൾ അദ്ധ്യാപകർക്ക് തലവേദന സൃഷ്ടിച്ചു. തത്ഫലമായി അദ്ധ്യാപകർ ആൽബർട്ടിനോട് മിലാനിൽ താമസിക്കുന്ന സ്വന്തം കുടുംബത്തോട്ചേർന്ന് അവിടെ പഠനം പൂർത്തിയാക്കാൻ ഉപദേശിച്ചു. മോശമായ ചുററുപാടുകാരണം ആരോഗ്യം നഷ്ടപ്പെട്ട ആൽബർട്ടിനോട് പൂർണ്ണ വിശ്രമമെടുക്കാൻ ഡോക്ടർമാരും നിർദ്ദേശിച്ചു.

## പരീക്ഷയിൽ തോററു


മിലാനിലേക്ക് പോകും മുമ്പ്, ഗണിതശാസ്ത്രത്തിലെ അപാര പ്രാഗത്ഭ്യംകണ്ട് ജിംനേഷ്യത്തിലെ ഗണിതശാസ്ത്രാദ്ധ്യാപകൻ ആൽബർട്ടിന് സർവ്വകലാശാലയിൽ ചേരാനുള്ള യോഗ്യതാസർട്ടിഫിക്കററ് നൽകി. അങ്ങിനെ സൂറിച്ചിലെ സ്വിസ് ഇൻസ്ററിററ്യൂട്ട് ഓഫ് ടെക്നോളജിയിൽ ചേരാൻ ആൽബർട്ട് തീരുമാനിച്ചു. നിർഭാഗ്യവശാൽ ഇൻസ്ററിററ്യൂട്ട് ഡയറക്ടർ നടത്തിയ യോഗ്യതാപരീക്ഷയിൽ ആൽബർട്ട് തോററു.

എന്നാൽ ദയാലുവായ ആ ഡയരക്ടർ ആൽബർട്ടിന് മറെറാരു സ്ഥാപനം നിർദ്ദേശിച്ചുകൊടുത്തു. അങ്ങനെ ആ സ്ഥാപനത്തിൽനിന്നും പരീക്ഷ പാസ്സായി ആൽബർട്ട് വീണ്ടും സൂറിച്ചിലെ ഇൻസ്ററ്യൂട്ടിൽ ചേർന്നു.

കൗമാരപ്രായത്തിൽ മിലേവ എന്ന പെൺകുട്ടിയുമായി ആൽബർട്ട് അടുപ്പത്തിലായി. പക്ഷേ, വിവാഹം പഠനപൂർത്തീകരണത്തിനും ജോലികിട്ടും ശേഷം മാത്രമാകാം എന്ന് തീരുമാനിച്ചു. പഠനത്തിനുശേഷം അദ്ദേഹം സ്വിസ്സ് പൗരത്വം സ്വീകരിച്ചു.

ഒരദ്ധ്യാപകനായി ജോലിക്ക് ശ്രമിച്ചെങ്കിലും യഹൂദനായതിനാൽ എല്ലാ വാതിലുകളും അദ്ദേഹത്തിന്റെ മുമ്പിൽ കൊട്ടിയടക്കപ്പെട്ടു. അങ്ങനെ രണ്ടുവർഷം അലഞ്ഞുനടക്കേണ്ടിവന്നു ആ പ്രതിഭക്ക്. ഇതിനിടയിൽ ആൽബർട്ട് മിലേവയെ വിവാഹം കഴിച്ചു. വിവാഹശേഷം അദ്ദേഹത്തിന് ഒരു പേററൻറ് ഓഫീസിൽ ജോലി ലഭിച്ചു.

നിർഭാഗ്യവശാൽ കുടുംബം പട്ടിണിയിലേക്ക് നീങ്ങി. പേററൻറ് ഓഫീസിലെ ഒരു മൂലയിൽ കഴിയുന്ന ആൽബർട്ട് കുടുംബകാര്യങ്ങൾ ശ്രദ്ധിച്ചതേയില്ല. മിലേവയും കുട്ടികളും എല്ലാം സഹിക്കുകയും ചെയ്തു.



പരസ്പര
ധാരണ
കൊണ്ടല്ലാതെ
ബലപ്രയോഗം
കൊണ്ട്
നിലനിർത്താനാവുന്നതല്ല
സമാധാനം.

– ഐൻസ്ററിൻ

## മൂന്ന് പ്രബന്ധങ്ങൾ

പേററൻറ് ഓഫീസിലും ആൽബ[ർ]ട്ട് ചിന്താമഗ്നനായിരുന്നു. അങ്ങ[നെ] 1905-ൽ അദ്ദേഹം മൂന്ന് പ്രബ[ന്ധ]ങ്ങൾ പ്രസിദ്ധീകരിച്ചു. ശാസ്[ത്ര]ലോകത്തേക്ക് ആൽബർട്ടിന്റെ ആദ്യ കാൽവെപ്പായിരുന്നു അത്.

ഭൗതികശാസ്ത്രത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ 16-ാം നൂററാണ്ടി[ൽ] ജീവിച്ചിരുന്ന ന്യൂട്ടന്റെ കണ്ടുപി[ടു]ത്തങ്ങളായിരുന്നു. എന്നാൽ ശ[ാസ്ത്രജ്ഞ]യായ ഒരു പിൻഗാമിയുടെ അഭാ[വം] മൂലം 19-ാം നൂററാണ്ടിന്റെ അവസാ[]നംവരെ ഈ സിദ്ധാന്തങ്ങൾ ശ[രി]യായി ഗണിച്ചു. ഐൻസ്റ്റൈന്റെ രംഗപ്രവേശത്തോടുകൂടിയാണ് ന്യൂട്ടന്റെ സിദ്ധാന്തങ്ങളിലെ അ[]കതകൾ പുറംലോകം അറിയുന്നത്.

ആയിടക്കാണ് മാക്സ്പ്ലാങ്ക് ക[്വാ]ണ്ടാസിദ്ധാന്തവുമായി മുമ്പോട്ട് വ[ന്ന]ത്. പ്രകാശം പാക്കററുകളായി സ[ഞ്ച]രിക്കുന്നു എന്ന കണ്ടുപിടുത്തം സാധാരണ ജനങ്ങളുടെ ബുദ്ധിക്കതീതമാ[യി]രുന്നു. മാക്സ് പ്ലാങ്കിനു പോല[ും] തന്റെ കണ്ടുപിടുത്തത്തെ വിശ[ദീകരി]ക്കാൻ പ്രയാസമായിരുന്നു. എന്നാ[ൽ] ഐൻസ്റ്റൈൻ തന്റെ ഒന്നാം പ്ര[ബ]ന്ധത്തിലൂടെ ക്വാണ്ടം സിദ്ധാന്[തം] ശരിയാണെന്ന് ലോകത്തിന് കാ[ണി]ച്ചുകൊടുത്തു. അങ്ങനെ മാക്സ്പ്ലാ[ങ്ക്] ഐൻസ്ററന്റെ ഒരടുത്ത സുഹൃത്[താ]യിമാറി.

ഇതിനിടെ ഐൻസ്റൈറന്റെ പ്രസിദ്ധി മററു രാജ്യങ്ങളില[ും] വ്യാപിച്ചു. ജന്മനാടായ ജർമ്മനി[]യിലെ വില്യംകൈസർ ഐൻസ്റ്റൈ[]നെ തിരികെ ജർമ്മനിയിലെത്[തി]ക്കാനുള്ള കരുക്കൾ നീക്കി. അ[]നായി അദ്ദേഹം മാക്സ്പ്ലാങ്കിനെ ഉ[പ]യോഗിക്കുകയും ചെയ്തു. കൈസറു[ടെ] മോഹനവാഗ്ദാനങ്ങളിൽ ഐൻസ്റ്റൈ[ൻ] കുരുങ്ങി. അദ്ദേഹം ജർമ്മനിയിലേ[]ക്ക് പോകാൻ തീരുമാനിച്ചു.

ഇതിനിടയിൽ മിലവ ആൽബ[ർ]ട്ടിൽ നിന്നും അകന്നിരുന്നു. സ്വ[ന്തം] കുടുംബത്തെ ആൽബർട്ടിന് തീ[രെ] ശ്രദ്ധയില്ലായിരുന്നു. ഐൻസ്റ്റൈ[]ന്റെ ജർമ്മനിയിലേക്ക് പോകാനു[ള്ള] തീരുമാനം കേട്ടതോട് കൂടി മിലേ[വ] ആൽബർട്ടിൽ നിന്ന് പൂർണ്ണമാ[യും] വിട്ടു. മിലേവയിൽ നിന്നും തെ[റ്റ]പിരിഞ്ഞ് 1917-ൽ ഐൻസ്റ്റൈ[ൻ] ജർമ്മിനിയിലേക്ക് പോയി.

സംഗീത പ്രേമിയായിരു[ന്ന] ഐൻസ്ററീൻ ജർമ്മനിയിലെ ത[ാമ]സത്തിനിടക്ക്, അമ്മാവന്റെ മക[ളും] വിധവയുമായ എൽസ എന്ന [സ്ത്രീ]യുടെ വീട്ടിൽ പോകൽ പതിവാക്[കി]. ക്രമേണ അവർ കൂടുതൽ അടുക്കുക[യും] ആ അടുപ്പം വിവഹേത്തിൽ കലാ[ശി]ക്കുകയും ചെയ്തു.

## യുദ്ധം വരുന്നു.

1918-ൽ ഒന്നാംലോക മഹായു[ദ്ധം]

ാട്ടിപ്പുറപ്പെട്ടു. യുദ്ധ വിരോധിും സമാധാന പ്രേമിയുമായ ഐൻസൈസ്റ്റനെ ഇത് വല്ലാതെ പാടിപ്പിച്ചു. യുദ്ധത്തിലെ പ്രധാ വില്ലൻ ജർമ്മനിയായിരുന്നു.

ഒന്നാം ലോകമഹായുദ്ധം ജർമ്മ ിയുടെ പരാജയത്തിൽ കലാശിച്ചു. കെസർ നാടുവിട്ടു.. എന്നാൽ കെസറെക്കാൾ ഭീകരനായ അഡോ ഫ് ഹിററ്ലറെന്ന സ്വേച്ഛാധി തി സ്ഥാനം ഏറ്റെടുത്തു. ഒന്നാം ാകയുദ്ധത്തിലെ ജർമ്മനിയുടെ രാജയത്തിന് കാരണം വിദേശീയ യ ജൂതന്മാരാണെന്ന് ഹിററ്ലർ ചരിപ്പിച്ചു. ജർമ്മിനിയിലെ തന്മാരെ വധിക്കാനും നാടുകടത്താ ും ഹിററ്ലർ ആഹ്വാനം നല്കി.

പക്ഷേ, ജൂതരോടുള്ള ഹിററ്ലറുടെ വെറുപ്പ് ജൂതനായ ഐൻസ്റ്റീനെ ിയോണിസ്റ്റ് പ്രസ്ഥാനത്തിൽ എത്തിച്ചു. അങ്ങനെ അദ്ദേഹം രാഷ്ട്രീ ത്തിലും കാലുകുത്തി. പ്രസ്ഥാന തിനുവേണ്ടി പണം ശേഖരിക്കാനും ലാകജനതയുടെ സഹാനുഭൂതി പിടി പറ്റാനും ഐൻസ്റ്റൈൻ ഒരു ലോകപര്യടനംതന്നെ നടത്തി.

ഈ പര്യടനം ഹിററ്ലക്ക് തീരെ സഹിച്ചില്ല. അദ്ദേഹം ഐൻസ്റ്റീന്റെ ഘാതകന് 5000 പവൻ പ്രതിഫലം പ്രഖ്യാപിച്ചു. ഭാര്യ എൽസയുടെ സന്ദർഭോചിതമായ ഇടപെടൽ കാരണം വീട്ടിൽ ഒളിച്ചിരുന്ന ഒരു ഘാതകനിൽനിന്ന് അദ്ദേഹം രക്ഷപ്പെട്ടു. തുടന്ന് ജർമ്മനിയിൽ ജീവിക്കാൻ പററാതെ വന്നപ്പോൾ അമേരിക്കയിലെ പ്രിൺസ്റ്റണിൽ എത്തി.

## ഉയർച്ചയുടെ പടവുകൾ

1905-ലെ തന്റെ രണ്ടാം പ്രബന്ധത്തിൽ ഐൻസ്റ്റീൻ, 1827-ൽ റോബർട്ട് ബ്രൗൺ കണ്ടുപിടിച്ച ബ്രൗണിയൻ ചലനം ദ്രാവകത്തിലെ തന്മാത്രകളുടെ ചലന ഫലമായിട്ടാണെന്ന വാദം ശരിവെക്കുകയും അത് ഗണിതപരമായ വിശദീകരണത്തിലൂടെ തെളിയിക്കുകയും ചെയ്തു. അങ്ങനെ അതുവരെ വിശ്വസിക്കാൻ പ്രയാസമായിരുന്ന ആ സിദ്ധാന്തവും വിശ്വാസയോഗ്യമായി.

1905-ലെ തന്റെ മൂന്നാം പ്രബന്ധം അവതരിപ്പിച്ചുകൊണ്ട്, ഐൻസ്റ്റീൻ ശാസ്ത്രഗതി തിരിച്ചുവിട്ടു. ആപേക്ഷികതാ സിദ്ധാന്തത്തിലൂടെ ദ്രവ്യത്തെ ഊർജ്ജമായും ഊർജ്ജത്തെ ദ്രവ്യമായും മാററാമെന്ന് E-MC2 എന്ന സൂത്രവാക്യത്തിലൂടെ ഐൻസ്റ്റീൻ തെളിയിച്ചു.

ന്യൂട്ടന്റെ കണികാ സിദ്ധാന്തത്തിന് ശേഷം ഹൈജീൻസിന്റെ തരംഗസിദ്ധാന്തം ആവിർഭവിച്ചു. പക്ഷെ പ്രകാശത്തിന്റെ തരംഗ സഞ്ചാരത്തിന്റെ മാധ്യമം ഏതെന്ന് ആർക്കും പിടികിട്ടിയില്ല. അവസാനം ഈഥർ എന്ന സങ്കല്പ വസ്തുവിലൂടെയാണ് പ്രകാശത്തിന്റെ സഞ്ചാരം എന്ന് സമർത്ഥിക്കാൻ തുടങ്ങി. പക്ഷെ ഈഥറിനെപ്പററി കൂടുതൽ അറിയാൻ സാധിച്ചില്ല. അങ്ങനെ ഭൗതികശാസ്ത്രം ഒരു പ്രതിസന്ധി നേരിട്ടപ്പോഴാണ് ഐൻസൈസ്റ്റന്റെ ചിന്ത അങ്ങോട്ട് തിരിഞ്ഞത്. ഈ പ്രശ്നപരിഹാരമായെന്നോണം അദ്ദേഹം ആപേക്ഷികതാ സിദ്ധാന്തം ആവിഷ്കരിച്ചു.

1916-ലെ പൊതു ആപേക്ഷികതാ സിദ്ധാന്തത്തിലൂടെ ഐൻസ്റ്റീൻ ന്യൂട്ടന്റെ ഗുരുത്വാകർഷണ സിദ്ധാന്തങ്ങളിലും മാററം വരുത്തി.

ബുദ്ധിശക്തിയും കഠിനാധ്വാനവും സമർപ്പണ ബോധവും എല്ലാം ആൽബർട്ട് ഐൻസ്റ്റീനെ പ്രസിദ്ധനാക്കി. പല സ്ഥലങ്ങളിലും പ്രസംഗിക്കാനുള്ള അവസരങ്ങൾ കൈവന്നു. മുമ്പ് അദ്ദേഹത്തിന്റെ മുമ്പിൽ കൊട്ടിയടക്കപ്പെട്ട സർവ്വകലാശാലകളെല്ലാം അദ്ദേഹത്തിന്റെ സേവനത്തിനായി മത്സരിച്ചു.



## അംഗീകാരം, പുരസ്കാരം

ഐൻസ്റ്റൈൻ ലോകത്തിന് തെളിയിച്ചു കൊടുത്ത പ്ലാങ്കിന്റെ ക്വാണ്ടം തിയറി അവസാനം ശാസ്ത്രലോകം അംഗീകരിച്ചു. 1918-ൽ പ്ലാങ്കിന് ക്വാണ്ടം സിദ്ധാന്തത്തിന്റെ പേരിൽ നോബെൽ സമ്മാനം ലഭിച്ചു.

1921-ൽ ഐൻസൈസ്റ്റന്റെ പ്രതിഭയും ശാസ്ത്രലോകം അംഗീകരിച്ചു. ക്വാണ്ടം സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം കണ്ടുപിടിച്ച ഫോട്ടോ ഇലക്ട്രിക് പ്രഭാവത്തിന് നോബെൽ സമ്മാനം നല്കുക വഴിയായിരുന്നു ഈ അംഗീകാരം.

അടുത്ത വർഷം, അതായത് 1922-ൽ അതേ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ (ക്വാണ്ടം സിദ്ധാന്ത)ം നീൽസ്ബോർ നിർമ്മിച്ച ആററം മോഡലിന് നോബെൽ സമ്മാനം ലഭിച്ചു. 1929-ൽ ഡിബ്രോലിക്ക് നോബെൽ സമ്മാനം ലഭിച്ചത് ക്വാണ്ടം സിദ്ധാന്തത്തിന്റെ പിൻബലത്തിൽ അദ്ദേഹം ആവിഷ്കരിച്ച തരംഗ കണികാ സിദ്ധാന്തത്തിനായിരുന്നു. 1932-ൽ ഹൈസൻബർഗിനും ക്വാണ്ടം മെക്കാനിക്സിൽ നോബെൽ സമ്മാനം ലഭിച്ചു. അങ്ങനെ അഞ്ച് നോബെൽ സമ്മാനങ്ങളിലൂടെ ഐൻസൈസ്റ്റൻ ശാസ്ത്രത്തിന്റെ ഉത്തുംഗതയിലെത്തി.

നിർഭാഗ്യവശാൽ ഹൈസൻബർഗിന്റെ സിദ്ധാന്തത്തോട് യോജിക്കാൻ ഐൻസ്റ്റീന് സാധിച്ചില്ല. പക്ഷേ ആ മഹാരഥന്റെ എതിർപ്പ് വകവെയ്ക്കാതെ ശാസ്ത്രം മുന്നോട്ട് കുതിച്ചു. അങ്ങനെ താൻ ആരംഭം കുറിച്ച ക്വാണ്ടം സിദ്ധാന്തത്തിന്റെ യാത്രക്കിടയിൽ വെച്ചുതന്നെ ഐൻസ്റ്റീൻ വലിച്ചെറിയപ്പെട്ടു. മാത്രമല്ല ഇരുപതാം നൂററാണ്ടിലെ ആ പ്രതിഭാശാലി ഒരു പററം ചെറുപ്പക്കാരുടെ മുന്നിൽ കീഴടങ്ങി.

1939-ൽ രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചു. അമേരിക്കയിൽ താമസിച്ചിരുന്ന ഐൻസ്റ്റീൻ, തന്റെ അരുമസന്താനമായ മാസ്-എനർജി ബന്ധത്തെ ദുരുപയോഗപ്പെടുത്തി ജർമ്മനി ആററംബോംബ് നിർമ്മിക്കുമോ എന്ന ശങ്കയിലാണ്ടു. തന്റെ സമവാക്യത്തെ അദ്ദേഹം പ്രേതത്തെ പോലെ ഭയപ്പെട്ടു.

ജർമ്മനിയെക്കുറിച്ചുള്ള ഭയവും ചില സഹപ്രവർത്തകരുടെ നിർബന്ധവും കാരണം ഐൻസൈസ്റ്റൻ അന്നത്തെ യു. എസ്. പ്രസിഡന്റ് റൂസ്വെൽററിന് ആററംബോംബ് നിർമ്മാണത്തെക്കുറിച്ചെഴുതി. അതുപ്രകാരം അമേരിക്ക ആററം ബോംബുണ്ടാക്കുകയും ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലും വർഷിക്കുകയും ചെയ്തു.

അനേകായിരം നിരപരാധികളുടെ കൂട്ടക്കൊലക്കിടയാക്കിയ ഈ സംഭവം മനുഷ്യസ്നേഹിയായ ഐൻസ്റ്റിനെ വേദനിപ്പിച്ചു. ഇനിയൊരു ജീവിതമുണ്ടെങ്കിൽ ഒരു ശാസ്ത്രജ്ഞനായി ജീവിക്കുന്നതിന് പകരം ഒരു ചെരുപ്പ് കുത്തിയായി ജനിക്കണമെന്ന് അദ്ദേഹം വിലപിച്ചു പോയി.

പിന്നീടുള്ള ജീവിതകാലം മുഴുവൻ അദ്ദേഹം ആററംബോംബിനും ഹൈഡ്രജൻബോംബിനും എതിരായും ലോകസമാധാനത്തിനുവേണ്ടിയും പോരാടി. അമേരിക്കൻ നീഗ്രോകളുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയും അദ്ദേഹം ശബ്ദമുയർത്തി.

സമാധാനമില്ലാത്ത ലോകത്തെപ്പററി ദുഃഖിച്ചും ശാസ്ത്രത്തിന്റെ കുതിച്ചോട്ടത്തിനൊപ്പം പിടിച്ചുനില്ക്കാനാവാതെ തളർന്നും ജീവിതസഖിയായ എൽസയുടെ വിരഹം പകർന്ന ഏകാന്തതയിൽ മനംനൊന്തും ആ പ്രതിഭാശാലി 1955 ഏപ്രിൽ 18ന് തന്റെ സകലചിന്തകളും വേദനകളും സ്വപ്നങ്ങളും വെടിഞ്ഞ് മരണത്തെ പുൽകി.

ഐൻസ്റ്റൈന്റെ മഹത്തായ കണ്ടുപിടുത്തങ്ങൾക്കുശേഷവും ശാസ്ത്രത്തിൽ പ്രശ്നങ്ങൾ അവശേഷിക്കുന്നു—

നമ്മുടെ കടമ ഇനി ഇന്നത്തെ പ്രശ്നങ്ങൾ പഠിച്ച്, വായിച്ച്, ചിന്തിച്ച് വലുതാകുക. പ്രകൃതിയെന്ന അത്ഭുത പ്രതിഭാസത്തെ സമർപ്പണ ബോധത്തോടെ പഠിക്കുക. അപ്പോൾ പ്രശ്നങ്ങൾക്ക് പരിഹാരം തെളിഞ്ഞുവരും. □

# അൽപം മൃഗീയ ചിന്തകളാവാം

**അബ്ദുൾ നാസർ.**

II. M. A.

'മൃഗീയ വികാരങ്ങൾ', 'മനുഷ്യമൃഗം', 'കണ്ടാമൃഗത്തിന്റെ തൊലിക്കട്ടി' എന്നിങ്ങനെ മൃഗങ്ങളുമായി ബന്ധപ്പെടുത്തി നാം മനുഷ്യരെക്കുറിച്ച് പറയാറുണ്ടല്ലോ. സാഹചര്യങ്ങൾ സമ്മർദ്ദം ചെലുത്തുമ്പോഴും അല്ലാത്തപ്പോഴും മനുഷ്യൻ മൃഗമായി മാറാൻ മടിക്കാറില്ല എന്നും നമുക്കറിയാം. മൃഗവും മനുഷ്യനും തമ്മിലുള്ള ഈ ഗാഢബന്ധം 'ഇക്കോളജി' മുതലായ ശാസ്ത്രീയ വീക്ഷണങ്ങളിലൂടെയല്ലാതെ ഒന്നു പരിശോധിച്ചു നോക്കുന്നത് രസകരമായിരിക്കും, എന്ന ചിന്തയാണ് ഇതെഴുതാനുള്ള പ്രേരകമായത്.

ഓരോ മനുഷ്യനിലും പകുതി മൃഗവും പകുതി മാലാഖയുമാണ് ഒളിഞ്ഞിരിപ്പുള്ളതെന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. തികച്ചും അർത്ഥവത്തായ ചൊല്ല്; അല്ലേ? എന്നാൽ ചില യവസരങ്ങളിൽ ചിലരിൽ മൃഗാംശം വളരെ കൂടിയും 'മാലാഖാംശം" (Angelic part) കുറഞ്ഞും കാണുന്നത് എന്തുകൊണ്ടാണെന്ന് നാം ചിന്തിക്കാറുണ്ടോ? 'മനുഷ്യമൃഗങ്ങൾ" എന്നു വിളിച്ച് ഇത്തരക്കാരെ നാം പലപ്പോഴും അപമാനിക്കാറുണ്ട്. യഥാർത്ഥത്തിൽ മൃഗങ്ങൾക്കുപോലും ഇത്തരക്കാരെ കണ്ടാൽ നാണമാകും!

ഇനിയും ഒരു കൂട്ടരുണ്ട്. ഇവരിൽ ഏയ്ഞ്ചലിക് അംശം വളരെ കൂടുതലും മൃഗീയാംശം വളരെ കുറഞ്ഞും കാണാം. അപൂർവ്വം വ്യക്തികളേ



ഇത്തരത്തിൽ കാണപ്പെടാറുള്ളൂ. ഒരേ കാലഘട്ടത്തിൽ ഇത്തരം ഒന്നിലധികംപേർ ജീവിച്ചിരിക്കുകയെന്നത് അത്യപൂർവ്വമത്രെ. നാം ഇവർക്ക് നൽകുന്ന നാമധേയങ്ങളാണ് മഹാൻമാർ; പ്രവാചകൻമാർ എന്നിവയൊക്കെ.

ഇനി നമുക്ക് അമേരിക്കൻ ചിന്തകനായ തോറോയുടെ വാക്കുകളിലേക്കുപോകാം. ('കാനനവാസം').

'മനുഷ്യൻ പലപ്പോഴും ബന്ധം കാണിക്കുന്നത് പട്ടികളോടും പൂച്ചകളോടുമാണ'ത്രെ! കഷ്ടംതന്നെ. 'മനുഷ്യൻ! ഹാ! എത്ര സുന്ദരമായ പദം" എന്നൊക്കെ പറഞ്ഞുകേട്ട നമ്മോടാണോ തോറോയുടെ ഈ വിളയാട്ടം? അദ്ദേഹത്തിന് തെററ് പററിയെന്ന് കരുതുന്നവർക്ക് തെററി. ശ്വാനപ്രശ്നത്തെ ഉപരോധിക്കാൻ ചെന്ന മനുഷ്യസ്നേഹികൾക്ക് ലഭിച്ചത് തൊഴി. ശ്വനക പ്രമാണികൾക്ക് ബിസ്ക്കററും ഇറച്ചി പൊരിച്ചതും! നന്നായി അല്ലേ? യൂറോപ്യൻ നാടകളിൽ ശ്വനകവർഗത്തിന് പ്രത്യേകം 'പഞ്ചനക്ഷത്ര'ങ്ങളുണ്ടെന്ന് പത്രത്തിൽ വായിക്കുമ്പോൾ തെററ് പററിയതാർക്കാണ്? തോറോവിനോ അതോ ആധുനികമനുഷ്യനോ?

ഇതിഹാസത്തിലേക്ക് കടക്കുന്നത് ചിലർക്കെങ്കിലും ഇഷ്ടപ്പെടാതിരിക്കില്ല. ഒഡീസ്സി വായിച്ചിട്ടില്ലേ? ഹോമറുടെ 'ക്ലീക്ക്'' ചെയ്ത കൃതി? അതിൽ നായകന്റെ 'ശിങ്കിടിമുങ്കി"കളെ ഒന്നടങ്കം പന്നികളായി രൂപാന്തരപ്പെടുത്തുന്ന രംഗമോർക്കുക. രൂപം മാറിയിട്ടും അവർ മനുഷ്യ സ്വഭാവം തന്നെ നിലനിർത്തിയില്ലേ. യഥാർത്ഥത്തിൽ ഇന്ന് നമ്മുടെ 'പുരോഗമിച്ച' സമൂഹത്തിൽ നടക്കുന്നതോ? മനുഷ്യൻ ഇവിടെ മൃഗമായി 'രൂപാന്തര'പ്പെടുന്നു. രൂപത്തിൽ മനുഷ്യൻ തന്നെ. സംശയമില്ല. പക്ഷെ, സ്വഭാവത്തിലും പെരുമാററത്തിലും തനിച്ച മൃഗം. അല്ലാ, കോവളത്തുംമററും നാം കണ്ടതൊക്കെ മറക്കണമെന്നാണോ? വിസ്തരിച്ച് 'മനുഷ്യമൃഗങ്ങളെ' കാണണമെങ്കിൽ (സ്വയം ഈ ഗണത്തിൽ പെടുന്നില്ലെങ്കിൽ) നിത്യേന ബസ്സിൽ കയറുമ്പോൾ മുൻഭാഗത്തെ തിരക്കു ശ്രദ്ധിക്കുക. കൂടുതൽ നോക്കരുതേ. മോഹാലസ്യപ്പെട്ടുവീണുപോകും!

ചിന്തിക്കാനുള്ള കഴിവാണല്ലോ മനുഷ്യനെ മൃഗത്തിൽ നിന്നും വേർതിരിക്കുന്നത്. ചിന്തയിലൂടെ അവൻ വിവേകം ഉൾക്കൊള്ളുന്നു എന്നാണ് വെയ്പ്. എന്നാൽ സ്വന്തം രക്തത്തിൽ പിറന്ന മകളെ കാമപൂർത്തിക്കിരയാക്കുന്നതും, ചോരപ്പൈതലിനെ സ്വന്തം പെററമ്മ കറിക്കത്തിക്കിരയാക്കുന്നതും സഹോദരൻ സഹോദരിയെ തെരുവിൽ വിൽക്കുന്നതും, എന്തിനധികം, മജിസ്ട്രേട്ടു തന്നെ കൈക്കൂലിക്കേസിൽ ശിക്ഷിക്കപ്പെടുന്നതും എന്തിന്റെയൊക്കെ തകർ[illegible]! ഇനി അഥവാ ഉമ്മൂമ്മ പറയു[illegible]് പോലെ 'ഖിയാമത്ത് നാളിന്റെ അലാമത്താ' ണോ? ആർക്കറിയാം. ങാ.

മൃഗീയതയുടെ നിരപ്പിൽ നിന്നും മാനുഷികമായ വിതാനത്തിലേക്കുയരുമ്പോഴാണ് മനുഷ്യൻ സംസ്കാര സമ്പന്നനാകുന്നതെന്ന് ഫ്രോയിഡിന്റെ സിദ്ധാന്തം. കർമ്മതലത്തിൽ പ്രകടിപ്പിക്കാൻ കഴിയാത്ത 'മൂല്യബോധം' പ്രസംഗിച്ചു നടക്കുന്ന അഭിനവ പരിഷ്കർത്താക്കൾ ഏതു വിതാനത്തിലാണാവോ?

ഇനിയിപ്പോൾ ഒരു ലേഖനമോ കവിതയോ രചിച്ച് പേരച്ചടിപ്പിച്ചത് കൊണ്ട് ഈ 'മൃഗീയ' മായ ചിന്തകൾക്കറുതി വരുമെന്ന് തോന്നുന്നില്ല. ഒരു കാര്യം ഇനിയും മൃഗമാകാത്തവർ ഓർത്തിരിക്കുന്നത് നന്ന്.

നായ്ക്കൾക്ക് വേണ്ടി പഞ്ചനക്ഷത്ര ഹോട്ടലുകൾ പടുത്തുയർത്തുന്നവരുടെ അയൽപക്കത്ത് തന്നെയാണ് അനീമിയ ബാധിച്ച് എല്ലുംതൊലിയുമായി മരണം സ്വപ്നം കണ്ട് കഴിയുന്ന എത്യോപ്യൻ കുഞ്ഞുങ്ങളും (അവർ മനുഷ്യരാണ് പോലും!) എന്ന കാര്യം നാമെങ്കിലും മറക്കാതിരിക്കുക.

# അണുശക്തികറിക്കത്തി

സി. രാധാകൃഷ്ണൻ



നാലുപേർക്കുണ്ണൊരുക്കാനായ്
പച്ചക്കറിനുറുക്കിയാൽ
കൈ കഴയ്ക്കുമെൻ പത്നിക്ക് !
എന്തു ചെയ്യേണ്ടു ഞാനിനി ?

മാർക്കററിൽ കണ്ടു ഞാൻ മിന്നി–
ത്തിളങ്ങുമൊരു സാധനം.
'ഇൻസ്റ്റാൾമെൻറിൽത്തരാം' ചൊല്ലീ
ഉദാരനതു വില്ക്കുവോൻ.

മാസം മാസം പതിന്നാലു
കൊല്ലമല്പാല്പമായി ഞാൻ
കൊടുത്തുതീർത്താൽ തീരുന്നു
വില, സംശയമെന്തിന് !

അണുശക്തിയാൽ പ്രവർത്തിക്കും
കറിക്കത്തി, മഹാത്ഭുതം !
നൂറുനൂററാണ്ടുകാലത്തെ
ഗ്യാരണ്ടിക്കാർദ്ധ്യമില്ലയോ !

നൂതനാക്ഷയയന്ത്രത്തെ
പുത്തൻ കാമധേനുവെ
അടുക്കളയിലേല്പിച്ചു
കൃതകൃത്യത പൂണ്ടു ഞാൻ.

നുറുക്കാനുള്ളതിൻ മുന്നിൽ
കുറുകേ വെച്ചു യന്ത്രമോ
സ്വിച്ചിട്ട നിമിഷം തന്നു
കൊച്ചുതുണ്ടാക്കിയൊക്കെയും !

അഭിമാനികളായ് ഞങ്ങൾ !
അയല്ക്കാർക്കോ, കുശുമ്പുമായ് !
അവിയൽത്തുണ്ടു കാണാനാ–
യവരെത്തീ യഥാവിധി.

തപ്പിപ്പിടിച്ചു വായിച്ചു
ഓപ്പറേഷൻെറ മാനുവൽ,
അച്ചിങ്ങയരിയാൻ വെച്ചു,
സ്വിച്ചിട്ടാളെൻെറ ശ്രീമതി.

പിഴച്ചു സ്വിച്ചിൽ കൈതട്ടി !
ശേഷം ചൊല്ലുവതെങ്ങനെ !

നൂറായ് നുറുങ്ങിയച്ചിങ്ങ !
നുറുങ്ങീ കണ്ടുനിന്നവർ !
നുറുങ്ങീ വീടും തൊടിയും !
നുറുങ്ങീ ദേശമാകെയും !
അവിലിന്നുള്ള കുഷ്ഠംപോൽ
നുറുങ്ങിച്ചിന്നി ഭൂതലം !

ഞെട്ടി ഞാൻ കൺതുറന്നപ്പോൾ
കേൾക്കുന്നു മൂത്ത ചക്കയിൽ
കോടാലി വീഴും നാദം.
ഭാഗ്യം ! പഴയതായുധം !

(1967 ലെ 'ഒററയാനലറുന്നു' എന്ന കവിതാ സമാഹാരത്തിൽ നിന്ന്)

ലേഖനം

# ആത്മബോധത്തിന്റെ സിംഫണി

'ഇന്നത്തെ' കലാലയ ബോധത്തിന്റെ അവസ്ഥാ പരിസരത്തിൽ നിന്നും, കയ്യുയർത്തൽ രാഷ്ട്രീയത്തിന്റെ കാമ്പസ് നിലവാരത്തിൽ നിന്നും, തികച്ചും ഭിന്നമായി പ്രകടമായ രാഷ്ട്രീയ പരിസരത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങളിലൂന്നിക്കൊണ്ടാണ് ഞാൻ ആത്മബോധത്തിന്റെ താളത്തെക്കുറിച്ച്, പരിസരത്തെക്കുറിച്ച് പറയുന്നത്. എനിക്ക് പരിഹാര നിർദ്ദേശങ്ങളില്ല. ശാഠ്യബോധമില്ലാത്ത ഒരു മനസ്സിന്റെ അറിവു പകരൽ എന്ന മുറയ്ക്കേ ഞാൻ രംഗത്തുള്ളൂ.

ഒരു പക്ഷെ പറഞ്ഞു വരുന്നത് കലാലയത്തിലൂടെ വളരുന്ന ഇന്ത്യൻ യുവതയുടെ ആത്മബോധത്തെക്കുറിച്ചായിരിക്കാം സ്വന്തമായ ആത്മബോധത്തിന്റെ ആഘോഷം പോലും നമുക്കിന്നു സാധ്യമല്ലായിരിക്കുന്നു. അങ്ങനെ സാധ്യമല്ലായിരിക്കുന്ന ആത്മബോധത്തിന്റെ ആഘോഷത്തിലേക്ക് നമ്മുടെ നിലപാടും രാഷ്ട്രീയവും വളരുന്നുണ്ടോ എന്നാണ് ഞാനാരായുന്നത്. ഒരു പരീക്ഷണ ശാലമാത്രമായ 'ചടച്ച' നമ്മുടെ വിദ്യഭ്യാസ രീതിയിൽ ആത്മബോധത്തിന്റെ ഉൽഘാടനമോ അറിവിനെക്കുറിച്ചുള്ള തിരിച്ചറിവോ നടക്കുന്നേ ഇല്ല. നമ്മുടെ ക്ലാസ്സ് മുറകളിൽ നടക്കുന്നത് ഒരു തരം നിക്ഷേപമാണ്. വിദ്യാർത്ഥിയുടെ സർഗ്ഗാത്മകതയ്ക്ക് അവിടെ വലിയ സ്ഥാനമൊന്നുമില്ല. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന തലമുറ 'ടൈപ്പ്' (type) കളുടെ ഒരു കണ്ണാടിക്കൂടാണ്. തീർത്തു വെക്കുന്നത്. അതായത് തന്നെക്കുറിച്ചുള്ള തിരിച്ചറിവില്ലാത്ത ഒരു അടിമയുടെ ആത്മബോധത്തെ ഇന്ത്യൻ മനസ്സ് സൂക്ഷിക്കുന്നു എന്നാണ് ഞാൻ പറഞ്ഞുവരുന്നത്.

നമ്മുടെ വിദ്യാഭ്യാസ രംഗം type കളുടെ ഒരു പ്രദർശന ശാലയായിരിക്കുന്നു. പരീക്ഷ, പേപ്പറിൽ വിദ്യാർത്ഥികൾ വരുത്തുന്ന തെറ്റുകൾ പോലും, നമ്മുടെ കമ്പോളത്തിലെ ഉൽപന്നങ്ങൾ പോലെ, ഒരുപോലെ ഇരിക്കുന്നു എന്ന ചൂണ്ടിക്കാട്ടൽ ഈ type കളുടെ ലോകത്തെക്കുറിച്ച് സംസാരിക്കുന്നുണ്ട്. ഈ type കളുടെ മാനസിക നിലവാരത്തിലിരിക്കുന്ന നമ്മുടെ ക്ലാസ്സ് മുറികളിലോ കാമ്പസ്സിലോ 'ആത്മബോധത്തിന്റെ ആഘോഷമോ, സർഗ്ഗാത്മക പ്രവർത്തനമോ നടക്കുന്നേ ഇല്ല. ഏയ് ...... എന്താ നമ്മുടെ കാമ്പസ്സ് കവികളെ മറന്നോ? എന്ന് ചോദിച്ചേക്കാം. പക്ഷെ ഇതിന് നമ്മുടെ മുൻ മാഗസിൻ എഡിറ്റർ ചൂണ്ടിക്കാട്ടിയ ഒരു വിപണിയുടെ മനശ്ശാസ്ത്രമുണ്ട്. 'നെൽസൺ മണ്ടേലയെങ്ങാനും മോചിതനായാൽ പിന്നെ നമ്മുടെ പല കവികളുടെയും വെള്ളം കടി—മുട്ടിയേക്കും'. ഈ സർഗ്ഗാത്മകത എത്രമാത്രം ഉപരിപ്ലവവും പരിഹാസ്യവുമാണെന്ന് ആലോചിക്കുക. ഈ രീതിയിലുള്ള ഉപരിപ്ലവമായ കാമ്പസ്സ് രാഷ്ട്രീയവുമാണ് നമ്മുക്കുള്ളത്. നമ്മുടെ

**മെഹർ. III B. A.**

കാമ്പസ്സിൽ ചങ്കുപൊട്ടി കയ്യുയർത്തുന്നവന്റെ കണ്ണ് വരാന്തയുടെ മൂലക്ക് ചെറുചിരിയനക്കുന്ന പെൺകുട്ടിയുടെ ചുണ്ടുകളിലാണ് എന്ന അറിവ് പുതുമയുള്ളതല്ലെങ്കിലും ഒരു സാമാന്യ സത്യമാണ്.

പറഞ്ഞുവന്നത് നിലനില്ക്കുന്ന ഒരു One diomentional (പത്രക്കടലാസിലെ ഏകമാനബോധം) ബോധത്തെക്കുറിച്ചാണ്. ഈ അവസ്ഥാ പരിസരത്തിൽ നമ്മുടെ മീഡിയാ'കളും വർത്തിക്കുന്നത് വിപണിയുടെ രാഷ്ട്രീയാടിസ്ഥാനത്തിൽ തന്നെയാണ്. വർത്തമാനപത്രം കാർട്ടൂൺ ചിത്രകല, സിനിമ, സാഹിത്യം തുടങ്ങി എല്ലാ പ്രധാന മീഡിയാകളിലും 'കമ്പോള മനസ്സിന്റെ' അടിയൊഴുക്ക് കാണാവുന്നതാണ്. ഇവ സമയം കണ്ടെത്തുന്നത് 'മുൻവിധി'കളുടെ അടിസ്ഥാനത്തിൽ ശരികളെയും തെറ്റുകളെയും വേർതിരിക്കുന്നതിനാണ്. അതായത് 'ഉണ്ട ചോറിന് നന്ദി കാണിക്കലാണ് ശരി' എന്നും 'ഉണ്ട ചോറിനെ തിരിച്ചറിയലല്ല' എന്നും ഇവർ വരുത്തി തീർക്കുന്നു.


ഹാസ്യമാധ്യമമായ കാർട്ടൂണിന്റെ ലോകത്തെ തിരഞ്ഞാൽ നമുക്ക് മനസ്സിലാകും കരുത്തുറ്റ രാഷ്ട്രീയാക്ഷേപ ഹാസ്യത്തിന് സാദ്ധ്യതകളുള്ള കാർട്ടൂൺ 'വെറും ചിരി'യുടെ ലോകത്തേക്ക് ഇടിഞ്ഞുവീണതായിട്ട്. നമ്മുടെ വർത്തമാനപത്രങ്ങൾ അവതരിപ്പിച്ച ഒരു ഇടിവായിരുന്നു ഇത്. അതെ, വെറും ചിരിയിലൂടെയും വെറും, കളികളിലൂടെയും ശൂന്യതയുടെ ഒരു ലോകത്തേക്ക് തള്ളിവിടുക.



ബോററം, താൽപര്യമില്ലായ്മയും ഒരു തലമുറയുടെ ശിരോലിഖിതങ്ങളാകാൻ ഇത്തരം മീഡിയാകൾ വെപ്പേണിയാണ്. കോഴിക്കോട്ട് ഈയിടെ നടന്ന കാർട്ടൂൺ മേളയിൽ ഉയർന്ന പ്രധാന ചോദ്യവും ഈ 'വെറും ചിരി'യെ ചുററിപ്പററിയായിരുന്നു. അവസാനം കണ്ണുകളിൽ പ്രകാശവും ജിജ്ഞാസയും സൂക്ഷിക്കുന്നവൻ ഉത്തരം തേടി—'ചിന്തയുടെ അംശമില്ലാത്ത ചിരിയും കരച്ചിലും ശുദ്ധ അസംബന്ധമാണ്'. ഏതൊരു മീഡിയായും സമഗ്രമായൊരു വായന ആവശ്യപ്പെടുന്നതും ഈയൊരു ഘട്ടത്തിലാണ്.

ഇനി പോപ്പുലർ മീഡിയാ ആയ സിനിമയുടെ പരിസരത്തിൽ തിരയുക. പോപ്പുലാരിററിയുടെ അടിസ്ഥാനത്തിൽ ഏററവും കൂടുതൽ ചലന .സാദ്ധ്യതകളുള്ള മീഡിയാ ആണ് സിനിമ. പലപ്പോഴും ഒരു ജനതയുടെ രീതിയും കൾച്ചറും നിർണ്ണയിക്കാൻവരെ ഇത് പര്യാപ്തമാണ്. എന്നാൽ ഇന്നത്തെ സിനിമയുടെ സത്യവും രീതിയും എന്താണ്? നമ്മുടെ സാധാരണ കാഴ്ചപ്പുറത്തിനകത്തെ (Normal Sight) പ്രാഥമിക തലത്തിലെ ചലനരീതിയായ 'മുൻവിധി'കളുടെ അടിസ്ഥാനത്തിൽ രീതികൾ വരുത്തിത്തീർക്കുക, അഥവാ ചലിപ്പിക്കുക. ഈ നിലപാട് നമ്മുടെ സിനിമാരംഗത്തെസംബന്ധിച്ച് പ്രേക്ഷകന്റെ ഭാഗത്തും സിനിമ സൃഷ്ടിക്കുന്നവന്റെ ഭാഗത്തും ഒരുപോലെ നടക്കുന്നു. സ്വയം പ്രതിരോധ (Defence Mechanism) സ്വഭാവം പുലർത്തുന്ന ഒരു പ്രേക്ഷക ജനത എപ്പോഴും തന്റെ കഴിവിനെക്കുറിച്ച് ശാഠ്യം പിടിക്കുന്നു. അതായത് സ്ക്രീനിൽ തനിക്ക് മനസ്സിലാവുന്നത് സെക്സും, സ്ററണ്ടും, പ്രേമവും മാത്രമാണ്, അല്ലാതെ ആത്മബോധത്തിന്റെ ഉൽഘാടനത്തെക്കുറിച്ചും തന്റെ 'മുഷ്ടി'യുടെ കരുത്തിനെക്കുറിച്ചും ഒന്നും പറഞ്ഞാൽ തനിക്ക് മനസ്സിലാവില്ല എന്ന് ആധുനിക പ്രേക്ഷകൻ സ്വയം പ്രതിരോധിക്കുന്നു, ശാഠ്യം പിടിക്കുന്നു.

സെക്സും, സ്ററണ്ടും മാത്രമേ നമ്മുടെ പ്രേക്ഷകർക്ക് രുചിക്കൂ എന്ന് സിനിമാ നിർമ്മാതാക്കളും മനസ്സിരുത്തുന്നു. ഇങ്ങനെയാണ് നമ്മുടെ സമൂഹത്തിൽ പൈങ്കിളി മീഡിയാകൾ വളർത്തുന്ന മാസ്സ് കൾച്ചർ (Mass Culture) ഒരു രീതിയാവുന്നതും. ഇവിടെയാണ് നമ്മുടെ അടൂർ ഗോപാലകൃഷ്ണൻ ആത്മാവിൽ കരച്ചിൽ നിറച്ചുകൊണ്ട് പരിഹാരം തേടുന്നത്, 'സെക്സും സ്ററണ്ടും, നൃത്തവും' കാണാൻ സിനിമാശാല തന്നെ വേണമെന്ന് പ്രേക്ഷകൻ ശാഠ്യം പിടിക്കരുത്. അതുപോലെ ഇതൊക്കെ ഒരുക്കിവെച്ചുകൊടുക്കാമെന്ന് സിനിമാ നിർമ്മാതാവും കരാറെടുക്കരുത്. ഇത്തരമൊ



രവസ്ഥയിൽ സിനിമാനടൻ കൾട്ട് ഫിഗറാവുന്ന പ്രശ്നവും ഉദിക്കുന്നില്ല. സിനിമ ചിന്തിക്കുന്നവന്റെ 'ജോലി'ചെയ്യുന്നവന്റെ കലയാണ്. ഇത് പ്രഖ്യാപിച്ചവരാണ് പ്രസിദ്ധരായ സിനിമക്കാരെല്ലാം. ഗ്രിഫിക്ക്, അതുപോലെ സിനിമ ഒരു ജനതയുടെ നാവാണെന്ന് കാണിച്ച 'ഈസൻസ്റ്റീൻ', ഇങ്ങേയററത്ത് 'തർക്കോവ്സ്കി'വരെ ഇത് പ്രഖ്യാപിക്കുന്നു.

ഈ മീഡിയാകൾക്കു നേരെ കാമ്പസ്സുകൾ പുലർത്തുന്ന അപ്രോച്ചിൽ നിന്ന് നിലനിൽക്കുന്ന അവസ്ഥാ പരിസരത്തിനു നേരെ എത്രമാത്രം നിർലജ്ജവും നിർജ്ജീവവും ആയ പ്രതികരണം അവർ സൂക്ഷിക്കുന്നു എന്ന് മനസ്സിലാക്കാൻ കണ്ണിൽ ചലനങ്ങളുള്ളവന് ആയാസപ്പെടേണ്ടതില്ല. ഉൾക്കൊള്ളുന്നവരും തിരിച്ചറിയുന്നവരും പ്രകാശം സൂക്ഷിക്കുന്നവരും ഒററയക്കത്തിൽ ചുരുങ്ങുന്നു. മറിച്ച് മഹാസർവ്വത്രിക ഭാഗവും പത്രക്കടലാസ് വാർത്തകളിലെ പ്രബുദ്ധത മാത്രം സൂക്ഷിക്കുന്നു. അതെ, ആത്മബോധത്തിന്റെ താളം ഏകമാനത്തിൽ മുറിഞ്ഞുപോയിരിക്കുന്നു എന്നതിലേക്കാണ് നമ്മുടെ 'സിംഫണി' അറിയുന്നത്.

വിമോചന സ്വപ്നം സൂക്ഷിക്കുന്ന ഒരു ജനതയുടെ 'ക്രിയേററിവിററിയിലേക്ക്' ഉള്ള പകരാൻ ഇന്നത്തെ കാമ്പസ്സ് സജ്ജമല്ല. ടെക്നിക്കും ശാസ്ത്രവും അതിന്റെ കേവല രൂപത്തിലേ ഈ മനോനിലയെ സജ്ജീകരിക്കുന്നുള്ളൂ. സമഗ്രനിഷേധിയായ ലൂയിബുനുവലിന്റെ ചിത്രങ്ങൾ ശ്രദ്ധാർഹമാണ്.

അപുത്രയം സീരിയലിലൂടെ ജീവിതത്തിലേക്ക് ക്യാമറയുടെ കണ്ണ് പ്രസിദ്ധമായി പിടിച്ച സത്യജിത് റേയേയും പ്രതിഭയുള്ള നമ്മുടെ അടൂരിനെയും മറക്കാതെ പോകുമ്പോഴും ജോൺ വേർതിരിഞ്ഞു നില്ക്കുന്നു. നമ്മുടെ മധ്യവർഗ്ഗ സദാചാര ബോധങ്ങളെ കാർക്കിച്ചു തുപ്പിക്കൊണ്ട് ഈ നിഷേധി ജീവിതത്തിന്റെ പച്ചയിലേക്ക് കലാപം ചെയ്തുകൊണ്ടടുത്തു. നോക്കൂ ഒരു കുറിപ്പ്: കലാപം ചെയ്യാനുള്ള ആഹ്വാനമല്ലേ ജോൺ സിനിമകൾ, ഒരു സാധ്യതയുടെ ചിത്രീകരണമാണവ, പ്രവചിക്കപ്പെട്ട ഭാവി കാലത്തിന്റെ ചരിത്രക്കുറിപ്പ്; നഗ്നനായി നടക്കുന്നതിന് കൂടുതൽ സത്യസന്ധതയും ശ്രമവും വേണമെന്ന് ;തന്റെ മുൻഗാമിയെ പോലെ ജോൺ വിശ്വസിച്ചു. ജോൺ ഒരിക്കൽ പകൽ വെളിച്ചത്തിൽ ഒരു വേശ്യയെ ആലിംഗനം ചെയ്തു. എന്നിട്ട് പറഞ്ഞു: അസ്തമയത്തിനു ശേഷം ഇവളെ പ്രാപിക്കുന്ന സകലരുടെയും പ്രായശ്ചിത്തമായാണ് ഞാനിതു ചെയ്യുന്നത്. നാമെങ്ങനെ നിഷേധിയായ ഈ ജനകീയ സിനിമക്കാരനെ സ്വീകരിച്ചു.



# അതുകൊണ്ട് നമുക്ക് പറയാതിരിക്കാം

അതുകൊണ്ട്, ഇനി നമുക്ക്
പോയകാലത്തിന്റെ മഹത്വങ്ങളെക്കുറിച്ചുള്ള
പ്രക്ഷേപണങ്ങൾ ഉപേക്ഷിയ്ക്കാം.
അകാലത്തിൽ കരിഞ്ഞുപോയ
ആ പഴയ പ്രേമത്തെക്കുറിച്ചുള്ള
വിഷാദപൂർണ്ണമായ സ്മൃതികളും
അല്പനേരത്തേയ്ക്ക് ഉപേക്ഷിയ്ക്കാം,
പിതാവിലേക്കുള്ള വഴിതേടുന്ന
പുരോഹിതന്മാരെക്കുറിച്ച്
നമുക്ക് അസൂയപ്പെടാതിരിക്കാം.
ചാരിത്ര്യം നഷ്ടപ്പെട്ട പെണ്ണിന്റെ
ആർത്ത വിലാപങ്ങൾക്ക്
ചെവി കൊടുക്കാതിരിക്കാം.
ഈ ചുടുചാമ്പലും വാരിക്കെട്ടി
ഒരിററു വെള്ളവും തളിച്ച്
അല്പനേരം.....ഒരല്പനേരം
നമുക്ക് എല്ലാമുപേക്ഷിയ്ക്കാം.....എല്ലാം.
കറുത്ത ഇരുട്ടിൽ, സ്വന്തം മൃഗീയത
തേടുന്ന മനസ്സുകളെ
നമുക്ക് വെറുക്കാതിരിക്കാം.
ക്ലാസുമുറികളിൽ തളച്ചിടപ്പെടുന്ന
നാളെയുടെ ഗായകരെക്കുറിച്ച്
നമുക്ക് സഹതപിക്കാതിരിക്കാം.
സത്യത്തിന്റെ ശവത്തിനു ചുററും
വട്ടമിടുന്ന ഈച്ചകളെ
നമുക്ക് ആട്ടിയോടിക്കാതിരിക്കാം.

ഒടുവിൽ........
വാഹനങ്ങൾക്ക് വഴികൊടുക്കാതിരിക്കാം;
ആത്മഹത്യകളെ സാധൂകരിക്കാതിരിക്കാം;
ജനൽച്ചില്ലുകൾ തകർക്കാതിരിക്കാം;
ചേലകൾ അഴിക്കാതിരിക്കാം;
ചത്തവന്റെ സുവിശേഷം പറയാതിരിക്കാം;
ഒടുക്കം, കണ്ണടച്ചിരുട്ടാക്കാതിരിക്കാം.
എങ്കിലും........
അമ്മയുടെ മടിത്തട്ടിൽ, സ്വന്തം
മുഖങ്ങൾ ഒളിക്കുന്നവരെ
നമുക്ക് സ്നേഹിക്കാൻ ശ്രമിക്കാം
സ്നേഹിച്ച്....സ്നേഹിച്ച്....ഒടുവിൽ
നമുക്ക് എല്ലാവരേയും വെറുക്കാം!....

---

വിശ്വജിത് ജലീൻ I B A



## കാമ്പസ് നുറുങ്ങുകൾ

### ഉറക്കെപ്പറയില്ല.

ഈ അദ്ധ്യായന വർഷവും കഴിയാറായി. ക്ലാസുകൾ തീരാൻ ഇനി കഷ്ടിച്ച് ഒരു മാസം കൂടിയുണ്ടാകും. കലണ്ടറിലെ ചുവന്ന അക്കങ്ങളും സമര—പ്രകടന ദിവസങ്ങളും കഴിച്ച് എട്ടോ പത്തോ പകലുകളിലെ ഒന്നോ രണ്ടോ മണിക്കൂറുകൾ മാത്രം.

വിദ്യാർത്ഥി :

സാർ, പകുതിയോളം പോർഷൻസ് ഇനിയും തീരാനുണ്ട്.

അദ്ധ്യാപകൻ :

പകുതി കവർ ചെയ്തല്ലോ. നിങ്ങളുടെ സീനിയേഴ്സിന് അതുപോലും തീർന്നിട്ടില്ലായിരുന്നു. പിന്നെ ഇതെല്ലാം നിങ്ങൾ സ്വയം വായിച്ചു, നോട്ട്സുണ്ടാക്കി, ചർച്ച ചെയ്തു പഠിക്കേണ്ടതാണ്. മനസ്സിലായോ?

പിന്നീടവർക്കിടയിൽ നടന്ന മൗന സംഭാഷണം:

വിദ്യാർത്ഥി:

കൊട്ടക്കണക്കിന് ശമ്പളം തന്ന് നിങ്ങളെയൊക്കെ പോററുന്നതെന്തിനാണെന്ന് മനസ്സിലായില്ല.

അദ്ധ്യാപകൻ :

എൽ. പി. സ്കൂളല്ലിത്. നിങ്ങൾക്ക വേണ്ട ഗൈഡൻസു തരാനാണ് ഞങ്ങൾ.

വിദ്യാർത്ഥി :

ഗൈഡുകൾ പുറത്തുനിന്നു തന്നെ ധാരാളം കിട്ടാനുണ്ടല്ലോ; കുറഞ്ഞ ചിലവിൽ, കൂടുതൽ മെച്ചപ്പെട്ടത്?

അദ്ധ്യാപകൻ :

നിങ്ങൾക്കെന്തിനാ ക്ലാസ്? പ്രസൻറ് പോരെ? അതിനല്ലേ ക്ലാസിൽ വരുന്നത്?

വിദ്യാർത്ഥി :

നിങ്ങളും അതെ. പ്രസൻെറടുക്കാൻ.

അദ്ധ്യാപകൻ :

കേവലം പ്രസൻറിനു വേണ്ടി നിങ്ങൾ, നിങ്ങളുടെ കുടുംബം, ബസ് ജീവനക്കാർ, യാത്രക്കാർ, നാട്ടുകാർ, സമൂഹം, രാഷ്ട്രം എത്ര കഷ്ടപ്പെടുന്നു. എത്രമുതൽ മുടക്കുന്നു. സാധാരണക്കാരൻെറ വിയർപ്പും രക്തവും.....

വിദ്യാർത്ഥി :

കേവലം പ്രസൻെറടുക്കാൻവേണ്ടി...............

.................................................................

സാധാരണക്കാരൻെറ വിയർപ്പും രക്തവും.....

മറെറാരു വിദ്യാർത്ഥി :

സാർ ബെല്ലടിച്ചു.

അദ്ധ്യാപകൻ :

യേസ്, ലേററ് കമേഴ്സ്, പ്ലീസ്?

വിദ്യാർത്ഥികൾ :

—നമ്പർ ഫൈവ്

—നമ്പർ സെവൻ

—ഫോട്ടീൻ

o റഗുലർക്ലാസുകൾ കഴിഞ്ഞു.
ഇന്നൊരു സ്പെഷ്യൽ ക്ലാസ്.
താടിക്ക് കൈയുംവെച്ച്
മയക്കത്തിലറിഞ്ഞു:
ഹാംലെററും മക്‌ബെത്തും ജൂലിയസ് സീസറും
ഫോസറും മിൽട്ടനും
പിന്നെ ബാക്കിവെച്ചതെല്ലാം തീർന്നു!
സാർ പറഞ്ഞു:
Now we've covered
all the portions.
ഒരു ദീർഘ നിശ്വാസം.

o ഒരിക്കലൊരിടത്തൊരു
രാജാഗേററുണ്ടായിരുന്നു.
രാജാഗേററിന് രണ്ട് മിനാരങ്ങളുണ്ടായിരുന്നു.
ഒന്നു കിഴക്കും ഒന്നു പടിഞ്ഞാറും.
പടിഞ്ഞാറെ മിനാരത്തിനുകീഴിൽ നടന്നതെല്ലാം
കിഴക്കെ മിനാരം നിസ്സംഗതയോടെ നോക്കിനിന്നു.
ഗേററിൻെറ തറക്കല്ലുകൾ
ഇളകാൻ തുടങ്ങി. (തുടരും)

### ലക്ഷ്മി

o ലക്ഷ്മിയുടെ തൊലി കറുപ്പാണ്.
അവൾ മിഡി ധരിക്കാറില്ല.
വെളുത്ത കണങ്കാലുകളില്ലാത്തവൾ.
ലക്ഷ്മി ബാക്ക്ബെഞ്ചിലൊരററത്താണിരിക്കുന്നത്.
ആർക്കുമവളെ പരിചയപ്പെടേണ്ട.
അവൾ അർദ്ധനഗ്നയല്ല.
അവൾക്ക് വെളുത്ത മാറിടമില്ല.
ലക്ഷ്മിയുടെ തൊലി കറുപ്പാണെന്നു പറഞ്ഞില്ലേ

അവളുടെ പേര്
നാട്
വീട്
മാർക്ക്
നായകൻ
ഹോബി
ഹാബിററ്സ്
..................

ഇതൊന്നും ആർക്കും അറിയില്ല; അറിയേണ്ട.
ഒന്നറിയാം!
ലക്ഷ്മിയുടെ തൊലി കറുപ്പാണ്.
അവൾക്കമറിയില്ല: എന്ത്?
രൂക്ഷമായ വിയർപ്പിൻെറ ഗന്ധം;
വായ്നാററം എന്താണെന്ന്.
പരിചയപ്പെടാൻ ഇറങ്ങിത്തിരിച്ചവർ
ലക്ഷ്മിയുടെ അടുത്ത് പോകാറില്ല!
ലക്ഷ്മി ഭാഗ്യം ചെയ്തവൾ.



സലാം മലപ്പുറം

# കാമ്പസ് തിയേറ്റർ പ്രയോഗവും സാധ്യതകളും



ആധുനിക നാടകവേദിയുടെ പ്രയോഗ സമ്പ്രദായങ്ങളിൽ ഒട്ടേറെ പഠനങ്ങൾക്കും പരീക്ഷണങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു മേഖലയാണ് കാമ്പസ് തിയേറ്റർ. നാടകം എന്ന ദൃശ്യകല അതിന്റെ എല്ലാ അർത്ഥത്തിലും പൂർണ്ണത പ്രാപിച്ച പാശ്ചാത്യ നാടുകളിലും റഷ്യയിലും മറ്റും സാർവ്വജനീന നാടകാവതരണ സമ്പ്രദായത്തിൽ നിന്ന് വേറിട്ടു നില്ക്കുംവിധം കാമ്പസ് നാടകവേദി സ്വാശ്രയത്വം കൈവരിച്ചിരിക്കുന്നു. അവിടങ്ങളിൽ മുഖ്യധാരാ നാടകങ്ങളിൽ നിന്ന് കാമ്പസ് നാടകങ്ങൾ പ്രകടമാം വിധം വേറിട്ടു നിൽക്കുന്നുണ്ട്. കാമ്പസിന്നകത്തും പുറത്തുമുള്ള സമൂഹങ്ങൾ നാടകത്തിന്റെ പ്രയോഗ–സംവേദന രീതികളോട് പ്രതികരിക്കുന്നതിലുള്ള വൈരുദ്ധ്യമാണ് ഈ മാറ്റം സാധിച്ചെടുത്തത്.

ലോകത്ത് പ്രശസ്തമായ എല്ലാ യൂണിവേഴ്സിറ്റികളിലും നാടകം ഗവേഷണ സാധ്യതയുള്ള 'ഓപ്ഷണൽ സബ്ജക്ട്' ആണ്. കേംബ്രിഡ്ജിലും ടെക്സാസിലും മോസ്കോവിലും പാരീസിലുമൊക്കെ സർവ്വകലാശാലകളോട് ബന്ധപ്പെട്ട് ഡ്രാമ ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നിന്ന് പരിശീലനം നേടിപുറത്തുവരുന്ന പഠിതാക്കൾ സാർവ്വ ലൗകികസ്വഭാവമുള്ള ഒരു കാമ്പസ് തിയേറ്ററിന് രൂപം കൊടുക്കുന്നുണ്ടെന്ന് പറയാൻവയ്യ. ഉണ്ടെങ്കിൽ തന്നെ അവ കാമ്പസ് തിയറ്ററിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ തേടുന്നവയല്ല. ഈ അക്കാഡമിക് നാടക സമ്പ്രദായങ്ങളെ തീർത്തും ബഹിഷ്കരിച്ചാണ് പല രാജ്യങ്ങളിലും കാമ്പസ് തിയേറ്റർ രൂപ

പ്പെട്ടത്.

സർവ്വകലാശാലകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന നാടക പാഠശാലകളിൽ വിശ്വനാടകവേദിയും ലോക ക്ലാസിക്കുകളും പാഠ്യ വിഷയമാണ്. നാടകത്തിന്റെ പ്രാചീനവും ആധുനികവുമായ രംഗപ്രയോഗ സമ്പ്രദായങ്ങളും സംവേദനത്തിലെ വ്യത്യസ്ത തലങ്ങളും ഇവിടെ പഠിപ്പിക്കുന്നു. ഇവയെല്ലാം തന്നെ നാടകത്തെ ഒരു "സബ്ജക്ട്" എന്ന നിലയിൽ സ്പെഷ്യലൈസ് ചെയ്യാനും പഠിതാവിനെ കാമ്പസിനു പുറത്തെ നാടകലോകത്ത് പ്രൊഫഷനലാക്കാനുമുള്ള സമ്പ്രദായങ്ങളാണ്, ഈ സമീപനങ്ങൾ കാമ്പസ് തിയേറ്ററിന് വിശേഷിച്ചൊരു ഗുണവും ചെയ്തിട്ടില്ല.

കാമ്പസ് തിയറ്ററെന്ന് കേൾക്കുമ്പോൾ പെട്ടെന്ന് നമ്മുടെ ഓർമ്മയിലേക്ക് കടന്നുവരുന്ന ലോകപ്രശസ്തമായ കാമ്പസ് നാടക ഗ്രൂപ്പുകളുണ്ട്. ചെഖോവിന്റേയും മയക്കോവ്സ്കിയുടേയും ഗോർക്കിയുടേയുംമറ്റും നാടകങ്ങളവതരിപ്പിച്ച് ശ്രദ്ധേയമായ മോസ്കോ യൂണിവേഴ്സിറ്റി തിയറ്റർ, ടെക്സാസ് യൂണിവേഴ്സിറ്റിയിലെ സ്റ്റുഡൻറ്സ് തിയറ്റർ, പാരീസിലെ യൂണിവേഴ്സിറ്റി ലിറ്ററിൽ തിയറ്റർ എന്നിവ. ഇവയെല്ലാംതന്നെ ലോക പ്രശസ്ത നാടകകൃത്തുക്കളുടെ നാടകങ്ങൾ കാമ്പസിനകത്തും പുറത്തും അവതരിപ്പിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. തികച്ചും പുതിയതും തനിമ ആവശ്യപ്പെടുന്നതുമായ കാമ്പസ് നാടകവേദിക്കുവേണ്ടി പ്രത്യേകിച്ചൊന്നും ചെയ്തിരുന്നില്ല.

നമ്മുടെ നാട്ടിൽ കണ്ടുവരുന്ന സ്ഥിതി ഇതിനേക്കാൾ പരിതാപകരമാണ്. സജീവമായ കാമ്പസ് തിയറ്ററുകൾ ഇന്ത്യയിലെവിടെയും ഇന്ന് നിലവിലില്ല. വർഷങ്ങൾക്കുമുമ്പ് ഡൽഹിയിലും കൽക്കത്തയിലും പൂനയിലും സജീവമായ കാമ്പസ് തിയറ്റർ നാടകങ്ങളും ഉണ്ടായിരുന്നു. കേരളത്തിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, ആർട്സ് കോളേജ്, എറണാകുളം മഹാരാജാസ് എന്നിവിടങ്ങളിലും സജീവമായ കാമ്പസ് നാടകവേദി നിലനിന്നിരുന്നു. കോഴിക്കോട് ഗവ. ആർട്സ് കോളേജിലും ഈ രീതിയിൽ ചില ശ്രമങ്ങൾ നടന്നിരുന്നു. പക്ഷെ, ഇന്ന് സ്ഥിതി മറിച്ചാണ്. ഇന്ത്യൻ യൂണിവേഴ്സിറ്റികളിൽ നാടകം ഒരു ഡിപ്പാർട്ടുമെന്റ്തല പാഠ്യവിഷയം പോലുമല്ല. ഏറെ കാത്തിരിപ്പിനുശേഷം നമുക്കു ലഭിച്ച 'സ്കൂൾ ഓഫ് ഡ്രാമ'പോലും പേരു സൂചിപ്പിക്കുന്നതുപോലെ ഒരു നാടക പഠനകേന്ദ്രമാണ്. വർഷം വർഷം നടക്കുന്ന യൂണിവേഴ്സിറ്റി യുവജനമേളയിലെ നാടക വിഭാഗത്തിൽ പോലും നാം കേൾക്കുന്നത് വിദ്യാർത്ഥി സമൂഹത്തിന്റെ നാഡീ സ്പന്ദനങ്ങൾക്കുപകരം അവർക്കന്യമായ ഏതോ ഒരു ലോകത്തിന്റെ ആർപ്പുംവിളികളുമാണ്. എങ്കിലും കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റുഡൻസ് യൂണിയന്റെ മേൽനോട്ടത്തിൽ കഴിഞ്ഞ ചില വർഷങ്ങളായി നടത്തിവരുന്ന 'കലാജാഥകൾ' ആശാവഹമായ ചില സൂചനകൾ തരുന്നതാണ്. പാഠ്യവിഷയങ്ങളും അല്ലാത്തവയും കൂട്ടിച്ചേർത്ത് കേന്ദ്രീകൃത റിഹേഴ്സൽ ക്യാമ്പുകളിൽ വെച്ച് പരിശീലിച്ച് നാടകങ്ങളും സംഗീതശില്പങ്ങളും ചൊൽക്കൂത്തുകളും തയ്യാറാക്കി വിവിധ കലാലയങ്ങളിൽ വിദ്യാർത്ഥികൾക്കുമുമ്പാകെ അവതരിപ്പിക്കുന്ന രീതി കാമ്പസ് തിയേറ്ററിന്റെ ഉദ്ദേശലക്ഷ്യങ്ങളെ സാധൂകരിക്കുന്നതാണ്.



കാമ്പസ് നാടകവേദി ആവശ്യപ്പെടുന്ന പ്രയോഗ—സംവേദന തലങ്ങൾ ഏതായിരിക്കണമെന്നതിൽ തർക്കമുണ്ടെന്നു തോന്നുന്നില്ല. കലാശാലകളിലെ ഒരു സാധാരണ വിദ്യാത്ഥിക്ക് വ്യത്യസ്തമായ അറിവിന്റെ മേഖലകൾ കീഴടക്കുന്നതിന് തടസ്സമാകുന്ന തരത്തിൽ വൈരുദ്ധ്യം നിറഞ്ഞതാണ് അവന്റെ പാഠ്യക്രമങ്ങൾ. തികച്ചും നിഷ്ഫലമായ സിലബസുകൾ. യാഥാർത്ഥ്യബോധമില്ലാതെ തയ്യാറാക്കിയതും മടുപ്പിക്കുന്നതുമായ പുസ്തകങ്ങൾ. ഇവ ഒരു വിദ്യാർത്ഥിയെ തന്റെ യഥാതഥമായ സാമൂഹ്യാവസ്ഥയിൽനിന്ന് അന്യവൽക്കരിക്കുന്നു. ഈ അന്യവൽക്കരണം ഇല്ലാതാക്കുകയും സാമൂഹ്യ യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള അറിവ് അവനുനല്കാൻ സഹായിക്കുകയുമാണ് കാമ്പസ് തിയേറ്ററിലൂടെ ചെയ്യാവുന്നത്. മടുപ്പിക്കുന്ന പാഠ്യവിഷയങ്ങൾവരെ ലളിതവും ഹൃദ്യവുമായ രീതിയിൽ സ്വാംശീകരിക്കുന്നതിന് കലാശാലാ നാടകങ്ങൾ അവനെ സഹായിക്കേണ്ടതാണ്. ഇതല്ലാതെ മറ്റൊരു ലക്ഷ്യം കാമ്പസ് തിയേറ്ററിന് ഉണ്ടാവേണ്ടതില്ല.

കാമ്പസ് തിയേറ്ററിന്റെ നാടകാവതരണ രീതി നിലവിലുള്ള പ്രൊസീനിയം സങ്കല്പങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായിരിക്കണം. പ്രദർശനാർത്ഥത്തിൽ നിർമ്മിക്കുന്ന ഒരു സ്റ്റേജ് ഇവിടെ ആവശ്യമില്ല. ക്ലാസ്മുറിയിലും വരാന്തയിലും തുറസ്സായ മുറ്റത്തും യഥേഷ്ടം നാടകം അരങ്ങേറാം. തെരുവു നാടക സമ്പ്രദായങ്ങളോട് സാമ്യമുള്ള രീതിയാണ് അവതരണത്തിന് തെരഞ്ഞെടുക്കേണ്ടത്. ലളിതവും ഐക്യരൂപമുള്ളതുമായ വേഷങ്ങൾ ധരിച്ച് രംഗത്തു വരുന്ന നടന്മാർ സംഗീതത്തിന്റെയോ ഇഫക്ടുകളുടേയോ ഉച്ചഭാഷിണിയുടേയോ സഹായമില്ലാതെ ശരീരവും ശബ്ദവുമുപയോഗിച്ച് നാടകക്രിയാരൂപത്തിന്റെ ദൃശ്യാവിഷ്കാരം നടത്തുന്നതാണ് സാർവ്വത്രികമായ രീതി. കുറേക്കൂടെ ഗൗരവമാർന്ന ഇതിവൃത്തമാണ് രംഗാവതരണത്തിന് തെരഞ്ഞെടുക്കുന്നതെങ്കിൽ കാമ്പസ്വിട്ട് നഗരങ്ങളിലെ സ്ട്രീറ്റുകളോ മൈതാനങ്ങളോ ഉപയോഗപ്പെടുത്താവുന്നതാണ്.

ബ്രാഡ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ ഒരുകൂട്ടം വിദ്യാർത്ഥികൾ അവരുടെ പാഠ്യവിഷയമായ റഷ്യൻ വിപ്ലവ ചരിത്രം കാമ്പസ് തിയറ്റർ രീതി ഉപയോഗിച്ച് ഒരിക്കൽ അവതരിപ്പിക്കുകയുണ്ടായി. സംവിധായകനായ പ്രൊഫ: ആൽബർട്ട് ഹണ്ട് നാടകാവതരണത്തിന് തെരഞ്ഞെടുത്തത് തൊട്ടടുത്ത നഗരം തന്നെയായിരുന്നു. മുൻനിശ്ചയമനുസരിച്ച് നഗരത്തിലെ ട്രാഫിക് പോലീസുകാരും മിലിട്ടറി ട്രക്കുകളും മറ്റ് ഉദ്യോഗസ്ഥന്മാരും ഈ 'റഷ്യൻ വിപ്ലവ'ത്തിൽ പങ്കെടുത്തു.

രംഗപ്രയോഗത്തിൽ സഫലമെന്ന് തോന്നുന്നതും ലളിതമായ കമ്മ്യൂണിക്കേഷൻ സാധ്യാമാവുന്നതുമായ ഏതുതരം സ്റ്റൈലൈസേഷനും കാമ്പസ് നാടകാവതരണത്തിനു തെരഞ്ഞെടുക്കാം. ഇവിടെ ലക്ഷ്യം വിദ്യാത്ഥിയുടെ ബോധപരമായ ഉയർച്ചയാണ്. പാഠ്യവിഷയങ്ങളുടെ മടുപ്പും ഭാരവും ലഘുകരിക്കുക എന്നത് കാമ്പസ് തിയറ്ററിന്റെ ലക്ഷ്യമാണ്. ആദ്യന്തികമായി ബോധനപരമായ കടമകളത്രെ ഈ നാടകവേദിക്ക് നിർവ്വഹിക്കാനുള്ളത്. ഒരു നാടകം കൊണ്ട് കാമ്പസുകളിൽ ഇത്രയെങ്കിലും സാധിക്കുമെങ്കിൽ ഇത്തരത്തിലൊരു തിയേറ്ററിനുവേണ്ടി കലാലയങ്ങൾ ഒരിക്കൽക്കൂടി ഉണരേണ്ടിയിരിക്കുന്നു.

**സുലൈമാൻ കക്കോടി**

# കാർട്ടൂൺ കുറിക്കുകൊള്ളാനൊരു കൂരമ്പ്


എൻ. പി. ഹാഫിസ് മുഹമ്മദ്

എമ്പാടും വർണ്ണങ്ങളില്ല. ഇരുളും വെളിച്ചവും ക്രമീകരിക്കാനോ സാങ്കേതിക പരിജ്ഞാനം പ്രകടിപ്പിക്കാനോ ശ്രമമില്ല. അനേകം പുറങ്ങളിൽ വ്യാപിച്ചു കിടക്കുന്നുമില്ല. ഒരു ചെറിയ കള്ളി. നേർത്തതോ അല്പം തടിച്ചതോ ആയ രേഖകൾ. കഥാപാത്രങ്ങളുടേതായി നീണ്ട പ്രസംഗങ്ങളോ പ്രസ്താവനകളോ കാണില്ല. മറ്റ്. കാണിക്കും ഒരു വാചകം. അല്ലെങ്കിൽ രണ്ടോ മൂന്നോ. തീർന്നു. ശക്തിയുറ്റ കാർട്ടൂണായി.

പാശ്ചാത്തലത്തിൽ പ്രകൃതിദൃശ്യങ്ങളോ അലങ്കാരപ്പണികളോ ഒന്നുമില്ലാതെ, ചിലപ്പോൾ ചിത്രത്തിന്റെ സൗന്ദര്യംതന്നെ വികൃതമാക്കുംവിധം സംഭാഷണവാചകം കുത്തിനിറച്ചബലൂണുകൾകൊണ്ട് കള്ളിനിറയുന്നചിത്രം കണ്ണിലും മനസ്സിലും തറക്കുന്നു. പ്രത്യക്ഷപ്പെടുന്ന ആളിനോ വസ്തുവിനോ കൈവരുന്ന വ്യക്തിത്വവും സജീവതയും, ആകർഷകവും പ്രത്യേകമായ കാഴ്ചപ്പാടാൽ ആസ്വാദ്യകരവുമാവുന്നു. അതാണ് കാർട്ടൂൺ. ഒന്നൊന്നര നൂററാണ്ടിന്റെ വളർച്ച കാർട്ടൂൺ കലയെ കാലത്തിന്റെ കണ്ണായി കുത്തിത്തറയ്ക്കുന്ന കൂരമ്പായി മാററിയിരിക്കുന്നു.

രേഖാചിത്രമോ പെയിൻറിങ്ങോ ആവാം കാർട്ടൂൺ. ചിലപ്പോൾ ഒരു കൊളാഷ് തന്നെയാവാം. മഹായുദ്ധങ്ങളുടെ ചുടലക്കളങ്ങളിൽനിന്ന് ജീവൻ കൊണ്ട കാർട്ടൂൺ, ചിത്രാലങ്കാരങ്ങളേയോ മിനുക്കുപണികളെയോ കഴിയാവുന്നത്ര തിരസ്കരിച്ച ലാളിത്യം നേടിയെടുത്തിരിക്കുന്നു. വർണ്ണവൈവിധ്യങ്ങളെ കൈവെടിയുമ്പോഴും, കറുപ്പിലേക്കും വെളുപ്പിലേക്കും ഒതുങ്ങിടുമ്പോഴും കരുത്ത് കൂടുതൽ സ്വരൂപിച്ചിരിക്കുന്നു. നിറമെന്തായാലും തരമേതായാലും അടിസ്ഥാനപരമായി ഹാസ്യാത്മകരചനയാണ് കാർട്ടൂൺ. പരിഹാസ പ്രധാനമായ ഒരു വക്രീകരണം, നിർബന്ധാത്മകമായ ഒരു വികല വൽക്കരണം, കാർട്ടൂണിന്റെ കാതലിതാണ്. വിമർശനാത്മകമായ ഈ കാഴ്ചപ്പാടാണ് കാർട്ടൂണിനെ കൂടുതൽ രൂക്ഷവും ഫലവത്തുമാക്കുന്നത്.

കാരിക്കേച്ചർ വ്യക്തികളെ പരിഹാസ രൂപേണ ചിത്രീകരിക്കുന്നു. വ്യക്തിയുടെ മേൽ അതിശയോക്തി കലർന്ന വിശദാംശങ്ങൾ കണ്ടെത്തി പൊലിപ്പിക്കുക എന്നതാണ് കാരിക്കേച്ചറിലെ ശ്രമം. ഒരർത്ഥത്തിൽ ഒരാളിന്റെ വ്യക്തിത്വത്തെ തനതായ ഒരു കാഴ്ചപ്പാടിലൂടെ അവതരിപ്പിക്കുകയാണ് കാരിക്കേച്ചർ. ചിലപ്പോൾ സകലരും കാണുന്ന, ചിലപ്പോൾ ആരും കണാത്ത വ്യക്തിത്വത്തിന്റെ ഘടകങ്ങൾ സൂക്ഷ്മ ദൃക്കാ




സുധീർധർ :
ജനാധിപത്യം പുതിയ വിമർശനം

കെ. എസ്. പിള്ള : ജനാധിപത്യം പഴയ വിമർശനം



# കാർട്ടൂൺ

യ കാരിക്കേച്ചറിസ്റ്റ് കണ്ടെത്തും. അവ സർവ്വസമ്മതി നേടുകയും ചെയ്യും.

ആനിബേൻ കരാച്ചി, പിയർ ലിയോൺ ഗസി, വില്യം ഗോഗാർത്ത്, ഹെൻറി മേഹ്യൂ, ഡേവിഡ് ലോ ഡോമിയർ, ഗിബ്സൻ തുടങ്ങിയവർ ലോകമിന്നും ആദരിക്കുന്ന കാരിക്കേച്ചറിസ്റ്റുകളാണ്. ശങ്കറിന്റെ 'മാൻ ഓഫ് ദവീക്കും' ആർ കെ. ലക്ഷ്മണിന്റെ 'പേഴ്സണാലിററീസും' നമ്മുടെ നാട്ടിലെ ആദ്യകാല കാരിക്കേച്ചർ പംക്തികളായിരുന്നു. പ്രശസ്തങ്ങളും.

വ്യക്തികൾക്കൊപ്പം സംഭവങ്ങളേയും പരിഹാസ രൂപേണ കാർട്ടൂൺ ചിത്രീകരിക്കുന്നു. 'കട്ടിക്കടലാസ്' എന്നർത്ഥമുള്ള ഫ്രഞ്ച് വാക്കിൽ നിന്നാണ് 'കാർട്ടൂൺ' ഉണ്ടാവുന്നത്. ആദ്യ കാലങ്ങളിൽ, ചുമരിലോ യവനികയിലോ പകർത്താൻ കട്ടിക്കടലാസിൽ അലങ്കാര മാതൃകകളായി വരച്ചിരുന്ന രേഖാചിത്രങ്ങളാണ് കർട്ടൂണായി വന്നത്. അതിലൊട്ടും പരിഹാസമുണ്ടായിരുന്നുമില്ല. 1841 ൽ ലണ്ടനിൽ നിന്നാരംഭിച്ച 'പഞ്ച്' കാർട്ടൂൺ മാസികയുടെ പ്രസാധനത്തോടെ കാർട്ടൂണിന് പുതിയൊരു മാനവും അംഗീകാരവും കിട്ടി ഡേവിഡ് ലോ, തോമസ് നാസ്ററ്, ജോസഫ് കെപ്ലർ, റൗലാണ്ട്സൺ, ഗവാർത്തി, ഗ്രാൻഡ്‌വിൽ തുടങ്ങിയവരുടെ ശ്രമങ്ങൾ, 'പഞ്ച്' മാസികക്കൊപ്പം 'ഹാപ്പേഴ്സ് വീക്ക്ലി,' അമേരിക്കയിൽ നിന്നുള്ള 'പക്' 'ന്യൂയോർക്കർ' ഇന്ത്യയിൽ 'ശങ്കേഴ്സ് വീക്ക്ലി' തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ കാർട്ടൂണിന് പൊതു സമ്മതി നേടിക്കൊടുത്തു.

ഇന്ന് അകത്തും പുറത്തും മുറിവേൽപ്പിക്കുന്ന പരിഹാസവും വിമർശനവും കാർട്ടൂണിസ്ററുകൾ നടത്തുന്നു. ജീവിച്ചിരിക്കുന്നവരുടെ, എല്ലാം കണ്ടിട്ടും കാണാതെ പോറുന്ന മനുഷ്യരുടെ അകക്കണ്ണ് തുറക്കാൻ ക്രാന്തദർശിയായ കലാകാരന്റെ മുന്നറിയിപ്പാണ് കാർട്ടൂൺ. കൂർത്ത മുനയുള്ള മധുരമായൊരു പ്രവചനമാണ് കാർട്ടൂൺ. ദിനപത്രമായാലും മാസികകളോ വാരികകളോ ആയാലും കാർട്ടൂൺകളും അനിവാര്യവും ആസ്വാദകരവുമായ ഒരു വഴക്കമായ് മാറിയിരിക്കുന്നു. വലിയൊരു തുടർലേഖനത്തിന്, ഒരു കവിതക്കോ കഥക്കോ നൽകാനാവുന്ന സാമൂഹ്യവിമർശനം അതിലും ശക്തമായി, മൂന്നോ നാലോ കോളം നീളത്തിൽ പത്തോ പതിനഞ്ചോ സെൻറീ മീററർ വീതിയിൽ സ്ഥലമെടുക്കുന്ന ഒരു കള്ളി സാധിച്ചെടുക്കുന്നു.

നമുക്ക് ശക്തരായ കാർട്ടൂണിസ്ററുകളുണ്ട്. ഈ തലയെടുപ്പുള്ള ആചാര്യന്മാരെ മററൊരു മാധ്യമത്തിലും നമുക്ക് നൽകാനായിട്ടില്ലെന്ന് വേണം പറയാൻ. അതിലേറെപ്പേരും മലയാളികൾ തന്നെ. ഇവരുടെ നിരയാരംഭിക്കുന്നത്, ഇന്ത്യൻ കാർട്ടൂണിസ്റ്റുകളുടെ കുലപതി ശങ്കരപ്പിള്ള എന്ന ശങ്കറിൽ നിന്ന്തന്നെ. പൊളിററിക്കൽ കാർട്ടൂണുകൾക്ക് തനിമയുററ ഒരു ശക്തി പ്രദാനം ചെയ്ത, ഒരു പാട് ശക്തരായ കാർട്ടൂണിസ്ററുകൾക്ക് തണലേകിയ വഴികാട്ടിയാണ് ശങ്കർ. 1949 മുതൽ 1975 വരെ ഡൽഹിയിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്ന ശങ്കേഴ്സ് വീക്ക്‌ലി വളർത്തിയെടുത്ത കാർട്ടൂണിസ്ററുകളുടെ എണ്ണം ചില്ലറയല്ല. ആരേയും വിമർശിക്കാൻ മടിയില്ലാതിരുന്ന ശങ്കർ, രാഷ്ട്രീയ കാർട്ടൂണിന്ന് നൽകിയ അടിത്തറ ശക്തമായിരുന്നു.




ഉണ്ണി : ഭാഗ്യജാതകം




പുരി : കസേരക്കളി





അജിത് നൈനാൻ :
വിഘടനവാദം ഒരു മേൽ കുറിപ്പ്

അബു : വർത്തമാനവും ഭാവിയും



ടൈംസ് ഓഫ് ഇന്ത്യയുടെ കാർട്ടൂണിസ്റ്റായ ആർ.കെ. ലക്ഷ്മൺ ബ്രഷ് സ്ട്രോക്കുകളിലൂടെ കാർട്ടൂൺ വരയ്ക്കുന്നു. ആളുകളുടെ ഭാവവും ചലനവും അൽപ്പം പാശ്ചാത്തല ചിത്രണത്തോടൊപ്പം അവതരിപ്പിച്ച് പരിഹാസം വിതറുന്ന ലക്ഷ്മൺ. രാഷ്ട്രീയക്കാരും പരിഷ്കർത്താക്കളും സമുദായ സേവകരും ലക്ഷ്മണിന്റെ ഇരകളാവുന്നു. യാഥാർത്ഥമായ ചിത്രീകരണ രീതിയിൽ ആളുകളുടെ വ്യക്തിത്വം പ്രകാശിപ്പിക്കുന്നതിൽ ലക്ഷ്മണിന്റെ കഴിവിരുത് ശ്രദ്ധേയമാണ്.

എ. ഐ ആറിൽനിന്നും ഐയ് ഇന്ത്യയിൽനിന്നും വഴി മാറി കാർട്ടൂൺലോകത്ത് വ്യക്തിത്വം സ്ഥാപിച്ച കാഷ്മീരിയാണ് സുധീർധർ വാഷിങ്ടൺപോസ്ററിലും സാ



വേണു : തോക്കുരാഷ്ട്രീയം

ർഡേ റവ്യൂവിലും കാർട്ടൂണിസ്റ്റാ യിരുന്ന സുധീർധർ ഗ്രാമീണഭാരതത്തിന്റെ കൊച്ചു തമാശകൾ വാക്കോ പ്രസ്താവനകളോ ഇല്ലാതെ ആവിഷ്കരിച്ചു. ലളിതവും ഹൃദ്യവുമായ രചനകളാണ് സുധീർധറിന്റേത്. ആരേയും ചിരിപ്പിക്കുന്ന കലാകാരനാണദ്ദേഹം. ഇത്രയും ഭാരതീയമായ കാർട്ടൂണുകൾ സംഭാവന ചെയ്ത വേറൊരു കാർട്ടൂണിസ്റ്റ് ഉണ്ടെന്നും തോന്നുന്നില്ല.

സഞ്ജയന്റെ വിശ്വരൂപത്തിൽ നിന്ന് തുടങ്ങി, കുട്ടി ഇന്ത്യയിലെ പ്രമുഖ കാർട്ടൂണിസ്റ്റുകളിലൊരാളായി. മഷിയും പേനയുംകൊണ്ട് ലളിതചിത്രങ്ങൾ വരക്കുകയും പാടിപ്പതിഞ്ഞ നഴ്സറി റൈംകൊണ്ടോ മനസ്സിൽനിന്ന് മായാത്ത ഒരു പഴങ്കഥയോട് ബന്ധപ്പെടുത്തിയോ വിമർശനം നടത്തുകയായിരുന്നു കുട്ടി.

ബോംബെ ക്രോണിക്കിളിൽനിന്നാണ് തിരുവല്ലാക്കാരനായ അബു എബ്രഹാമിന്റെ തുടക്കം. ശങ്കേഴ്സ് വീക്ക്ലിയിൽനിന്ന് ലണ്ടനിലെ ഒബ്സർവറിലേക്ക് മാറി. പത്തുവർഷങ്ങൾ കഴിഞ്ഞ് ഗാർഡിയനിൽ കാർട്ടൂണിസ്റ്റാവുമ്പോഴേക്കും യുദ്ധാനന്തര യൂറോപ്പിൽ തന്മയത്വമുള്ള കാർട്ടൂണിസ്റ്റുകളിൽ പ്രശസ്തനായിത്തീർന്നിരുന്നു അബു. 1969ൽ അബു ഇന്ത്യയിൽ തിരിച്ചെത്തി ഇന്ത്യൻ എക്സ്പ്രസ്സിന് വേണ്ടി വരച്ചുതുടങ്ങി. ഇപ്പോൾ തിരുവനന്തപുരത്തെത്തി, വിവിധ പ്രസിദ്ധീകരണങ്ങൾക്കായി വരക്കുന്നു. ഗഹനമായ ഭാരതീയ ദർശനങ്ങളിൽനിന്നും ലളിതമായ ഗ്രാമീണജീവിതത്തിൽ നിന്നും ഊറ്റിയെടുത്ത ചാരുതയാണ് അബുവിന്റെ കലയുടെ തനിമ. എന്നാലോ ദേശാതിർത്തികളിൽനിന്ന് മുക്തമായ ഒരന്തർദ്ദേശിയ വ്യക്തിത്വം അബുവിന്റെ രചനകളിൽ പ്രകടവുമാണ്. യത്നമൊട്ടുമില്ലാതെ നൈസർഗികപ്രവാഹമായി അബുവിന്റെ രേഖകൾ മാനവികതയുടെ ഉന്നതസ്പർശനമായിത്തീരുന്നു. ക്രൂ




ആർ. കെ. ലക്ഷ്മൺ : മതരാഷ്ട്രീയം


ഷവിമർശനം നടത്തുമ്പോഴും മാനുഷികതയുടെ ഊർജ്ജമാണ് അബുവിന്റെ കാർട്ടൂണുകളുടെ വിസ്മയിപ്പിക്കുന്ന പ്രകാശം.

രാഷ്ട്രീയേതര കാർട്ടൂണിന് പുതിയൊരു സൗന്ദര്യം നൽകിയ കാർട്ടൂണിസ്റ്റാണ് ഗോവക്കാരനായ മാറിയോ മിറാൻഡ. ആധുനിക ജീവിതത്തിന്റെ കാപട്യങ്ങളും കൃത്രിമത്വങ്ങളും മാറിയോ ആവിഷ്ക്കരിക്കുന്നു. രേഖകളിൽ ചിത്രപ്പണിയേറെ ചെയ്ത് കാർട്ടൂണിന് പ്രത്യേകമായൊരു വടിവ് കൊടുക്കുന്നു മാറിയോ. അലങ്കാരങ്ങളും ചിഹ്നങ്ങളും കൊണ്ട് മനോഹരമാണത്. സൂക്ഷ്മാംശങ്ങളെ കൈവെടിയാതെ ചിത്രം. ആകർഷകമാക്കുന്നു മാറിയോ.


ഒ. വി. വിജയൻ കാർട്ടൂണിൽ ചിന്താതലത്തിന് പ്രാമുഖ്യം കൊടുക്കുന്നു. ചിത്രം വികലമായോ അപൂർണ്ണമായോ തോന്നിയേക്കും. ചിത്രം കളിയിലൊരു മൂലയിലേക്കുണ്ടാവില്ല എന്നാൽ വെറുമൊരു നിമിഷ നേരത്തേക്കുള്ള നേരമ്പോക്കല്ല കാർട്ടൂൺ വിജയന്. സാമൂഹികസംഭവങ്ങളോട് ഗൗരവത്തോടെ പ്രതികരിക്കുന്ന അദ്ദേഹം. ഉള്ളുതുറക്കാനും ഉള്ളിൽക്കിടന്ന് പൊള്ളാനും, വിജയൻ കുറച്ച് രേഖകൾകൊണ്ട് തന്റെ ലോകം പണിയുന്നു.

കേരളക്കരയിലേക്ക് തന്നെ മടങ്ങിയെത്തിയവരാണ് യേശുദാസും ബി എം. ഗഫൂറും, ഒരാൾ മനോരമയ്ക്കുവേണ്ടിയും മറ്റെയാൾ മാതൃഭൂമിക്ക് വേണ്ടിയും കാർട്ടൂൺ വരയ്ക്കുന്നു. ഭാഷാപത്രങ്ങളിൽ നിയമിതരാകുന്ന ആദ്യ

രാജേന്ദ്ര : രക്ഷാരാഷ്ട്രീയം



# പഠനം




കേശവ് : സ്വപ്നരാഷ്ട്രീയം

ണ്. ഓരോ ആളും മററുള്ളവരിൽ നിന്ന് ഭിന്നനാണ്. വീക്ഷണ തലങ്ങളിലും രചനാ രീതികളിലും ഇവർ തങ്ങളുടേതുമാത്രമായ സാന്നിദ്ധ്യം പ്രകടിപ്പിച്ചു കൊണ്ടേയിരിക്കുന്നു.

സജ്ഞയനിൽ നിന്നാരംഭിക്കുന്ന മലയാളി കാർട്ടൂണിസ്ററുകളുടെ പട്ടിക, എം ഭാസ്കരൻ, വിത്സൺ, ആർട്ടിസ്റ്റ് രാഘവൻ നായർ, കെ. എസ്. പിള്ള, ശിവറാം, മലയാററൂർ, തോമസ്, അരവിന്ദൻ സോമനാഥൻ, ടോംസ്, പി കെ മന്ത്രി തുടങ്ങിയവരിലൂടെ പി. വി കൃഷ്ണനിലും, രാജുനായരിലും, വൈ എ റഹീമിലും, മോനായിയിലും, ഇ. സുരേഷിലും വന്നെത്തി നിൽക്കുന്നു. ഇവരിലേറെപ്പേരും രാഷ്ട്രീയ കാർട്ടൂണിസ്ററുകളല്ല. സാമൂഹിക കാര്യങ്ങൾ, സമകാലീന സംഭവങ്ങൾ, ദൈനംദിന പ്രശ്നങ്ങൾ തുടങ്ങിയവയോട് പ്രതികരിക്കുന്ന ഹാസ്യ ചിത്രകാരന്മാരാണിവർ.

സാമുവേൽ ടൈംസ് ഓഫ് ഇന്ത്യയിൽ തുടങ്ങിയ പോക്കററ് കാർട്ടൂൺ കാർട്ടൂണിസ്റ്റുകളും മററാരുമല്ല. നേർത്ത രേഖകളാണ് യേശുദാസിന്റേത്. കഥാപാത്രങ്ങളുടെ തലയല്പം വലുതാക്കി വികാരവിക്ഷോഭങ്ങൾക്ക് പ്രാമുഖ്യം കൊടുത്ത്, പരിഹാസ ചിത്രങ്ങൾ യേശുദാസ് വരയ്ക്കുന്നു. രാഷ്ട്രീയവിമർശനം ലളിതമായ രചനകളിലൂടെ നടത്തി, ഒരുപാടാസ്വാദകരെ സമ്പാദിച്ചയാളാണ് ഗഫൂർ. മലയാളിത്തമുള്ള പരിഹാസം ഗഫൂറിന്റെ സവിശേഷതയാണ്. നാടൻസംഭാഷണങ്ങളുടെ നമ്മം മൂർച്ചയുള്ള ആയുധമാക്കുന്നു ഗഫൂർ. ചിത്രങ്ങളും സംഭാഷണവും രാകിച്ചേർക്കുന്നതിലെ ഗഫൂറിന്റെ കൗശലം ശ്രദ്ധേയമാണ്.
കേവി, ഉണ്ണി, രവിശങ്കർ, കേശവ്, അജിത് നൈനാൻ, മൂർത്തി, വിക്കി പട്ടേൽ തുടങ്ങിയവർ വിവിധ പ്രസിദ്ധീകരണങ്ങളിലൂടെ പ്രശസ്തി കൈപ്പററിയ കാർട്ടൂണിസ്ററുകളാ



യേശുദാസ് : മാർക്കുരാഷ്ട്രീയം

രവിശങ്കർ : ആധുനികരാഷ്ട്രീയം




ഇന്ന് പ്രാദേശിക സായാഹ്ന ഭാഷാ പത്രങ്ങളുടെപോലും സ്ഥിരം പംക്തിയായിത്തീർന്നിരിക്കുന്നു. മുൻപേജിൽ വലത്തോ ഇടത്തോ ചെറിയൊരു ദീർഘചതുരത്തിൽ നിത്യേനയെന്നോണം സുപ്രഭാതം പറഞ്ഞ് നമുക്കെത്തുന്ന ചങ്ങാതിമാർ പ്രിയപ്പെട്ടവരായ്ത്തീർന്നിരിക്കുന്നു. ലക്ഷ്മണിന്റെ 'യു സഡ് ഇററ്', അബുവിന്റെ പ്രൈവററ് വ്യൂ, ബി. എം. ഗഫൂറിന്റെ 'കുഞ്ഞമ്മാൻ', വേണുവിന്റെ 'രാമേട്ടൻ', യേശുദാസിന്റെ 'കുഞ്ചുക്കുറുപ്പ്' തുടങ്ങിയവർ നമ്മുടെതന്നെ കണ്ണും കാതുമായ്ത്തീർന്നിരിക്കുന്നു. ഒന്നും കണ്ടുകണ്ടില്ലെന്

## All in the game



"I hate his more-controversial-than-thou posturing...




He called off the fast. But he doesn't want orange juice. He wants Pepsi Cola.




"World Cup!"

### EAVESDROPPER
By Sabu




That's the other group just arriving. Since both groups have equal number of MLAs with them, the key is in impressing the Governor, you see....

പോക്കററ് കാർട്ടൂണുകൾ:

ഇവർ നിത്യവും രാവിലെ മുന്നിലെത്തുന്നു.
ഇവർ സുപ്രഭാതം പറയുന്നില്ല.
പലപ്പോഴും നല്ല വാക്ക് പോലും ഉരുവിടുന്നില്ല.
എന്നാൽ ഇവർ നിങ്ങളുടെ വികാരത്തെ
നിങ്ങളുടെ ആഗ്രഹത്തെ
നിങ്ങളുടെ മാലിന്യത്തെത്തന്നെയും പ്രതിഫലിപ്പിക്കുന്നു.
നിങ്ങളുടെ ലോകത്തെ വെളിക്ക് കാണിക്കുന്നു.
വെളിപാടുകാരായി മാറുകയും ചെയ്യുന്നു.

### കാഞ്ഞമ്മാൻ




കാശില്ല, മാർക്ക് മതിയോ...?

### കുഞ്ഞുക്കുറുപ്പ്



ചേട്ടാ, ഞാനൊന്നുപോയി നോക്കട്ടെ. മുഖ്യമന്ത്രിസ്ഥാനം വല്ലതും വീണുകിട്ടിയാലോ?



കുട്ടബലാൽസംഗത്തിനെതിരെ ക്ലബ് ഒന്നും ചെയ്യുന്നില്ലെന്നല്ലേ പരാതി? സമഗ്രമായ ഒരു പരിപാടി ആവിഷ്ക്കരിച്ചു കഴിഞ്ഞു.
'കൂട്ടയോട്ട'മാവും അല്ലേ?

**കാർട്ടൂൺ സ്ട്രിപ്പുകൾ അപരിചിതലോകം സുപരിചിത കഥാപാത്രങ്ങൾ**

നടിക്കാത്തവരാണവർ. എല്ലാം വിളിച്ചുപറയുന്നവരാണവർ. രഹസ്യമുറികളിലും പാർലിമെന്റ് കെട്ടിടത്തിനുള്ളിലും പാളിനോക്കി കണ്ടത് വിളിച്ചുപറയുന്നവരാണീ മനുഷ്യർ.

സ്ഥിരം കഥാപാത്രങ്ങളും പ്രത്യക്ഷപ്പെടുന്ന കോമിക് സ്ട്രിപ്പുകളും വേറെയുണ്ട്. മനുഷ്യരായോ മൃഗങ്ങളായോ ഭാഷയുടേയും സംസ്കാരങ്ങളുടേയും അതിർത്തി കടന്ന് അവരെത്തുന്നു.


എല്ലാററിൽനിന്നും ഓടിപ്പോരാനോ, വിട്ടുനിൽക്കാനോ പ്രേരിപ്പിക്കുന്ന ആധുനികലോകത്ത്, ഒന്നിനേയും വിടാത്തവരാണ് കാർട്ടൂണിസ്റ്റ്. കാർട്ടൂൺ കാലത്തിന്റെ യഥാർത്ഥ കണ്ണാടിയായി മാറുന്നത് മറെറാന്നു കൊണ്ടുമല്ല

ടോംസിന്റെ ബോബനും മോളിയും



മത്തായിച്ചൻ — കെ.എസ്. രഘു




മൊണ്ടാടി — അബു




സുന്ദരൻ എന്ന സുന്ദരൻ — ഇ.സുരേഷ്



# ചക്രവാളങ്ങളിലേക്ക് യാത്ര തിരിച്ചവർ

വാക്കുകൾ മുറിവുകളും
മുറിവുകൾ ഓർമ്മകളും
ഓർമ്മകൾ വേദനയുമാണ്
ഈ നഷ്ടമായ,യെട്ടുകാലിക്ക്
മാറാല
പ്രതീക്ഷയും, തടവറയുമാണ്
ഈ നഷ്ടമായവർ
തടവറകളിൽനിന്ന് ചക്രവാളങ്ങളിലേക്ക് യാത്ര
പ്രതീക്ഷകൾനിറയെ, അപ്പവും, മരുന്നും
പിന്നെ,
സ്വാതന്ത്ര്യവും
വഴികളിൽ ഗായക സംഘം പാടി
ജനിമൃതികൾക്കിടയിലെ
നിറം നഷ്ടമാവാത്ത നിലാവിനെക്കുറിച്ച്
തിരശ്ശീലയില്ലാത്ത പകലിനെ കുറിച്ച്
വഴിയോരത്തെ
മാമ്പഴം നിറഞ്ഞ മാവിലേക്ക്
ഒരനാഥബാലൻ കല്ലെറിഞ്ഞു
കല്ലുകൾ തിരിച്ചുവന്നില്ല
അവ ചക്രവാളങ്ങളിലേക്കു പോയി.
അവൻ,
മരത്തിൻെറ കറുത്ത ചിറകിനു താഴെ
ക്ഷീണിതനായി വീണു.
അപ്പോഴും,
കുരകളിൽനിന്ന്
ദാരിദ്ര്യവും, മരണവുമിറങ്ങിവന്നു.
ദാരിദ്ര്യരേഖക്ക്. നീളം കൂട്ടി
പട്ടിണിമരണത്തിന്
ഒരു റജിസ്റ്റർ ബുക്കുകൂടി നൽകി
ചക്രവാളങ്ങൾ തേടിപ്പോയവർ
ശ്മശാനത്തിൻെറ വഴിയിൽ
അവരെ കണ്ടുമുട്ടി
പിന്നെ,
ചിതയിൽ നിന്ന്
പ്രതീക്ഷകൾ, തലച്ചോറുപിളർന്ന്
അപ്പവും, മരുന്നും
സ്വാതന്ത്ര്യവും തേടി
ചക്രവാളങ്ങളിലേക്കു പറന്നു.

# ചരിത്രകാരനോട്

**ചരിത്രകാരനോട്**

താജിന്റെ സൗന്ദര്യത്തിൻ
മാന്ത്രിക കയങ്ങളിൽ
ഷാജഹാൻ മുതാംസ് പ്രേമാ—
ഗാധതയളന്നോരെ;
അളവു ദണ്ഡിന്നൊപ്പം
താഴമ്പോളാഴങ്ങളിൽ
കണ്ടുവോ നിണം വാർന്ന
ശില്പിതൻ കരച്ഛേദം?
ചോരച്ച ചാട്ടയടി
പ്പാടുകറം ചൂമന്നതാം
വെണ്ണക്കൽ ചുവരിന്റെ
ഞരക്കം നീ കേട്ടുവോ?
ദുരിത പ്രവാഹമാ—
യൊഴുകും യമുനയിൽ
കണ്ടുവോ 'സൗന്ദര്യ' ത്തിൻ
പ്രതിബിംബമെങ്കിലും?

---

**ഗഫൂർ കോവിന്മേൽ**

# ചിറകുകൾ

ദിൽഷാദ് വാളശ്ശേരി

പോസ്റ്റ്മാൻ കൊണ്ടുവന്ന കത്തിലെ നേരിയ പരിചയം തോന്നുന്ന കൈപ്പടയിലെഴുതിയ വിലാസത്തിൽ, മുമ്പെങ്ങോ അറിയാതെ മുറിഞ്ഞുപോയ സൗഹൃദം കാണാൻ ശ്രമിക്കുകയായിരുന്നു ഞാൻ. ഇളംനീല നിറത്തിലുള്ള കവറിൽ കവിത വിരിയുന്ന കറുത്ത അക്ഷരങ്ങൾ. കത്ത് പൊട്ടിച്ച് ആദ്യം നോക്കിയത് പേപ്പറിന്റെ അവസാന ഭാഗത്തേക്കാണ്. ഒരു പല്ലാങ്കുഴലിന്റെ ചിത്രം—മീര !

ഒരായിരം പല്ലാങ്കുഴലുകളുടെ നാദത്തോടൊപ്പം എന്നും വിഷാദം വിരിയുന്ന ആ വലിയ കണ്ണുകൾ തെളിഞ്ഞു. മീര! ഞാൻ പെട്ടെന്ന് നോക്കിയത് പണ്ടെങ്ങോ മീരയെനിക്ക് സമ്മാനിച്ച; പല വർണ്ണങ്ങളിലുള്ള വളപ്പൊട്ടുകൾകൊണ്ട് അവൾതന്നെ അണിയിച്ചൊരുക്കിയ ഷോക്കേസിലെ പൂമ്പാററകളെയാണ്. നോക്കിയിരിക്കെ ഓർമ്മകളുടെ വളപ്പൊട്ടുകൾക്ക് ചിറകുമുളക്കാൻ തുടങ്ങി. വർണ്ണശബളമായ ചിറകുകൾ വീശിപ്പറക്കുന്ന അവയുടെ പുറത്തേറി ഞാനും....


ഡിസംബറിലെ അരിച്ചിറങ്ങുന്ന തണുപ്പ്. ഹോസ്ററൽ പതിവിലും നേരത്തെ ഉറക്കമായിരിക്കുന്നു. ലൈററണച്ച് കിടക്കാനൊരുങ്ങുമ്പോൾ കണ്ടത് ജനലരികിലെ എന്റെ കട്ടിലിൽ ആകാശവും നോക്കിയിരിക്കുന്ന മീരയെയാണ്. 'നോക്കൂ ഗീതേ'— അവൾ മുകളിലേക്ക് വിരൽ ചൂണ്ടി. എന്റെ മുഖത്തെ ചോദ്യഭാവം കണ്ടാവാം അവൾ പറഞ്ഞുതുടങ്ങി. 'ഒററയ്ക്കു നിൽക്കുന്ന ആ കൊച്ചു നക്ഷത്രത്തെ കണ്ടോ. മരിച്ചുപോയവർ തങ്ങളുടെ പ്രിയപ്പെട്ടവരെക്കാണാൻ നക്ഷത്രങ്ങളായി പുനർജ്ജനിക്കുമത്രേ. ഒരുപക്ഷേ അതെന്റെ....' 'നിന്റെ?' അടക്കാനാവാത്ത ഉൽക്കണ്ഠയോടെ ഞാൻ എടുത്തുചോദിച്ചു. 'ഓ, സോറി, ഒന്നുമില്ല'. എന്റെ ചോദ്യം അവളെ എന്തുമാത്രം വിഷമിപ്പിച്ചെന്ന് പിന്നീടുള്ള രണ്ട് ദിവസങ്ങളിലെനിക്കു മനസ്സിലായി. സ്വതവേ വിഷാദപൂർണ്ണമായ മിഴികളിൽ ഒരു നഷ്ട സ്വപ്നത്തിന്റെ തിളക്കംകൂടി അലിഞ്ഞുചേർന്നു. പിന്നീട് പല ദിവസങ്ങളിലും രാത്രിയിലുണരുമ്പോൾ എന്റെ അരികെയിരുന്ന് ആ നക്ഷത്രത്തെത്തന്നെ ഉററുനോക്കുന്ന മീരയെ കാണാറുണ്ട്. ഒരിക്കലും ഉത്തരം കിട്ടാത്ത ചോദ്യമായി പൂർത്തിയാകാത്ത ആ വാചകത്തിന്റെ പൊരുൾ തേടി ഞാനും....

മഴ പെയ്യുന്ന ഒരു സായാഹ്നത്തിൽ, വർണ്ണക്കടലാസുകൾകൊണ്ട് തോണികളുണ്ടാക്കുകയായിരുന്നു, മീര. കനത്ത ഓളങ്ങൾ പൊട്ടിച്ചിരിച്ചൊഴുകുമ്പോൾ ഒരു കൊച്ചുകുഞ്ഞിന്റെ കൗതുകത്തോടെ തോണികളോരോന്നായ് നീങ്ങുന്നതുംനോക്കി അവളിരുന്നു. ഇടയ്ക്ക് ഒരു കല്ലിൽത്തട്ടി തോണികളിലൊരെണ്ണം തകർന്നപ്പോൾ വേദനയോടെ അവളെന്റെ മുഖത്തേക്ക് നോക്കി. മിഴികളിൽ കണ്ണീരിന്റെ തിളക്കം. 'നീയെന്താ മീരാ കൊച്ചുകുട്ടികളെപ്പോലെ? ആ തോണികളെല്ലാം കുറച്ചുകഴിഞ്ഞാലിങ്ങനെ തകരില്ലേ?'

'ഇല്ല', തലയാട്ടിക്കൊണ്ട് അവളതിനെ എതിർത്തു. 'പ്രിയപ്പെട്ടവരയക്കുന്ന തോണികൾ ദൂരെയെവിടെയോവെച്ച് മരിച്ചുപോയവരുടെ ആത്മാക്കൾ സ്വീകരിക്കുമത്രേ. നോക്ക് എന്റെ തോണികളിൽ ഞാൻ പൂക്കളും വെച്ചിട്ടുണ്ട്''. അവൾ വീണ്ടുംവീണ്ടും തോണികളുണ്ടാക്കിക്കൊണ്ടിരുന്നു. അവളുടെ പ്രിയപ്പെട്ട മുല്ലപ്പൂക്കളും ഓരോ നോട്ടത്തിലുമടങ്ങിയിരിക്കുന്ന ആയിരമായിരം സന്ദേശങ്ങളും വഹിച്ചുകൊണ്ട് അവയോരോന്നായ് നീങ്ങിക്കൊണ്ടിരുന്നു.... മരണത്തിന്റെ തണുത്ത പുതപ്പിനുള്ളിൽ മുഖം മറച്ചിരിക്കുന്ന അവളുടെ പ്രിയപ്പെട്ടവരെ ആരെയോ തേടി....ദൂരെ ഉയർന്ന പുൽച്ചെടികൾക്കപ്പുറത്ത് അവയോരോന്നായ് മറഞ്ഞുകൊണ്ടിരുന്നു.



അന്ന് രാത്രി, പഠിക്കുന്നതിനിടക്ക് പെട്ടെന്ന് വായന നിർത്തി മീര പുറത്തേക്ക് നോക്കിയിരിക്കുന്നതു കണ്ടു. ചിരിയോടെ ഞാനൊരു കമൻറ് പാസ്സാക്കി, 'സ്വപ്നം കാണുകയാണോ മീരാ?' ഞെട്ടിത്തിരിഞ്ഞ് അവളെന്റെ മുഖത്തേക്ക് നോക്കി. മുമ്പിൽ തുറന്നുവെച്ച പുസ്തകത്തിലെ ഒരു ഫോസിലിന്റെ ചിത്രം നോക്കി മുഖമുയർത്തി ചോദിച്ചു, 'ഈ മനുഷ്യരൊക്കെ എങ്ങനെയാവും മരിച്ചിരിക്കുക?' ചരിത്രവുമായി യാതൊരു ബന്ധവുമില്ലെങ്കിലും ഞാനത്തരം പറഞ്ഞു. 'വിശപ്പ് മാററാൻവേണ്ടി ഏതെങ്കിലുമൊരു മൃഗം....ഒരുപക്ഷേ മനുഷ്യൻ തന്നെ കൊന്നതാവാം. സ്വാഭാവിക മരണവുമാവാമല്ലോ?' അടർന്നുവീഴാൻ നിൽക്കുന്ന കണ്ണുനീർമുത്തുകൾ നോക്കി ഞാൻ തുടർന്നു, 'നോക്ക് മീര, നീയൊരു ചരിത്ര വിദ്യാർത്ഥിനിയാണ്. ഒരു ഫോസിലിനെ അസ്ഥിക്കൂട്ടം മാത്രമായാണ് നീ കാണേണ്ടത്. അതിന്റെ ഉടമയുടെ മനസ്സിനെക്കുറിച്ചല്ല, അതിന്റെ ചരിത്രപരമായ പ്രാധാന്യത്തെപ്പററിയാണ് നീ ആരായേണ്ടത്''. പിന്നീട് പലപ്പോഴും ഞാൻ കാണാറുണ്ട്, പുസ്തകത്താളിൽ മുഖം പൂഴ്ത്തിയിരുന്ന് ഏങ്ങലടിക്കുന്ന മീരയെ. അക്ബറുടെ ഭരണ പരിഷ്കാരങ്ങളെക്കാൾകൂടുതൽ മുംതാസ് മഹലിന്റെ ഓർമ്മയുടെ സ്മാരകമായുയർന്ന താജ് മഹലിനെക്കുറിച്ച് ചിന്തിക്കുന്ന മീരയെ. ഭരണ മാററങ്ങളെക്കാളും രാഷ്ട്രീയ പരിവർത്തനങ്ങളെക്കാളും



കൂടുതൽ അന്തപ്പുരത്തിന്റെ ഇടനാഴികകളിൽ വിരിയുകയും കൊഴിയുകയും ചെയ്യുന്ന പൂക്കളെപ്പറ്റി, താമരപ്പൊയ്കയിലെ അരയന്നങ്ങളെപ്പറ്റി, പൂക്കുട ചൂടിനിൽക്കുന്ന മുല്ലപ്പന്തലിൻ കീഴിൽ ഏകയായ് നിൽക്കുന്ന ജഹാനരയെപ്പറ്റി, കണ്ണുനീരിന്റെ ഈറപ്പും വഹിച്ചെത്തുന്ന കാറ്റിനെപ്പറ്റി ഒക്കെയാണ് മീര വാചാലയാവുക. എന്റെ ഓർമ്മപ്പെടുത്തലുകൾക്കപ്പുറത്ത് എവിടെയോ ഏതോ ക്ഷേത്രത്തിലേക്കുള്ള കൽപ്പടവുകളിൽ......പഴമയുടെ ഗന്ധം വിളിച്ചോതുന്ന രാജപ്രതിമകൾക്കിടയിൽ ......എവിടെയൊക്കെയോ വിഹരിക്കുന്ന മനസ്സുമായി അവൾ പറന്നുനടക്കുന്നുണ്ടാവും.

'നമുക്കും ചിറകുണ്ടായിരുന്നെങ്കിൽ അല്ലേ ഗീതാ?' ഒരു സന്ധ്യാസമയം കൂടണയാൻ വെമ്പുന്ന കിളികളേയും കുങ്കുമവർണ്ണനിറം പകർന്ന ആകാശത്തെയും നോക്കി മീര ചോദിച്ചു. 'എന്താ പറക്കണമെന്നുണ്ടോ നിനക്ക്?' അനന്തതയിലെവിടെയോ കണ്ണുകളുടക്കിക്കൊണ്ട് അവൾ പറഞ്ഞുതുടങ്ങി, 'അതെ, പറക്കാൻതന്നെ. എന്റെ കൊച്ചുകിളികളോടും മിന്നാമിനുങ്ങുകളോടുമൊപ്പം അതിരുകളില്ലാത്ത ആ ലോകത്തിൽ പറന്നു നടക്കുമ്പോൾമാത്രം എനിക്കേറെ കൂട്ടുകാരുണ്ടാവും. ഈ ഏകാന്തതയുടെ തുരുത്തിൽനിന്നെന്നെ രക്ഷിക്കാൻ കഴിയുന്നവർ .. എന്നെ ഉൾക്കൊള്ളാനാകുന്നവർ അവർ മാത്രമാണല്ലോ. സത്യം പറയൂ ഗീത, എന്റെ വട്ടുകൾ ചിലപ്പോഴെങ്കിലും നിന്നെ ദേഷ്യം പിടിപ്പിച്ചിട്ടില്ലേ?' ഉത്തരം പറയാനാവാതെ ഞാനവളുടെ കണ്ണുകളിലേക്കുനോക്കി. ഒരായിരം മഴവില്ലുകൾ ഒന്നിച്ചുചേർന്ന വർണ്ണപ്രപഞ്ചമായിരുന്നു അവിടെ. അവൾ തുടർന്നു. 'എനിക്കറിയാം നിനക്ക്പോലും എന്നെ ഞാനായി കാണാനാവില്ലെന്ന്. മഴ നനഞ്ഞോടുമ്പോൾ, പുസ്തകത്താളിൽ മയിൽപ്പീലികൾ മാനം കാണാതെ സൂക്ഷിക്കുമ്പോൾ, എന്നും രാത്രി മഞ്ചാടിക്കുരുവും ചിപ്പികളും എണ്ണിനോക്കുമ്പോൾ നീ പറയാറില്ലേ എനിക്ക് ഭ്രാന്താണെന്ന്.. എന്റെ തുരുത്തിൽ ഞാനെന്നുമേകയാണ്..' ബാക്കി പറയാനാവാതെ അവൾ തേങ്ങിക്കരഞ്ഞുതുടങ്ങി. ഒന്നാശ്വസിപ്പിക്കാൻപോലുമാവാതെ ഞാൻ തരിച്ചിരുന്നു.

വർഷാവസാനമായി. യാത്ര പറഞ്ഞു പിരിയുന്നതിന്റെ തലേ ദിവസം രാത്രി ആ കുഞ്ഞുനക്ഷത്രത്തെ നോക്കി മീര പറഞ്ഞു, 'പോയാലും നിന്നെക്കാണാൻ ഒരു നക്ഷത്രമായി ഞാനെത്തും'. മരണംപോലെ തണുത്തുവിറങ്ങലിച്ച വാക്കുകൾ.....ഒടുവിൽ ഓട്ടോഗ്രാഫിലെ അവസാനത്തെ പേജിൽ ഒരൊറ്റ വരിമാത്രം അവളുടേതായി.. 'ആശംസകളെല്ലാം യാഥാർത്ഥ്യമായിരുന്നെങ്കിൽ..... അല്ലേ'? അഡ്രസ്സ് ചോദിച്ചപ്പോൾ അവൾ വിലക്കി, 'വേണ്ട, ഞാൻ കൂടുതലടുത്തവരെല്ലാം എന്നിൽ നിന്നകന്നിട്ടേയുള്ളു....' അവൾക്കെങ്ങനെ എന്റെ വിലാസം കിട്ടി? തഴുകുന്ന കാറ്റായി അവളുടെ കത്ത് മനസ്സിലേക്കോടിയെത്തി.... ....നിവർത്തി വായിക്കാൻ തുടങ്ങിയതപ്പോഴാണ്—

'പ്രിയപ്പെട്ട ഗീതാ,

ഇപ്പോഴെന്തേ ഇങ്ങനെയൊന്ന് തോന്നാൻ എന്നു നീ വിചാരിക്കുന്നുണ്ടാവും. പറയട്ടെ, അടുത്ത 15-ന് ഞാനങ്ങോട്ടു വരുന്നുണ്ട്. നമ്മുടെ ഹോസ്റ്റലിനപ്പുറത്തെ ക്ഷേത്രത്തെപ്പറ്റി ഒരു ഇൻവെസ്റ്റിഗേഷന്.... അറിയാമോ, ഞാനിപ്പോഴൊരു പത്രപ്രവർത്തകയാണ്. ആദ്യത്തെ കാൽവെപ്പ് നമ്മുടെ പ്രിയപ്പെട്ട അമ്പലം തന്നെയാവട്ടെയെന്ന് കരുതി....

ഇനിയെങ്കിലും എനിക്ക് ഭ്രാന്താണെന്നാരും പറയില്ലല്ലോ. ഒരു ജേർണലിസ്റ്റിന്റെ കുപ്പായമണിഞ്ഞ് എനിക്കെന്റെ തുമ്പികളോടൊപ്പം കുന്നുകൾ കയറിയിറങ്ങാം. എന്തിനും ഒരു പിടിവള്ളിയുണ്ടല്ലോ, ഇൻവെസ്റ്റിഗേഷൻ? അമ്പലം പഴയപോലെത്തന്നെയാണോ? എനിക്ക് അങ്ങെത്താൻ ധൃതിയായി'....

മുമ്പ് പലപ്പോഴും ക്ഷേത്രത്തിനടുത്തുള്ള അരയാലിനെപ്പറ്റി മീര സംസാരിക്കാറുണ്ടായിരുന്നു. അരയാലിന്നുമുകളിലെ തത്തകളേയും അണ്ണാന്മാരെയും കുറിച്ച് ആലിലകളുള്ളിലൊളിച്ചിരിക്കുന്ന ഉണ്ണിക്കണ്ണനെക്കുറിച്ച്....പോകുന്നതിന്റെ തലേദിവസംകൂടി കാണിക്കയിട്ട്.....ശാന്തിക്കാരൻ തിരുമേനിയോട് വാതോരാതെ സംസാരിച്ച്... എല്ലാ നന്മകളും നേർന്നുകൊണ്ട്, ആശംസകളെല്ലാം യാഥാർത്ഥ്യമാകാറില്ലല്ലോ മീരാ...

നിനക്ക് കൂട്ടായി നിന്റെ പൂത്തുമ്പികളും മയിൽപ്പീലിത്തുണ്ടുകളും മാത്രമേ ഇന്നിവിടെയുള്ളു. നിന്റെ പ്രിയപ്പെട്ട ക്ഷേത്രം ഇന്ന് നിന്റെ അതിരുകളില്ലാത്ത ആകാശത്തുണ്ടാവും ഒരു പുതുനക്ഷത്രമായി .. ഇനി കടലാസു തോണികളിൽ ഒന്നുകൂടി കൂടുതലുണ്ടാകുക. അത് സ്വീകരിക്കാൻ ദൂരെ നിന്റെ ആത്മാവുണ്ടാവും. ഒരു സ്വപ്ന സാക്ഷാത്ക്കാരമെന്നോണം കിട്ടിയ പുതുചിറകുകൾ വീശി മീര എന്റെയടുത്തേക്ക് പറന്നടുക്കുന്നു....അപ്പോൾ അവളുടെ പ്രിയപ്പെട്ട അമ്പലത്തിന്റെ അവശിഷ്ടങ്ങൾക്കുമുകളിൽനിന്നും വിസ്മൃതിയുടെ മൂടൽമഞ്ഞ് തെന്നിമാറി.... കൂടുതൽ മിഴിവോടെ ഞാനപ്പോഴും മീരയെ കാണുകയായിരുന്നു....

# ദാനം

ഉച്ചക്കറുപ്പുള്ള
പെൺകിടാവെ
നിൻെറ കണ്ണിലെ നനവെനിക്ക്
കവിളിലെ ചുളിവെനിക്ക്
കരളിലെ കനലെനിക്ക്
പുലരാത്ത രാവിൻെറ
മാറിൽ പഴുക്കുന്ന
കനവിൻ തിണർപ്പെനിക്ക്.

**ബക്കർ മുക്ക്**

മാത്രം പരിഗണിക്കുന്ന മൃഗീയാസ്തിത്വത്തിന്റെ തലത്തിൽനിന്നും മനുഷ്യനെ ഉയർത്താനുപകരിക്കുന്ന ശാസ്ത്രകലാ ദർശനങ്ങൾ യുവതലമുറയ്ക്ക് പഠിപ്പിക്കുകയും അങ്ങനെ ഒരു നവലോകത്തിന്റെ സൃഷ്ടിക്കുവേണ്ട കഴിവുകൾ അവരിൽ വികസിപ്പിച്ചെടുക്കാൻ സഹായിക്കുകയുമാണ് അദ്ധ്യാപകന്റെ ധർമ്മം. കേവലം നൈമിഷിക പദാർത്ഥിക പരിഗണനകൾക്കപ്പുറമുള്ള ഒരു ഉന്നതലക്ഷ്യവുമായി ബന്ധപ്പെട്ടതാണ് ഈ ധർമ്മം. ചിരപുരാതനകാലം മുതൽക്കേ സകല സംസ്കാരങ്ങളും അദ്ധ്യാപനത്തെ ഒരു പവിത്ര ധർമ്മമായിട്ടാണ് കണക്കാക്കിപ്പോരുന്നത്. അതിനാൽ ധാർമ്മികമല്ലാത്ത ഒരു അദ്ധ്യാപനത്തെപ്പററി ചിന്തിക്കുന്നതുതന്നെ ഭൂഷണമല്ല ഇവിടത്തെ വിവക്ഷ, അദ്ധ്യാപനത്തെ വെറും ഒരു ഉപജീവന മാർഗ്ഗമായി കാണുന്നത് ശരിയല്ല, എന്നാണ്.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ത്? വിയോജിപ്പുണ്ടാവാമെങ്കിലും മറുപടി പറയട്ടെ. ഒരു നല്ല ജീവിതത്തെ സംബന്ധിച്ച വ്യക്തമായ ഒരു കാഴ്ചപ്പാട് യുവതലമുറക്ക് നൽകുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വ്യക്തിപരമായ നന്മയും സാമൂഹികനന്മയും തമ്മിൽ പൊരുത്തക്കേടുണ്ടാവാതെ, രണ്ടിന്റെയും ഒരു സന്തുലിതാവസ്ഥയുണ്ടായാലേ, നാമുദ്ദേശിക്കുന്ന രീതിയിലുള്ള ഒരു നല്ല ജീവിതം സാധ്യമാകൂ. വ്യക്തിയുടെ അന്തർപ്രേരണകളും മോഹങ്ങളും സമൂഹത്തിന്റെ പൊതു താല്പര്യങ്ങളുമായി ഏററുമുട്ടുന്ന സന്ദർഭങ്ങളുണ്ടാവാം. അപ്പോൾ, നമ്മുടെ ജീവിതത്തെ നിലയ്ക്കു നിറുത്താനും പൊതു നൻമയ്ക്കുവേണ്ടി, ആവശ്യമെങ്കിൽ ത്യാഗങ്ങളനുഷ്ഠിക്കാനും നാം തയ്യാറാകേണ്ടിവരും. ഇതിന് മനക്കരുത്തും അതിനുപരി നമ്മുടെ ജീവിതത്തെ നിയന്ത്രിക്കാൻ പ്രാപ്തമായ വിശ്വാസ തത്വങ്ങളും നമുക്കുണ്ടാവണം. എങ്കിൽമാത്രമേ, നീണ്ടു നിൽക്കുന്ന ഐശ്വര്യവും സംതൃപ്തിയും ജീവിതത്തിലുണ്ടാവൂ.

മേൽപ്പറഞ്ഞ രീതിയിൽ ഒരു നല്ല ജീവിതത്തിലേക്ക് യുവജനങ്ങളെ നയിക്കാനാവശ്യമായ ദർശനങ്ങൾ കരിക്കുലത്തിന്റെ ഭാഗമാവണം. ഇതിന്റെ ആവശ്യകതയെപ്പററിയും ഇതിലൂടെ ലക്ഷ്യമാക്കുന്ന സത്ഫലങ്ങളെപ്പററിയും വ്യക്തമായ ധാരണ അദ്ധ്യാപകർക്കും—അവരുടെ വിഷയമേതുമായിക്കൊള്ളട്ടെ—ഉണ്ടാവേണ്ടതാണ്.

വരുംതലമുറയെ പാകപ്പെടുത്തിക്കൊണ്ടുവന്ന് അവരിലൂടെ രാഷ്ട്ര പുനർനിർമ്മാണം നിർവ്വഹിക്കുക എന്ന മഹത്തായ ധർമ്മം അനുഷ്ഠിക്കുന്ന അദ്ധ്യാപകൻ കേവലം ഒരു ജീവനക്കാരനല്ല. തന്റെ വിദ്യാർത്ഥികളുടെ ഭാവി രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമായ ഒരു പങ്ക് തനിക്കുമുണ്ട് എന്ന ബോധം ഒരദ്ധ്യാപകനിലെപ്പോഴും ഉണ്ടാവേണ്ടതാണ്.

സമൂഹത്തെ അവരുടെ തൊഴിലിന്റെ സങ്കുചിതാടിസ്ഥാനത്തിൽ വിഭജിച്ചുകൊണ്ട്, ഓരോ വിഭാഗത്തിനും അവരുടെ 'ന്യായമായ അവകാശങ്ങൾ നേടിയെടുക്കാൻവേണ്ടി' സംഘടനകളുണ്ടാക്കി, ആ സംഘടനകളുടെയെല്ലാം തലപ്പത്ത് തന്ത്രപൂർവ്വം കയറിക്കൂടി, ജനങ്ങളെ ഭിന്നിപ്പിച്ച് ഭരിക്കുന്ന ഒരു 'വ്യവസ്ഥിതി' ജനാധിപത്യ ഭാരതത്തിലെ രാഷ്ട്രീയക്കാർ ഇവിടെ നിലനിർത്തിപ്പോരുന്നിടത്തോളംകാലം, ആ നീരാളിപ്പിടുത്തത്തിൽനിന്നും 'ബുദ്ധി ജീവികളായ' അദ്ധ്യാപകർക്കുപോലും മോചനമില്ല എന്നതാണ് ദുഃഖ സത്യം. വിവേകവും വിചാരവുമല്ല, പ്രാകൃതമായ ഒരുതരം മൃഗീയ സംഘവാസന (herd instrict) ആണ് 'വർഗ്ഗബോധം' എന്ന പേരിൽ ജനങ്ങളിൽ ഇന്ന് വേരുറച്ചുകൊണ്ടിരിക്കുന്നത്. വിദ്യാർത്ഥിവർഗ്ഗം അദ്ധ്യാപക വർഗ്ഗത്തിന്റെയും, അദ്ധ്യാപകവർഗ്ഗം വിദ്യാർത്ഥിവർഗ്ഗത്തിന്റെയും ശത്രുക്കളാണ് എന്നും വർഗ്ഗ സംഘട്ടനം പ്രൈമറി ക്ലാസ്സുകളിൽതന്നെ തുടങ്ങണമെന്നും രണ്ടു വർഗ്ഗക്കാരും ധരിച്ചുവെച്ചിരിക്കുന്നു. ഈ ധാരണയ്ക്ക്, 'വർഗ്ഗസംഘട്ടനം സാർവ്വത്രികം' എന്ന സിദ്ധാന്തത്തിന്റെ താത്വിക പിൻബലംകൂടിയുള്ളപ്പോൾ മറെറാരു ചിന്തയ്ക്ക് പഴുതുമില്ല.

കലാലയങ്ങളിൽ സംഘർഷത്തിന്റെ അന്തരീക്ഷം നില നിർത്തുന്നതിൽ കക്ഷിരാഷ്ട്രീയക്കാർക്കുള്ള താല്പര്യം സുവിദിതമാണ്. സംഘർഷത്തിനുപകരം സഹകരണവും സന്മനോഭാവവും വളർത്താൻ എന്നാണോ നമുക്ക് കഴിയുന്നത് അന്നുമാത്രമേ, വിദ്യാലയങ്ങൾ യഥാർത്ഥ രാഷ്ട്ര പുനർ നിർമ്മാണത്തിന്റെ കളരികളാവൂ. ഇക്കാര്യത്തിൽ അദ്ധ്യാപകരുൾപ്പെടുന്ന മുതിർന്ന തലമുറയിൽ, നിർഭാഗ്യവശാൽ പ്രതീക്ഷയ്ക്ക് വക കാണുന്നില്ല. മറിച്ച് വളർന്നുവരുന്ന തലമുറയ്ക്ക് ആ ദിശയിൽ ഒരു മുന്നേററം നടത്താൻ കഴിയും. അവർ കാലഘട്ടത്തിന്റെ ആവശ്യം മനസ്സിലാക്കി ഉണർന്നു പ്രവർത്തിക്കുമെന്ന് നമുക്കാശിക്കുക. □

# എന്റെ കാഴ്ചപ്പാട്

**താഹിർ പി. സി.**

**II B. A.**

കാലഗതിയുടെ ചക്രങ്ങളിലേതോ, എവിടെയോ തെറിച്ചുപോയിരിക്കുന്നു; വാക്കിലും ചിന്തയിലും പ്രവൃത്തിയിലും കുമിയുന്ന മാലിന്യവും പെരുകുന്ന കാലുഷ്യവും. കാലഘട്ടത്തിന്റെ ഈ ദാർശനിക വൈകല്യം അഥവാ ജീർണ്ണതയുടെ വിഷം പുരണ്ട് മലിനീകരിക്കപ്പെട്ടുപോയ ഒരുപാട് മേഖലകളിലൊന്നായേ എനിക്ക് അധ്യാപനത്തേയും കാണാനാവൂ. ഈ വിഷലിപ്തതയുടെയും മാലിന്യത്തിന്റെയും പുകമറയേററ് വരണ്ടുപോകുന്ന ഭാവിഭാഗദേതാക്കളുടെ, ഇരുണ്ട വരുംദിനങ്ങളുടെ ഭീതിതയിൽ നിങ്ങളോടൊപ്പം ഞാനൽപ്പം ഉറക്കെ ചിന്തിക്കുകയാണ്.

ഏറെ ബഹുമാനിക്കപ്പെടുകയും പവിത്രമായി കണക്കാക്കപ്പെടുകയും ചെയ്ത ഒരു 'തൊഴിൽ' അഥവാ സേവന'മായിരുന്നല്ലോ അദ്ധ്യാപനം. അതുകൊണ്ടുതന്നെയാവണം മാതാപിതാക്കൾക്ക് തുല്യമായ സ്ഥാനത്ത് ഗുരുവും പ്രതിഷ്ഠിക്കപ്പെട്ടത്. ഈ അദ്ധ്യാപനമെന്ന മഹത്തായ കർമ്മത്തിന്റെ ഇന്നത്തെ അവസ്ഥയെന്താണ്? ഒരദ്ധ്യാപകന് എന്തൊക്കെ ഗുണങ്ങളുണ്ടായിരിക്കണമെന്ന് സമൂഹം ആഗ്രഹിക്കുന്നുവോ ആ ഗുണങ്ങളേറെയും ഇന്ന് പലർക്കും നഷ്ടമായിരിക്കുന്നു. തന്റെ ഉത്തരവാദിത്വങ്ങളേക്കാൾ പതിൻമടങ്ങ് അവകാശങ്ങളെക്കുറിച്ച് വേവലാതിപ്പെടുന്ന പൗര സംഘത്തിൽ അദ്ധ്യാപകനും സജീവാംഗംതന്നെ; തന്റെ

വിലപ്പെട്ട തൊഴിലിന്റെ മാഹാത്മ്യവും, അതിന്റെ അനന്ത സാദ്ധ്യതകളും, ഉദ്ദേശ്യലക്ഷ്യങ്ങളും അവർ മന:പൂർവ്വമോ അല്ലാതെയോ മറന്നുകളയുന്നു; തൊഴിലിനോടുള്ള ആത്മാർത്ഥത അന്യമാകുന്നു; രംഗം കാര്യശേഷിയില്ലാത്ത അദ്ധ്യാപകരാൽ നിറക്കപ്പെടുന്നു—ബലിയാടുകളാവാൻ കുറെ വിദ്യാർത്ഥികളും.

തീർച്ചയായും നാം ഗുരുകുല വിദ്യാഭ്യാസ കളരിയിൽനിന്നും ഏറെ മുന്നോട്ട് വന്നിരിക്കുന്നു. പത്തുപന്ത്രണ്ട് കുട്ടികളെ ഒരു ഗുരുവിന്റെ കീഴിൽ കുടുംബാംഗങ്ങളെപ്പോലെ വളർത്തിപ്പഠിപ്പിക്കാനുതകുന്ന കാലഘട്ടമല്ല നമ്മുടേത്. അതുകൊണ്ടു തന്നെ അന്നുണ്ടായിരുന്ന തരത്തിലുള്ള ഒരദ്ധ്യാപക–വിദ്യാർത്ഥി ബന്ധം ഇന്നസാദ്ധ്യമാണ്. ചരിത്രപരമായ ഈ പരിണാമം അംഗീകരിക്കെത്തന്നെ ഇന്നത്തെ അദ്ധ്യാപക–വിദ്യാർത്ഥി ബന്ധത്തിൽ വന്നുഭവിച്ചിരിക്കുന്ന അകൽച്ച ഖേദപൂർവ്വമേ നോക്കിക്കാണാനാവൂ. വിദ്യാർത്ഥികളുമായി യാതൊരു തരത്തിലുള്ള വ്യക്തിബന്ധവുമില്ലാതെ പാഠഭാഗങ്ങൾമാത്രം പ്രസംഗിച്ച് പോകുന്ന അദ്ധ്യാപകൻ ഒരു 'പ്ലാറ്റ്ഫോം ടേപ്പ് റിക്കോർഡറാ'യി തരംതാണു പോയിരിക്കുന്നു–ക്ലാസിനു പുറത്തോ? വിദ്യാർത്ഥികൾക്ക് കയറിച്ചെല്ലാനാവാത്ത ഉന്നത വിതാനത്തിൽ വിലസുന്ന ഒരപൂർവ്വ, വിശിഷ്ട വിചിത്ര ജീവി! ഇവർ വിദ്യാഭ്യാസ പ്രക്രിയയിലെ അദ്ധ്യാപക–വിദ്യാർത്ഥി ബന്ധത്തിന്റെ പൂരകസ്വഭാവം അറിയാതെ പോകുന്നവരാണെന്ന് തോന്നുന്നു. അങ്ങനെ വിദ്യാർത്ഥിയുടെ സ്വഭാവരൂപീകരണത്തിൽ അദ്ധ്യാപകൻ ആരുമല്ലാതായിത്തീർന്നിരിക്കുന്നു.

നമ്മുടെ പല കോളേജുകളിലും പ്രത്യേകിച്ച് മാനേജ്മെന്റ് കോളേജുകളിൽ അധ്യാപകന്റെ അതിരുകടന്ന രാഷ്ട്രീയ പ്രവർത്തനം അവരെ പലപ്പോഴും അധ്യാപനത്തിന്റെ മാർഗ്ഗത്തിൽ നിന്നും വ്യതിചലിപ്പിക്കുന്നു. രാഷ്ട്രീയ പ്രവർത്തകനായ ഓരോ അധ്യാപകനും തന്റെ 'ഒന്നാമതായും രണ്ടാമതായും മൂന്നാമതായും ഉള്ള കർത്തവ്യം അധ്യാപനമാണ്'' എന്ന സത്യം വിസ്മരിക്കുന്നു. സ്വന്തം ക്ലാസുകൾ പോലും ഒഴിവാക്കി പ്രൈവറ്റ് ട്യൂഷൻ നടത്തി തൊഴിലിന്റെ ചാരിത്രം വിൽക്കുന്ന അധ്യാപകർ ഈ മഹത്തായ കർമ്മത്തിനു തന്നെ അപമാനമാണ്. വിദ്യാർത്ഥിയുടെ സ്വഭാവ രൂപീകരണത്തിൽ വഴികാട്ടികളാവേണ്ട പല അധ്യാപകരുടെയും വ്യക്തി ജീവിതം വിദ്യാർത്ഥികളിൽ വെറുപ്പും അവജ്ഞയും അനാദരവും ഉളവാക്കത്തക്കവിധം ദുഷിച്ച് പോയിരിക്കുന്നു. (വ്യക്തി ജീവിതത്തിലെ വൈകല്യങ്ങൾ അധ്യാപനത്തെ പ്രതികൂലമായി ബാധിക്കാത്തിടത്തോളം അവയെക്കുറിച്ച് വ്യാകുലപ്പെടേണ്ടതില്ല എന്ന ചിലരുടെ വാദവും, അധ്യാപനത്തിന്റെ ഗുണം ഒന്നുകൊണ്ട് മാത്രം ഏറെ ബഹുമാനിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്ത, വികലമായ വ്യക്തി ജീവിതത്തിന്റെ ഉടമകളായ അധ്യാപകരെയും ഞാൻ ഇത്തരുണത്തിൽ കാണാതെ പോകുന്നില്ല.) എങ്കിലും വിദ്യാസമ്പന്ന വിഭാഗമായ അധ്യാപകരെങ്കിലും താന്താങ്ങളുടെ വികലമായ മോറൽ ഫിലോസഫിയെക്കുറിച്ച് യുക്തിപൂർവ്വം വസ്തുനിഷ്ഠമായി ചിന്തിക്കേണ്ടതുണ്ട് എന്നാണ് എന്റെ വിനീതമായ അഭിപ്രായം.

എന്തുകൊണ്ട് അദ്ധ്യാപനരംഗം ഇത്രയേറെ വികൃതമായി? അദ്ധ്യാപകൻ മാത്രമാണോ ഈ ദുർവസ്ഥക്ക് ഉത്തരവാദി? അദ്ധ്യാപകനോടൊപ്പം മറ്റൊരു പാട് ബാഹ്യ ശക്തികളും പ്രേരണകളും ഈ അവസ്ഥാവിശേഷത്തിലേക്ക് നയിച്ചിട്ടുണ്ടെന്ന് ഒന്നു ചിന്തിച്ചാൽ കണ്ടെത്താവുന്നതാണ്.

മുൻകാലങ്ങളിൽ ഈ തൊഴിലിനോട് താൽപര്യം തോന്നി രംഗത്തേക്ക് കടന്ന് വന്നവരായിരുന്നു അദ്ധ്യാപകരേറെയും. ഇന്നാവട്ടെ തൊഴിലിനും പണത്തിനും വേണ്ടിയുള്ള നെട്ടോട്ടത്തിൽ യാദൃഛികമായി വന്നുപെട്ട് പോകുന്നവരാണധികവും. അധ്യാപനവൃത്തിയുടെ അധ്വാനമില്ലായ്മയും സുഖവും ആകർഷകമായ ശമ്പളവും കണ്ട് വന്നെത്തുന്നവരും ഇല്ലാതില്ല. ഈ രണ്ട് കൂട്ടർക്കും സ്വാഭാവികമായും തങ്ങളുടെ തൊഴിലിനോട് പൂർണ്ണമായ കൂറോ ആത്മാർത്ഥതയോ കാണിക്കാനാവില്ല. എന്നും ഒരു വിദ്യാർത്ഥി ആയിരിക്കുക എന്നത് ഒരദ്ധ്യാപകന് അവശ്യം ആവശ്യമായ ഒരു ഗുണമാണല്ലോ. മേൽപറഞ്ഞ രണ്ട് വിഭാഗക്കാരിൽ മിക്കവർക്കും വായനയിലോ തങ്ങളുടെ അറിവ് വർദ്ധിപ്പിക്കാനുതകുന്ന മറ്റുപാധികളിലോ പ്രായേണ താൽപര്യം കുറവായിരിക്കും. ഇവർ വൈജ്ഞാനിക രംഗത്തെ പുതിയ മാറ്റങ്ങൾ ഉൾക്കൊള്ളാൻ വിമുഖരായിരിക്കുകയും ചെയ്യും. സ്വന്തം വിഷയത്തിൽ പോലും വ്യക്തമായ ധാരണയില്ലാത്ത ഇത്തരക്കാരുടെ ക്ലാസുകൾ പഴഞ്ചനും, മുഷിപ്പനും, വരണ്ടതും ആയില്ലെങ്കിലല്ലേ അൽഭുതമുള്ളു. രാഷ്ട്രീയം, പ്രൈവറ്റ് ട്യൂഷൻ തുടങ്ങിയ പല സൈഡ് ബിസിനസുകളിലേക്കും വഴുതിപ്പോവാനുള്ള സാധ്യത ഇവർക്ക് സാമാന്യേന ഏറിവരും.

അദ്ധ്യാപനരംഗത്തെ കാര്യക്ഷമത കുറയാനുള്ള മറ്റൊരു കാരണം അദ്ധ്യാപക നിയമനത്തിൽ ഇന്ന് നിലവിലുള്ള പൂർണ്ണമായും ശരിയല്ലാത്ത മാനദണ്ഡങ്ങളാണ്. വിചിത്രമായ പല കുറുക്കുവഴികളും സുലഭമായ ഇക്കാലത്ത് നമ്മുടെ P. S. C. പരീക്ഷകൾപോലും അദ്ധ്യാപനശേഷിയുടെ ശരിയായ അളവുകോലല്ല. പണക്കൊഴുപ്പിനുമേൽ കർമ്മശേഷി കാണാതെപോകുന്ന മാനേജ്മെന്റുകളുടെ ദുഷ്പ്രവണത ഏവർക്കും അറിവുള്ളതാണല്ലോ. ഒരു ജനാധിപത്യ രാഷ്ട്രത്തിൽ അഞ്ച് വർഷത്തിനുശേഷം ഒരു പ്രധാനമന്ത്രിയെപ്പോലും മാറ്റാനാവുമെങ്കിലും ഒരു സർക്കാരുദ്യോഗസ്ഥനെ മാറ്റാനാവില്ലെന്ന സത്യം വിസ്മരിക്കപ്പെട്ടുകൂടാ.

അദ്ധ്യാപനരംഗത്തെ പല കുഴപ്പങ്ങൾക്കും വിദ്യാർത്ഥികൂടി കാരണക്കാരനാണ് എന്ന് പ്രസ്താവിക്കാതെ പോകുന്നത് തീർച്ചയായും ശരിയായിരിക്കില്ല. വിദ്യാർത്ഥികളിലെ രാഷ്ട്രീയത്തിന്റെ അതിപ്രസരവും തന്മൂലം വൃഥാ നഷ്ടമാകുന്ന ക്ലാസ്സുകളും, പഠനത്തോടും വിജ്ഞാന വർദ്ധനോപാധികളോടും വിദ്യാർത്ഥിക്കുള്ള വിമുഖതയും ആത്മാർത്ഥതയുള്ള സമർത്ഥരായ അദ്ധ്യാപകരെപ്പോലും നിരുൽസാഹരും നിഷ്ക്രിയരും നിസ്സംഗരുമാക്കിത്തീർക്കുന്നുവെങ്കിൽ അത്ഭുതപ്പെടാനില്ലെന്ന് തോന്നുന്നു. അദ്ധ്യാപകനും വിദ്യാർത്ഥിയും തമ്മിലുള്ള അനാരോഗ്യകരമായ ബന്ധത്തിലേക്കും ഇത് വഴി തെളിയിക്കുന്നു. കായികാദ്ധ്വാനം തുടങ്ങി ഏത് തൊഴിലിനും അതിന്റേതായ അന്തസ്സുണ്ടെന്ന ബോധം ഉണ്ടാക്കത്തക്കരീതിയിലുള്ളതും, വിപുലമായ അർത്ഥത്തിൽ തൊഴിലധിഷ്ഠിത സ്വഭാവമുള്ളതുമായ ഒരു വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കുകയും, പഠനത്തോട് താൽപര്യമുള്ളവർക്കുമാത്രം ഉന്നത വിദ്യാഭ്യാസം പരിമിതപ്പെടുത്തുകയുംചെയ്യുക എന്നത് ഒരു സൈദ്ധാന്തിക നിർദ്ദേശമായി വെക്കാമെന്ന് തോന്നുന്നു.

ഒരു സാമൂഹ്യ വ്യവസ്ഥിതിക്കുള്ളിലല്ലാതെ വിദ്യാഭ്യാസത്തിന് അതിന്റേതായ അസ്തിത്വമില്ല. അതുകൊണ്ടുതന്നെ അദ്ധ്യാപനത്തിന്റെ 'ബാങ്കിംഗ്'' സമ്പ്രദായം, അദ്ധ്യാപനത്തിലും അദ്ധ്യയനത്തിലും വന്നുഭവിച്ചിരിക്കുന്ന അന്യവൽക്കരണം തുടങ്ങി വിദ്യാഭ്യാസരംഗത്തെ എല്ലാ പ്രശ്നങ്ങളും അടിസ്ഥാനപരമായി, നിലനിൽക്കുന്ന സാമൂഹ്യ വ്യവസ്ഥിതിയുടെ സൃഷ്ടിയാണെന്ന് അംഗീകരിച്ചേ മതിയാവൂ. □

# ഏറനാടിൻെറ ചടുല താളം

എ. പി. അഹമ്മദ്

തൂവെള്ള നിലാവ് പരന്നൊഴുകുന്ന ഗ്രാമം. കാററിൽ ഉലയുന്ന തെങ്ങോലകൾ. നക്ഷത്ര പൂക്കൾ വാരി വിതറിയ നീലാകാശം. ഇളം കാററിൽ തെന്നിയൊഴുകുന്ന രാത്രിമുല്ലകളുടെ അസുലഭഗന്ധം. അകലെനിന്നെങ്ങോ ഒഴുകിയെത്തുന്നകെസ്സ് പാട്ടിൻെറ ഈണം. ക്രമാനുഗതമായ താളം ആ താളത്തിനൊത്ത് ക്ലൂട്ടിമുട്ടുന്ന, പനയിലൊ തെങ്ങിലോ തീർത്ത കമ്പുകൾ, കോലുകളുടെ പിടിയിൽ ഘടിപ്പിച്ചിട്ടുള്ള ചിലങ്കകളുടെ കുട്ടച്ചിരി പാട്ടിൻെറ ഇശലുകൾക്കൊത്ത് ഉയർന്നുപൊങ്ങുന്ന കൈകൾ. കൈലിയും ബനിയനും തലയിൽക്കെട്ടുമായി വട്ടത്തിൽ നീങ്ങുന്ന ചെറുപ്പക്കാർ. അവർ തിരിഞ്ഞും മറിഞ്ഞും ചാടിയും കളിക്കുന്ന ബഹളത്തിന്നിടയിൽ പുറത്ത് കേൾക്കുന്നത് ഒരേ കൊട്ടിൻെറയും പാട്ടിൻെറയും ധാര. വട്ടത്തിൻെറ കേന്ദ്രബിന്ദുപോലെ തലയിലൊരു റാന്തൽ വിളക്കുമായി നില്ക്കുന്ന വിളക്കുകാരൻ. കൈകാലുകൾക്ക് താളം പിടിക്കുന്ന പേശികളിൽ നിന്നിററു വീഴുന്ന വിയർപ്പിനുപോലും താളം: തനിമയുടെ ഗന്ധം.

മലബാറിലെ വിശേഷിച്ച് മദ്ധ്യ മലബാറിലെ ആഘോഷങ്ങളിലെല്ലാം അടുത്തകാലം വരെ ഒരു സാധാരണ ഇനമായിരുന്നു. 'കോൽക്കളി'. ഉറൂസ്, നേർച്ച, പെരുന്നാൾ തുടങ്ങി പൊതുവായ ആഘോഷങ്ങൾ മുതൽ വിവാഹാഘോഷങ്ങൾ വരെ ഈ ക കലാ രൂപത്തെ ആദരിച്ചു. ഇന്നു എല്ലാം ഓർമ്മകൾ മാത്രം. ഇന്നു കാററിനു ഫാക്ടറികളുടെ മണമാണുള്ളത്. ഗ്രാമങ്ങളിലെഊടുവഴികളിൽപ്പോലും നിയോൺ ബൾബുകൾ നിലാവിനെപ്പോലും നാണംകെടുത്തുന്നു. ടേപ്പ്റിക്കാർഡിൽ നിന്നുയരുന്ന തട്ട് തകർപ്പൻ പാട്ടുകൾക്കിടയിൽ മരിച്ചുകൊണ്ടിരിക്കുന്ന കെസ്സ് പാട്ടുകൾ.

ഇപ്പോൾഇതാ നമ്മുടെ നഷ്ടങ്ങളുടെ പട്ടികയിലേക്ക് കോൽക്കളിയും വരുന്നു. ഗ്രാമങ്ങളിലെ അപൂർവ്വദൃശ്യമായി മാറിക്കൊണ്ടിരിക്കുന്ന കോൽക്കളി ഇപ്പോൾ യുവജന കലോത്സവവേദികളിലാണ് ജീവിച്ച് പോരുന്നത് ഇനി ഈകലാപ്രകടനവും റേഡിയോവിലൂടെ മാത്രം കേട്ട് നാം തൃപ്തിയടയേണ്ടി വരുന്ന കാലം വിദൂരമല്ല. കോൽക്കളി എന്നപേരിൽ അവതരിപ്പിക്കപ്പെടുന്ന 'കോപ്രാട്ടിത്തരങ്ങൾ' ആ കലാരൂപത്തിൻെറ തനിമയിൽ നിന്ന് എത്രയോ അകന്നുപോയിരിക്കുന്നു.

ഒപ്പന, ദഫ്, കുത്ത്, തെയ്യം, തിറ തുടങ്ങിയ അനുഷ്ഠാന കലകളേക്കാൾ പതിൻമടങ്ങ് കലാമേൻമയുണ്ട് കോൽക്കളിക്ക്. ദീർഘകാലത്തെ പരിശീലനത്തിലൂടെ മാത്രം അഭ്യസിക്കാവുന്ന വളരെ ശ്രദ്ധാപൂർവ്വം അവതരിപ്പിക്കേണ്ട കലയാണിത്. ഒരു കളിക്കാരൻെറ ചെറിയ അശ്രദ്ധപോലും കളിയുടെ ക്രമത്തെ ബാധിക്കും. ഇതുമൂലം കളി നിർത്തേണ്ടിവരികയും ചെയ്യും.

എട്ട് മുതൽ പത്ത്, പന്ത്രണ്ട് തുടങ്ങി ഇരട്ട എണ്ണമായിരിക്കണം കളിക്കാർ, വട്ടത്തിൽ നിൽക്കുന്നവരിൽ ഒന്നിടവിട്ട് 'ഉള്ള്' 'പുറം' എന്നിങ്ങനെ ജോഡികളായിതരംതിരിക്കും കളിയുടെ പിരിമുറുക്കത്തിൽ 'ഉള്ളി'നും 'പുറ' ത്തിനും തങ്ങളുടേതായ ധർമ്മങ്ങളുണ്ട്. ഉള്ളായി കളിക്കുന്നവർ എന്നും അങ്ങനെ കളിക്കുന്നതാണ് ഉത്തമം. അതുപോലെത്തന്നെ ഓരോ ഉള്ളിൻേറയും പുറമായി കളിച്ചു ശീലിച്ചവർ അതേ ജോഡിയിൽ തുടരുന്നത് കളി അനായാസമാക്കിത്തീക്കും മധ്യത്തിൽ നിൽക്കുന്നേ വിളക്കുകാരനു പുറമെ കളിക്കാരനല്ലാത്ത കളിയിൽ നിറഞ്ഞുനിൽക്കുന്ന നായകനാണ് 'ഗുരുക്കൾ' മുഴുവൻ കളിക്കാരുടെയും ആചാര്യനായ ഗുരുക്കളാണ് കളിയുടെ ഓരോഘട്ടത്തിൻെറയും ഗതികൾ നിയന്ത്രിക്കുന്നത്.

'തക്കൃത-ത്തികൃത ത്താകൃത ബില്ല ത്തൈ' ഗുരുക്കളുടെ ഉച്ചത്തിലുള്ള ശബ്ദം. വട്ടത്തിൽ കൊട്ടിപ്പാടി നീങ്ങുന്ന കളിയുടെ പിരിമുറുക്കം ആരംഭിക്കുന്നത് ഈ ആജ്ഞയോടെയാണ്. ഉള്ളുകൾ അകത്തേക്ക് നീങ്ങി പുതിയൊരു വൃത്തം നിർമ്മിക്കുകയും പുറങ്ങൾ മറെറാരു വട്ടമായി നീങ്ങുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ ഓരോ ഉള്ളും പുറവും പരസ്പരം മാറിയും മറിഞ്ഞും തിരിഞ്ഞും കളിയ്ക്കുന്നു. പക്ഷെ എന്തൊക്കെ ചെയ്താലും കൃത്യമായ ഒ



രിടവേള വെച്ച് ഓരോ ജോഡിയിലെയും ഉള്ളംപുറവും കണ്ടുമുട്ടി കോലുകൾ തമ്മിൽ അഭിവാദ്യമർപ്പിക്കണം കൂടാതെ ഓരോ മറിച്ചിലുകൾക്കു മിടയ്ക്ക് കൊട്ടുകയും വേണം. (ഇതിന് 'കടയൽ' എന്ന് പറയും) എങ്കിൽമാത്രമേ കാഴ്ചക്കാർക്ക് പാട്ടിനൊത്തുള്ള ക്രമമായ കൊട്ട് കേൾക്കാനൊക്കൂ. ഇങ്ങനെ കളിക്കുന്ന ഓരോഘടകത്തിനും പ്രത്യേകം പേരുകളുണ്ട്. 'മറിഞ്ഞുകളി' 'തിരിഞ്ഞുകളി' 'ഒഴിച്ചുകളി' 'മുൽക്കളി' എന്നിങ്ങനെ പോകുന്നു അവ. ഈ ക്രിയകളെല്ലാം കളിക്കാരെ ഓർമ്മിപ്പിക്കുന്നതിനായി ഗുരുക്കൾ വട്ടത്തിനു ചുററും ഓടി നടന്ന് 'മറിഞ്ഞളി' 'തിരിഞ്ഞളി' 'ഒഴിച്ചളി' 'മുൽക്കളി' എന്നിങ്ങനെ ആവർത്തിച്ചുരുവിടുന്നത് കേൾക്കാം. ഒരു 'പുറം' സ്വന്തം കോലുകൾ പരസ്പരം 'കടയു'ന്നതിന് ശേഷം വലതുകൈയിലെ കോലുകൊണ്ട് തൻെറ 'ഉള്ളി' ൻെറ ഇടതുകൈയിലെ കോലിന് അടിയ്ക്കുന്നതിനെ 'വെട്ട്' എന്നും തൻെറ ഇടതുകോലുകൊണ്ട് അടുത്തവൻെറ വെട്ട് സ്വീകരിക്കുന്നതിനെ 'തടവ്' എന്നും വിളിയ്ക്കുന്നു. പിന്നെയും മുട്ടുകുത്തിയും ഇരുന്നുമുള്ള പലവിധ പടികൾ (Steps) ക്കു ശേഷം വീണ്ടും ഒററ വട്ടമായി നീങ്ങി തുടങ്ങുമ്പോൾ ഗുരുക്കളുടെ ശബ്ദം മുഴങ്ങുന്നു. തകൃത-ത്തികൃത-ത്താകൃതബ്ബില്ലത്തെ ഇതോടെ കളിഅവസാനിക്കുകയായി

പാട്ടില്ലാതെയും താളത്തിൽ കളിക്കാമെങ്കിലും മാപ്പിളപ്പാട്ട് കോൽക്കളിയുടെ ജീവൽഘടകമാണ്. ഗുരുക്കൾക്കു പുറമെ പ്രഗൽഭനായ ഒരു കളിക്കാരൻ 'പാട്ടുകാരനായി' ഉണ്ടാവും പക്ഷെ കോൽക്കളിയിൽ യാതൊരുവിധ വാദ്യമേളങ്ങളും ഉപയോഗിക്കാറില്ല. അറബി-മലയാള സാഹിത്യത്തിലെ മഹാകവി മോയിൻകുട്ടി വൈദ്യരുടെ 'ബദർപടപ്പാട്ട്' എന്ന കൃതിയിലെ ഗാനങ്ങളാണ് മലബാറിലെ കോൽക്കളിയിൽ കൂടുതൽ കേട്ടുവരുന്നത്.

'പുകൈന്താർ ഇരുപേരും അതിക്ഷണത്തിൽ' എന്നു തുടങ്ങുന്ന ഗാനവും 'ബദ്റുൽഹുദാ യാസീൻ അന്നബി ഖറജാ യന്നേരം


ബളർകൊടി മൂന്നെണ്ണം കെട്ടിടൈ
അതിലുണ്ട്-അബ്യള്
വർണ്ണമതാം പിൻ രണ്ടും അസ്വദ
മാമേ'-എന്ന

ഗാനവും കൂട്ടത്തിൽപ്രധാനപ്പെട്ടവയാണ്. അതിമനോഹരങ്ങളായ കല്യാണപ്പാട്ടുകളും കോൽക്കളിയിൽ കുറവല്ല.

'ശോഭയാലെത്തിളങ്ങുന്ന പുതു പന്തൽ-ഇത്
ശോഭിക്കും പല പണിയാലേ
പന്തൽ
കേളികേട്ട മാന്യരും ഖാസികാരണവൻമാരും
താ ലോ ലി ച്ചി രി ക്കു ന്ന പുതു
പന്തൽ' എന്ന് തുടങ്ങുന്ന താളാത്മകമായ പാട്ട് ഇതിന് നല്ലൊരുദാഹരണമാണ്.

പരിശീലിപ്പിക്കുന്ന ഗുരുക്കൾക്കും സ്ഥലഭേദത്തിനും അനുസരിച്ച് കോൽക്കളിയുടെ പടികളിലും രീതികളിലും നേരിയ വ്യത്യാസങ്ങളുണ്ടാകാമെങ്കിലും കളിയുടെ മൗലികമായ അടിവേരുകൾക്ക് സാരമായ അന്തരമുണ്ടാകാറില്ല.

നല്ല കലാരൂപങ്ങളെല്ലാംഅനുകരിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ, അനുകരിക്കപ്പെടുന്ന കലാരൂപത്തിൻെറആത്മാവു കാണാൻ കഴിവില്ലാത്തവർ, അഥവാ അതിനു ശ്രമിക്കാത്തവർ കാണിച്ചുകൂട്ടുന്ന വിക്രിയകൾ പലപ്പോഴും യഥാർത്ഥകലാരൂപം തന്നെ തെററിദ്ധരിക്കപ്പെടാനിടയാക്കാറുണ്ട്. മാപ്പിളപ്പാട്ടുകളെ അനുകരിച്ച് ചലച്ചിത്ര ഗാനങ്ങൾ പെററുപെരുകിയപ്പോൾ മാപ്പിളപ്പാട്ടുകളുടെ തനിമ നഷ്ടപ്പെടുകയും അവ തെററിദ്ധരിക്കപ്പെടുകയുമാണുണ്ടായത്. തുള്ളൽ പാട്ടുകൾക്കും നാടോടിഗാനങ്ങൾക്കുമൊപ്പം ക്രമം തെററി താളം കൊട്ടിക്കൊണ്ട് നമ്മുടെ മാധ്യമങ്ങൾ അവതരിപ്പിക്കുന്ന കോൽക്കളി കോൽക്കളിയല്ല., മറിച്ച് ആ കലാരൂപത്തിൻെറ നേർക്കുള്ളകൊലവിളിയാണ്. അതുപോലെത്തന്നെ കലാശാലാ കലോൽസവത്തിൻെറ വേദികളിൽ കർണ്ണകഠോരമായ ചലച്ചിത്രഗാനങ്ങളുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെ നടക്കുന്ന 'ആട്ടക്കളി'യും കോൽക്കളിയല്ല. മറിച്ച് അതൊക്കെയും കോൽക്കളിയെന്ന ലളിത സുന്ദരകലയുടെ വേരറുക്കലാണ്. ഇത്തരം കൊലപാതകങ്ങളിലൂടെ നമ്മുടെ കോൽക്കളി നമുക്ക് നഷ്ടമാവുകയാണ്. □



## വിഡ്ഢി

നൊമ്പരങ്ങൾക്കു കൂട്ട് കൂട്ടി
ഞാനിരിക്കുന്നു
ഓർമകളൊരു കൊടുങ്കാററിൻെറ
ഭീകരതയിലലിയുന്നു
അസ്തിത്വം തേടിയലഞ്ഞ ദിനങ്ങൾ
വ്യർത്ഥതയുടെ പര്യായങ്ങളായിരുന്നു!
കൂട്ടുകൂട്ടിയ ചില്ലകളൊക്കെ കരിഞ്ഞു
കരിയിലകൾ പോലും പരിഹസിക്കുന്നു
വിഡ്ഢി.
ഇന്നലെ നിൻെറ ചിന്തകൾ ഏതോ
പളുങ്കു കൊട്ടാരത്തിലായിരുന്നു
ചുണ്ടുകളിൽ വിടർന്ന പുഞ്ചിരിയും
അപ്പോഴും നിൻെറ പാദ ബന്ധനമേററു
ഞങ്ങൾ കരയുന്നുണ്ടായിരുന്നു
ഒരു തിരിച്ചുവരവിൻെറ ഈററുനോവിൽ
ഇന്നു നീയും കരയുന്നോ?
വിഡ്ഢി
ഋതുഭേദങ്ങളിൽ ഞങ്ങൾ വഴിമാറുന്നു
പുതുനാമ്പുകൾക്ക് അസ്തിത്വമർപ്പിക്കുന്നു
ഇനിയും നിനക്ക് തിരിച്ചുവരണമെന്നോ?
വിഡ്ഢി
നിൻെറ കാൽചങ്ങലയുടെ അററം
നിയതിയുടെ കൈകളിലെന്നറിയുമോ?

**ഈശ്വരദാസ് വിളക്കുമഠം**

# ഫാറൂഖും ഫുട്ബോളും

അദ്ധ്യാനശീലരായ ഏറനാടൻ ജനതയ്ക്ക് ഫുട്ബോൾ എന്നും ലഹരിയായിരുന്നു. കളിക്കളത്തിൽ പൊരുതുന്നവനെ അതിരററു സ്നേഹിക്കുന്ന മനസ്സ് ഇന്നും അന്യമായിട്ടില്ല. കളിക്കാരനേക്കാൾ കളിയുടെ വീര്യം ഉൾക്കൊള്ളുന്ന ഒരു ജനതക്കിടയിൽ ഫുട്ബോൾ തഴച്ചു വളരുന്നു. ഓരോ കളിയെയും നിഷ്കൃഷ്ടമായി വിലയിരുത്തുന്ന കാണികളുടെ സാന്നിദ്ധ്യം കൂടിയാവുമ്പോൾ ഫുട്ബോളിൽ പുതിയ ചുവടുവെപ്പുകൾ ദൃശ്യമാവുന്നു. ചടുലഭാവം കൈവരുന്നു.

ഫാറൂഖ് കോളേജ് യാഥാർത്ഥ്യമായതോടെ ഏറനാടിൻെറ വിദ്യാഭ്യാസ–സാംസ്കാരിക മേഖലകളിൽ ഗുണപരമായ മാററങ്ങളുണ്ടായി. കളിക്കളത്തിലും ഇതു പ്രകടമായിരുന്നു. പ്രത്യേകിച്ചും ഫുട്ബോളിൽ.

ഫാറൂഖിൻെ കരിക്കുലർ ചരിത്രത്തിൻെറയും ഫുട്ബോൾ ചരിത്രത്തിൻെറയും ആരംഭം ഏതാണ്ട് ഒരേ വേളയിൽ തന്നെയായിരുന്നു. സ്ഥാപനാധികൃതരും വിദ്യാർത്ഥികളും ഫുട്ബോളിനോട് തുടക്കം മുതലേ വർധിത താൽപര്യം കാണിച്ചു. അങ്ങിനെ കലാലയ ഫുട്ബോൾ രംഗത്ത് ഫാറൂഖ് അജയ്യശക്തിയായിത്തീർന്നു

ഏറനാടൻ ഫുട്ബോളിന് പുകഴ് പെററ നാടുകളായിരുന്നു മലപ്പുറവും അരീക്കോടുമെല്ലാം. ഇവിടങ്ങളിൽ കളിച്ചുവളർന്നവരായിരുന്നു ആദ്യകാലത്തെ ഫാറൂഖ് ഫുട്ബോളിൻെറ കരുത്ത് അവർ കളിക്കളത്തിൽ പടക്കുതിരകളായി കോളേജിൻെറ യശസ്സുയർത്തി.

1950ൽ കോഴിക്കോട്ടും പാലക്കാട്ടും നടന്ന ടൂർണ്ണമെൻറുകളായിരുന്നു തുടക്കം ജില്ലയിലെ പല കോളെജുകളെയും കവച്ചു വെച്ച് 1951ൽ തൃശൂർ ഡിവിഷൻ ഫുട്ബോളിൻെറ ഫൈനലിലെത്തുകയുണ്ടായി ഫാറൂഖ് കോളേജ് ടീം. അക്കാലത്തെ കളിക്കാരുടെ കൂട്ടത്തിൽ ഏററവും പ്രഗൽഭനായിരുന്നു കണ്ണൂരിലെ സി. പി. ഹംസ ഫാറൂഖിനു പുറമെ കോഴിക്കോട്ടെ ചാലഞ്ചേഴ്സിനും യൂനിവേഴ്സലിനും വേണ്ടി അദ്ദേഹം കളിച്ചിരുന്നു.

1956ൽ നടന്ന സംസ്ഥാന പുനരേകീകരണത്തോടെ ഫാറൂഖ് കേരള വാഴ്സിററിക്കു കീഴിലായി. യൂനിവേഴ്സിററിയുടെ ആദ്യടീമിനെ കണ്ടെത്തുന്നതിനായുള്ള സെലക്ഷൻ മൽസരം നടന്നത് ഫാറൂഖ് ഗ്രൗണ്ടിലായിരുന്നു. ഫാറൂഖ് കോളേജിൽ നിന്നും സി. പി. അബൂബക്കർ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. യൂനിവേഴ്സിററിക്കു പുറമെ സ്റ്റേററ് ടീമിന് വേണ്ടിയും കളിച്ച ഇദ്ദേഹം ഏറെക്കാലം നമ്മുടെ ഫിസിക്കൽ എജ്യുക്കേഷൻ വകുപ്പിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലും വാഴ്സിററിടീമിൽ ഫാറൂഖിൻെറ പ്രതിനിധികളുണ്ടായിരുന്നു, 1958–59 വർഷം ഫാറൂഖ് ഫുട്ബോളിനെ സംബന്ധിച്ചിടത്തോളം ഏറെ ശ്രദ്ധേയമായിരുന്നു. ചരിത്രത്തിലാദ്യമായി സർവകലാശാലാ കിരീടം ഫാറൂഖിലെത്തിയ വർഷം, ഒ. ടി. കുഞ്ഞാമുവായിരുന്നു ടീമിൻെറ നായകൻ

പക്ഷെ തുടർന്നുള്ള ഒരു വ്യാഴവട്ടക്കാലം ഒന്നും നേടാൻ കഴിയാതെ പോയ കാലയളവാണ്. തീർത്തും അഭിശപ്തമായ വർഷങ്ങളെന്ന് വേണമെങ്കിൽ പറയാം.



1971ൽ അരീക്കോട്ടുകാരൻ കുഞ്ഞിമുഹമ്മദ് കോളേജ് ടീമിലൂടെ വാഴ്സിററി സ്റ്റേററ് മൽസരങ്ങളിൽ തിളങ്ങി. 1972ൽ ജില്ലാ അസോസിയേഷൻ എ ഡിവിഷനിലേക്കും സ്റ്റേട്ട് നാഗ്ജി ടൂർണമെൻറിലേക്കും ഫാറൂഖ് കോളേജ് ടീം തിരഞ്ഞെടുക്കപ്പെട്ടു. കലാലയ ഫുട്ബോളിനെ സംബന്ധിച്ചിടത്തോളം വലിയൊരു അംഗീകാരം തന്നെയായിരുന്നു അത്. ഇതേവർഷം തന്നെ കോളേജ് ടീമിലെ കെ. മാമുക്കോയ ഐ.യു.എസ്.ബി കോച്ചിങ്ങ്ക്യാമ്പിലേക്കു തിരഞ്ഞെടുക്കപ്പെട്ടുവെന്നതും സ്മരണീയമാണ്.

ഫാറൂഖ് ഫുട്ബോൾ ചരിത്രത്തിലെ ഏററവും ധന്യമായ വർഷങ്ങളിലൊന്നായിരുന്നു 1973. അഖിലേന്ത്യാ-അന്തർസർവകലാശാലാ ഫുട്ബോൾ ചാമ്പ്യൻ പദവിക്കു പുറമെ ആർ. എ. സി. ബിക്നിയറുമായി പ്രദർശന മൽസരത്തിൽ ഏററുമുട്ടാനും ഫാറൂഖ് ടീമിന് അവസരം ലഭിച്ചു. തൊട്ടടുത്ത വർഷമാണ്(1974) വാഴ്സിററിടീമിലെക്കൂടെ അംഗമായ ഇസ്മയിലിന് കേരള സ്റ്റേററ് ജൂനിയർ ടീമിലേക്ക് സെക്ഷൻ ലഭിക്കുന്നത്.

പിന്നീട് തുടച്ച്യയായ രണ്ടു വഷങ്ങളിൽ(1977, 1978) സർവകലാശാലാ കിരീടംഫാറൂഖ് നിലനിർത്തി. 1981ൽകെ. അഷറഫ് എന്ന മികച്ച കളിക്കാരനെ സംഭാവന ചെയ്യാൻ നമുക്ക് സാധിച്ചു. വിവിധ മൽസരങ്ങളിൽ ശ്രദ്ധേയമായ പ്രകടനം കാഴ്ച വെച്ച അഷറഫ് ഇന്ത്യൻ ജൂനിയറിൻെറ മികച്ച വിങ്ങ്ബായ്ക്കായി തിരഞ്ഞെടുക്കപ്പെട്ടു. കേരളത്തിലെ പ്രഗൽഭടീമുകളായ കെൽട്രോണിനും ടൈററാനിയത്തിനും വേണ്ടി അഷറഫ് പിന്നീട് കളിക്കളത്തിലിറങ്ങുകയുണ്ടായി.

1981–82 കാലയളവിൽ മികച്ച ഏതാനും കളിക്കാരിലൂടെ ഫാറൂഖ് ടീം ശ്രദ്ധേയമായി. കാലിക്കററിന് ജഴ്സിയണിഞ്ഞ ഉമ്മർകോയ, റാസിഖ് തുടങ്ങിയകളിക്കാർ, ഇന്ത്യൻ വാഴ്സിററി മൽസരങ്ങളിൽ ഗോൾകീപ്പറുടെ ജഴ്സിയണിഞ്ഞ സി.സി. അബൂബക്കർകോയ, അങ്ങിനെ നിരവധി പ്രതിഭകളെ സമ്മാനിച്ച വർഷം.

1984ൽ അന്തർസർവകലാശാലാ ഫുട്ബോൾമൽസരത്തിൽ വിജയകിരീടമണിഞ്ഞ കാലിക്കററ്ടീമിൽ നമ്മുടെ അഷറഫും അബൂബക്കറുമുണ്ടായിരുന്നു. 1985–86 വർഷങ്ങളിലും കാലിക്കററ് പിന്നെയും കിരീടം നിലനിർത്തി. ഫാറൂഖിലെ ഹാഷിം, റിയാസ്, യാദവ് തുടങ്ങിയവരുൾപ്പെട്ട ടീം.

1987ൽ സഫ്വാൻെറയും സഹപ്രവർത്തകരുടെയും കഠിനാദ്ധ്വാനത്തിലൂടെ വീണ്ടും വാഴ്സിററി ചാമ്പ്യൻ പദവി നമുക്ക് ലഭിച്ചു.

സംശയമില്ല. ഇനിയും പുതിയവിജയങ്ങൾ കൊയ്തെടുക്കാൻ ശക്തമായ നമ്മുടെ ഫുട്ബോൾ ടീം, റഫീഖ് ഹസൻ, യൂസുഫ്, ഗഫൂർ, റിയാസ് ബിജു ആനന്ദ് തുടങ്ങിയവരിൽ എത്തി നിൽക്കുന്നു.

കൂടുതൽ കരുത്തോടെ,
ചടുലമായ നീക്കങ്ങളിലൂടെ
നമ്മുടെ ഫുട്ബോൾ
പുതിയ ചക്രവാളങ്ങൾ തേടുകയായി.

# കലാലയം

മനുഷ്യനെ മനുഷ്യനാക്കുന്നത് സംസ്കാരമാണ്. സംസ്കാരം ഉണ്ടാക്കിക്കൊണ്ടുവരുന്നതിൽ മാതാപിതാക്കൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട് എന്നത് ശരിതന്നെ. മനുഷ്യസംസ്കാരത്തിന്റെ മൗലിക ഭാഗങ്ങളിലുള്ള പരിശീലനം ലഭ്യമാകുന്നതുതന്നെ ശൈശവത്തിലാണ്. പക്ഷെ, ശൈശവം വിടുന്നതോടുകൂടി ഈ പ്രവൃത്തിയിൽ അദ്ധ്യാപകരുംകൂടി ഭാഗമാകാൻ തുടങ്ങുകയും ക്രമേണ അവരുടെ പങ്ക് രക്ഷിതാക്കളുടേതിനേക്കാൾ കൂടുതലായി വരികയുംചെയ്യുന്നു. ചിലപ്പോൾ അന്തരീക്ഷം അദ്ധ്യാപകരുടേതിനേക്കാൾ സ്വാധീനിച്ചെന്നും വരും. വിജ്ഞാനതൃഷ്ണ, സൻമനോഭാവം, സമാധാനം, സൗഹൃദം, ദൈവഭക്തി എന്നിവക്കനുകൂലമായ ഒരു കലാലയാന്തരീക്ഷത്തിലാണ് ജീവിതം നയിക്കപ്പെടുന്നതെങ്കിൽ അവരിൽ ഈ ഗുണങ്ങളെല്ലാം വളരാൻ ഇടവരുന്നു. മറിച്ച്, ഹിംസയും അക്രമവും വൈരാഗ്യവും വിജ്ഞാന സമ്പാദനത്തിൽ വിമുഖതയുമുള്ള ഒരു അന്തരീക്ഷത്തിലാണ് പഠിച്ചു വളരുന്നതെങ്കിൽ അവരിൽ ഇവയുടെ സ്വാധീനവും കാണാം. ചുരുക്കത്തിൽ മനുഷ്യനെ സംസ്കാരസമ്പന്നനാക്കാനോ അധഃപതിപ്പിക്കാനോ കലാലയാന്തരീക്ഷത്തിന് സാധിക്കും.



ഇന്നത്തെ കലാലയാന്തരീക്ഷം വിദ്യാർത്ഥികളുടെ നാനാമുഖമായ വളർച്ചക്ക് ഹാനികരമാണ്. സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ അച്ചടക്കം അവിടെ പരിഹാസ്യവും നിന്ദ്യവുമായി പരിഗണിക്കപ്പെടുന്നു. സൻമനോഭാവത്തിനും സൽക്കർമ്മത്തിനും പ്രാധാന്യമില്ല. സത്യസന്ധതയും വിശ്വാസ്യതയും പഴഞ്ചനായി മുദ്രകുത്തപ്പെടുന്നു. വഞ്ചക-ചൂഷക-രാഷ്ട്രീയങ്ങൾ പയറ്റാനുള്ള ഒരു വേദിയായിമാത്രം കലാലയം മാറുന്നു. ഫലമോ! വിദ്യാർത്ഥികൾക്കുവേണ്ടി ദേഹംകൊണ്ടും മനസ്സുകൊണ്ടും അധ്വാനിക്കുന്ന, വിദ്യാർത്ഥികളുടെ ഉന്നതിയിൽ ആത്മനിർവൃതി കാണുന്ന അദ്ധ്യാപകരോടുപോലും വിധേയത്വമുള്ളവരായിത്തീരാൻ അവർക്ക് സാധിക്കുന്നില്ല. അവരുടെ നേതാക്കളുടെ ആജ്ഞകൾ നിറവേറ്റുകയെന്നതിനെ ഉത്തരവാദിത്വമായി അവർ കണക്കാക്കുന്നു. ഭൂരിഭാഗം വിദ്യാർത്ഥികളും ഈ നിലപാടുകാരായിത്തീർന്നാൽ അദ്ധ്യാപകരിലെ ഒരു നല്ല വിഭാഗത്തിലും ഇതിന്റെ ദോശമായ പ്രതികരണം കണ്ടുതുടങ്ങും. വിദ്യാർത്ഥികളുടെ താല്പര്യങ്ങൾ ശ്രദ്ധിക്കുന്നത് നിഷ്ഫലവും അപ്രായോഗികവുമാണെന്ന് അവർക്ക് തോന്നും.

രാഷ്ട്രീയ പാർട്ടികൾക്ക് യുവജന പിൻനിരയും അതിന് വിദ്യാർത്ഥി പിൻനിരയും ഉണ്ടായതോടെയാ[ണ്] കലാലയങ്ങളിൽ രാഷ്ട്രീയത്തി[ന്] വലിയ സ്വാധീനമുണ്ടായത്. ഓ[രോ] രാഷ്ട്രീയപാർട്ടിയും അതി[ന്റെ] ശക്തി വർദ്ധിപ്പിക്കാനുള്ള മാ[ർഗ]ങ്ങൾ തേടിക്കൊണ്ടിരിക്കുകയാണ്. ഇതിൽ യുവ തലമുറക്കുണ്ടാകു[ന്ന] നഷ്ടവും ഒടുവിൽ ദേശീയനഷ്ട[ ]



അവർക്കൊരു പ്രശ്നമേ ആകുന്നില്ല.

മൂല്യങ്ങളിലധിഷ്ഠിതമായ വിദ്യാ[ർ]ത്ഥി സംഘടനകളിലൂടെ, സമാധാ[ന]പരമായ ആശയങ്ങളിലൂടെ, പ[ഠന] കാര്യങ്ങൾക്ക് പ്രാധാന്യം നൽ[കി] വിദ്യാർത്ഥികൾ പ്രവർത്തിക്കേണ്ടതു[ണ്ട്]. രാഷ്ട്രീയപാർട്ടികൾ ഇതി[ന്] പ്രേരിപ്പിക്കുമെന്ന് നമുക്ക് പ്ര[തീ]ക്ഷിച്ചുകൂടാ. ഈ പൈശാചിക[ത്വ]ത്തിൽനിന്നും ഇളംതലമുറ രക്ഷ[പ്പെ]ടുന്ന വിധത്തിൽ സാംസ്കാരികസം[ഘ]ടനകൾ സംവിധാനം ചെയ്യപ്പെട[േണ്ട]ത് അത്യാവശ്യമാണ്.

**അബ്ദുൽ കരീം കെ. എ[ ]**
III B.



# കനകവിളക്ക്

പതിവു് ആരവങ്ങളോടെ തീവണ്ടി സ്റ്റേഷനിൽനിന്നും നിരങ്ങിയപ്പോൾ ഞാനെന്റെ കമ്പാർട്ട്മെന്റിലെ കോണിൽ ഒതുങ്ങിക്കൂടിയിരുന്നു. തിടുക്കത്തിൽ ഒരു പെൺകുട്ടി കുപ്പിവളകൾ കിലുക്കിക്കൊണ്ടു് ഞാനിരിക്കുന്ന കമ്പാർട്ട്മെന്റിലേക്കു കയറി. പ്ലാററ്ഫോമിൽനിന്നും ആ കുട്ടിക്കു് ആവശ്യത്തിലധികം നിർദ്ദേശങ്ങൾ കിട്ടിക്കൊണ്ടിരുന്നു. ലഗ്ഗേജ് എവിടെ നിക്ഷേപിക്കണമെന്നും അപരിചിതരോടു് അധികം സംസാരിക്കരുതെന്നും മററും. വണ്ടി നീങ്ങിയതോടെ യാത്ര പറയുന്നവരുടെ കോലാഹലങ്ങളായി.

നല്ല പ്രകാശമുള്ളപ്പോൾ ഞാനറിയുന്നു. നല്ല ഇരുട്ടുള്ളപ്പോഴും. അത്രയുമായാൽ എന്റെ കാഴ്ച കഴിഞ്ഞു. അതുകൊണ്ടുതന്നെ കയറിവന്ന പെൺകുട്ടിയെ കുറിച്ചറിയുവാൻ എന്റെ മനസ്സ് വ്യഗ്രതകാട്ടി. കാലിൽ ചെരിപ്പുണ്ടെന്നു് നടത്തത്തിൽനിന്നറിയാം.

അവൾ സുന്ദരിയായിരിക്കുമോ?

ആദ്യം അവളുടെ ശബ്ദം പരീക്ഷിച്ചുകളയാം. ചോദ്യം നമ്പർ വൺ തൊടുത്തുവിട്ടു.

'മദിരാശിയിലേക്കാണോ'?

ഞാൻ ഇരുളടഞ്ഞ മൂലയിലായിരിക്കണം ഇരുന്നിരുന്നതു്. അതുകൊണ്ടായിരിക്കണം എന്റെ ശബ്ദം അവളെ ഞെട്ടിച്ചു. അവൾ ആശ്ചര്യം മൊഴിഞ്ഞു.

'ഇവിടെ മററൊരാളുണ്ടായിരുന്നെന്നു് ഞാൻ കരുതിയിരുന്നില്ല' കണ്ണുള്ളവർക്കാണിന്നു് കാണാൻ വിഷമം. മൂക്കിനു്താഴെ നടക്കുന്നതാണെങ്കിലും അവർ കണ്ടില്ലെന്നുവെയ്ക്കും. കണ്ണില്ലാത്തവർ വളരെ ശ്രദ്ധിച്ചു് പ്രവർത്തിക്കും. പഞ്ചേന്ദ്രിയത്തിൽ നഷ്ടപ്പെട്ട ഒന്നിന്റെ ജോലികൂടി മററുള്ളവർക്കു് ചുമക്കേണ്ടിവരുന്നു.

'ഞാനും നിങ്ങളെ കണ്ടില്ല. പക്ഷെ നീ വരുമ്പോഴുണ്ടായ കുപ്പിവളകിലുക്കം ഞാൻ ശ്രദ്ധിച്ചു.'

ഞാൻ കുരുടനാണെന്നു് അവൾ മനസ്സിലാക്കിയോ എന്തോ

'ഞാൻ കോയമ്പത്തൂരിലിറങ്ങും. എന്റെ അമ്മായി അവിടെ കാത്തുനിൽക്കുന്നുണ്ടാകും' അവൾ പറഞ്ഞു.

'അമ്മായി കാത്തുനിൽക്കുന്നവെങ്കിൽ ഞാൻ പരിചയപ്പെടാതിരിക്കയാണു് ഭേദം. അമ്മായിമാർ പലപ്പോഴും പ്രശ്നം സൃഷ്ടിക്കും.' ഞാൻ തമാശയായി പറഞ്ഞു. ഇതുകേട്ടു് അവൾ ചിരിച്ചു.

'നിങ്ങൾ എവിടെ പോകുന്നു' അവളുടെ ആദ്യത്തെ അന്വേഷണം.

'മദിരാശിയിലേക്കു്'

'നിങ്ങൾ ഭാഗ്യമുള്ളയാളാണു്. നിങ്ങളെപ്പോലെ എനിക്കും യാത്രചെയ്യാനൊത്തെങ്കിൽ ....കുന്നും....മലകളും.... പുഴകളുമൊക്കെ, രസം പിടിച്ച കാഴ്ചകൾതന്നെ'!

'ശരിയാണു് ഈ ഡിസംബർമാസത്തിന്റെ കുളിരിൽ മരങ്ങൾക്കൊക്കെ ഒരു പുതിയ രോമാഞ്ചമുണ്ടെന്നു തോന്നുന്നു. ദാ....നോക്കു് മേഘക്കീറുകളെക്കൊണ്ടു് തല തുവർത്തുന്ന കരിമ്പനകൾ കണ്ടില്ലേ'– ഞാൻ കരിമ്പനയും കണ്ടിരുന്നില്ല മേഘക്കീറും കണ്ടിരുന്നില്ല.

അവൾ നിശബ്ദയായി ഇരുന്നു. ആ മുഖത്തു് എന്നെ കളിയാക്കുന്ന ചിരിയാണോ? എന്നെ ഒരു വിഡ്ഢിയാക്കി ചിരിക്കുകയായിരിക്കുമോ? അവളുടെ അടുത്ത ചോദ്യം എന്നെ ഉണർത്തി.

'നിങ്ങളെന്താ ജാലകത്തിലൂടെ വെളിയിൽ നോക്കിയിരിക്കുന്നതു്?

ഞാൻ ജാലകം തപ്പി കണ്ടെത്തി പ്രകൃതിസൗന്ദര്യം കണ്ടാസ്വദിക്കുന്ന മട്ടിൽ ഇരുന്നു. എഞ്ചിന്റെ കിതപ്പ് ഞാൻ കേട്ടു. ചക്രങ്ങളുടെ താളവും ഞാൻ കേട്ടു. ഓടി മറയുന്ന ടെലഗ്രാഫ് പോസ്റ്റുകൾ മനസ്സിന്റെ കണ്ണാടിയിൽ ഞാൻ ദർശിച്ചു.

'കുട്ടി ശ്രദ്ധിച്ചോ, മരങ്ങളും, മലകളും മററും ഓടുന്നത്? നമ്മൾ നിശ്ചലമായി നിൽക്കുകയും ചെയ്യുന്നു' ഞാൻ പറഞ്ഞു.

'അത് അങ്ങിനെതന്നെയാണ്.'

അവൾ ചിരിച്ചു. അവൾ ചിരിച്ചപ്പോൾ ഞാനവൾക്കുനേരെ നോക്കി.

നിന്റെ മുഖം കാണാൻ നല്ല ശേലുണ്ട്! ഞാൻ ധൈര്യം സംഭരിച്ചുകൊണ്ടാണത്രയും പറഞ്ഞത്. എന്നാലും അങ്ങിനെയൊരു കമെൻറിന് ഒരിക്കലും ഒരു പെൺകുട്ടി ദേഷ്യപ്പെടുകയില്ലെന്നുറപ്പുണ്ട്

അവൾ ചിരിച്ചു. കുപ്പിവള ച്ചിരി.

'ഇതുകേട്ട് കേട്ട് ഞാൻ മടുത്തു. ഞാൻ പരിചയപ്പെട്ട എല്ലാവരും എന്നോടിങ്ങനെതന്നെയാണ് പറയാറ്-എന്റെ മുഖം നല്ല മുഖമാണെന്ന്!'

'അപ്പോൾ അഭിപ്രായം പറയാൻ ഞാൻ മോശക്കാരനല്ല.

എനിക്ക് സന്തോഷം തോന്നി

'നിങ്ങൾ നല്ല മിടുക്കനായ ചെറുപ്പക്കാരൻ. പക്ഷെ നിങ്ങളുടെ മുഖത്തിനു ഇത്രയും ഗൗരവം ചേരില്ല. ഇടക്കൊന്നു ചിരിച്ചാൽ എന്തു ഭംഗിയായിരിക്കും!

എന്റെ അന്ധതയുടെ മുഖം മറന്ന് എനിക്ക് ചിരിക്കാൻ തോന്നി. പക്ഷേ വീണ്ടും ഞാനേകനായി തീരുകയാണല്ലൊയെന്ന ചിന്ത എന്നിൽ മുളച്ച ചിരിയുടെ കുമ്പുനുള്ളി.

'നീ താമസിയാതെ നിന്റെ സ്റ്റേഷനിലെത്തും' ഞാൻ പറഞ്ഞു. 'എത്ര പെട്ടന്നാണ് സമയം പോയത്' ' അവൾ നെടുവീപ്പിട്ടു.

അവളോട് എത്രനേരം വേണമെങ്കിലും സംസാരിക്കാൻ എനിക്കു കൊതിതോന്നി. ജീവിതത്തിൽ വല്ലപ്പോഴും വീണ്ടു



കിട്ടുന്ന അസുലഭ സന്ദർഭങ്ങൾ.

ഒരരുവിയുടെ കളകളശബ്ദമാണവൾക്ക് ട്രെയിൻ വിട്ടിറങ്ങുന്നതോടെ അവളെല്ലാം മറക്കും.

എഞ്ചിൻ ആകാശം പിളർക്കമാറ് കൂവി. ചക്രങ്ങളുടെ താളവേഗം കുറഞ്ഞു. പെൺകുട്ടി എണീററു. സാധനങ്ങൾ പെറുക്കിയെടുക്കുന്ന തിരക്കിലാണ്.

അവളുടെ മുടി മെടഞ്ഞിട്ടതാണോ? അതോ 'ബൺ' ആകൃതിയിൽ ഉയർത്തിക്കെട്ടിയതോ? അതോ 'പോണിടെയിൻ' ഫാഷനോ?

---

**സൊറാബ് പി. എം.**

---

വണ്ടി സ്റ്റേഷനിലെത്തി. ചായ കാപ്പി കോലാഹലങ്ങൾക്കിടയിൽ ഒരു സ്ത്രീശബ്ദം ഉയർന്നുകേട്ടു. പെൺകുട്ടിയുടെ അമ്മായിയായിരിക്കും.

'ഗുഡ്ബൈ' പെൺകുട്ടി പറഞ്ഞു. എന്റെ വളരെ അടുത്തുനിന്നാണവൾ അത് പറഞ്ഞത്. 'ലേഡിഗേ' പെർഫ്യൂമിന്റെ മണം എന്റെ വളരെ അടുത്തായിതന്നെ അനുഭവപ്പെട്ടു. ഞാൻ ഒരു ലഹരിയിൽമുങ്ങിയവനെപ്പോലെ നിന്നു. അവളുടെ മുടിയിലൊന്ന് തൊടാൻ ഞാൻ കൈകളുയർത്തി. ആ മണം കയ്യിലല്പം പററിയെങ്കിൽ ഓർമ്മകൾക്ക് മണവുമായേനെ. പക്ഷേ അപ്പോഴേക്കും അവൾ നീങ്ങിക്കഴിഞ്ഞിരുന്നു. പക്ഷെ സൗരഭ്യംമാത്രം അവിടെ ചുററിപ്പററിനിന്നു. ആ സ്വപ്നം അലിഞ്ഞലിഞ്ഞില്ലാതെയായി.

ഗാർഡ് വിസിലടിച്ചു. വാതിൽ വലിച്ചടച്ചുകൊണ്ട് മററൊരു യാത്രക്കാരൻ ഞാനിരിക്കുന്ന കമ്പാർട്ട്മെൻറിലേക്ക് കയറി. ഞാനയാളെ ശ്രദ്ധിച്ചേയില്ല. നിരങ്ങി നീങ്ങിയ ട്രെയിനിൽനിന്നും ചാടിയിറങ്ങി പെൺകുട്ടിയുടെ പിറകെ പോകാൻ തോന്നി. ചക്രങ്ങൾ വീണ്ടും പഴയ സംഗീതമാരംഭിച്ചു. ഞാൻ ജാലകത്തിന്നരികിൽ വന്നിരുന്നു. നട്ടുച്ചയിലൊന്നും കാണാതെ എന്തൊക്കെയോ കണ്ടെന്ന് നടിച്ച് നഷ്ടബോധത്തോടെ ഞാനിരുന്നു.

'നിങ്ങൾക്ക് നിരാശയായ്ക്കാണും അല്ലേ? പുതുതായിക്കയറിയ യാത്രക്കാരൻ പറഞ്ഞു.

'അവൾ സുന്ദരിയും സരസയുമായിരുന്നു' ഞാൻ യാന്ത്രികമായി പറഞ്ഞു. 'അവളെങ്ങിനെയാണ് മുടി ചീകിയതെന്നു നിങ്ങൾ ശ്രദ്ധിച്ചോ?'

അതുകേട്ട് അല്പം അത്ഭുതത്തോടെ അയാൾ പറഞ്ഞു. 'ഓ ഞാനത് ശ്രദ്ധിച്ചില്ല. അവളുടെ കണ്ണുകളാണ് ഞാൻ ശ്രദ്ധിച്ചത്. നല്ല സുന്ദരമായ കണ്ണുകൾ!' 'പക്ഷെ അവൾക്കെന്തു കാര്യം, നിങ്ങളത് ശ്രദ്ധിച്ചില്ലേ? അവൾ അന്ധയാണ്.

# ലെൻസും മനസ്സും

**പോൾ കല്ലാനോട്**



അതെയതെ, ഞാൻതന്നെയാണ് ദൂരെ നിന്നുവരുന്നതും —ജോൺ

കാഴ്ചയുടെ സാധാരണ തലങ്ങളിൽ തന്നെ അവഗണിക്കപ്പെട്ടുകിടക്കുന്ന രൂപവൈവിദ്ധ്യങ്ങളാണ് റസാക്ക് കോട്ടക്കലിനെപ്പോലെയുള്ള ഒരു ഫോട്ടോഗ്രാഫറുടെ, കാഴ്ചപ്പാടുകൊണ്ട് അസാധാരണമായിത്തീരുന്നത്. കാഴ്ചമാത്രമല്ല കാര്യം എന്ന് സൂചിപ്പിക്കുംവിധം ഒരു കണ്ണടച്ചുകൊണ്ടാണ് ഫോട്ടോഗ്രാഫർ തന്റെ കാഴ്ചയുടെ ഏകാഗ്രതകൾ മൂർച്ചകൂട്ടുന്നത്. നോക്കലിന്റെയും കാണലിന്റേയുമായ വ്യത്യസ്തമായ വിവേചന ധർമ്മങ്ങൾ അയാളുടെ കർമ്മപദ്ധതിയുടെ കാതലാണ്. ആ മാർഗ്ഗത്തിലൂടെ നമ്മുടെ നിത്യ സാധാരണതയിലെ നിഴൽ വീണ ജീവിതങ്ങളിൽ വെളിച്ചമെത്തിക്കുന്ന കാഴ്ചപ്പാട്, സാങ്കേതികയാന്ത്രികതയുടെ 'ക്ലിക്ക്' ശബ്ദങ്ങളല്ല സാമൂഹ്യാവസ്ഥകളുടെ മിടിപ്പുകൾ തന്നെയാണുയർത്തുന്നത്. തിരക്കുപിടിച്ച യാന്ത്രിക ശബ്ദങ്ങൾക്കിടയിൽ റസാക്ക് കോട്ടക്കലിനെ നാം തിരിച്ചറിയുന്നതും ഈ കാരണം കൊണ്ടാണ്

ഒരു ഫോട്ടോഗ്രാഫർക്ക് വളരെ 'പോസിററീവായ' ജീവിത് ദർശനം കൈവരുമ്പോൾ 'നെഗററീവു'കളുടെ 'ഡാർക്ക് റൂമു'കളിൽ അയാളുടെ വീർപ്പുമുട്ടലുകൾ ആരും അറിയുന്നില്ല. മസ്തിഷ്ക്കവും മനസ്സും തെളിയിച്ചെടുക്കുന്ന രാസപ്രവർത്തനം നടക്കാത്തിടത്തോളം അയാളുടെ ചിത്രങ്ങളിൽ നാമൊന്നും കണ്ടെത്തുന്നില്ല. അഥവാ അതു സാങ്കേതികവിദ്യയ്ക്കുള്ള സ്തുതിചൊല്ലൽ മാത്രമാവാം. ഛായാഗ്രഹണവിദ്യയുടെ മഹത്വം നിർണ്ണയിക്കുന്നത് സാങ്കേതികവിദ്യയുടെ വികാസമാണെന്ന ധാരണയുടെ സന്തതികളാണ് നമ്മുടെ കാലത്ത് അധികമെന്നുതോന്നുന്നു.



നാം കണ്ട കടൽ, പക്ഷെ,
നാം അനുഭവിക്കാത്ത ആഴം.
നാം കണ്ട തോണി, പക്ഷെ,
നാമറിയാത്ത യാനം,
നാം കണ്ട യാചകൻ, പക്ഷെ,
നാമറിയാത്ത ദൈന്യം.
നാം കണ്ട ശൈശവം, പക്ഷെ,
നാമറിയാത്ത വേദന
നാം കണ്ട നാട്ടുപാത, പക്ഷെ,
നാമറിയാത്ത ബാല്യസ്മൃതി,
നാം കണ്ട പൂവ്, പക്ഷെ
അതിന്റെ ദളങ്ങളിൽ
നാം കാണാത്ത
ഏതോ കിരണസ്പർശം.

അതുകൊണ്ട് ഫോട്ടോഗ്രാഫർമാരെ കൊണ്ട് നാട് നിറയുമ്പോഴും ഫോട്ടോഗ്രാഫിയുടെ സൗകുമാര്യവും ശക്തിയും നമുക്കന്യമായിക്കൊണ്ടിരിക്കുന്നു. ഇതിനപവാദമായി ചിലപ്പോഴെല്ലാം നമുക്കാശ്വാസമുണ്ടാകുന്ന ചിത്രങ്ങളൊരുക്കാൻ റസാക്കിന് സാധിക്കുന്നുവെന്നത് പ്രധാനമായ കാര്യമാണ്.

കറുപ്പും വെളുപ്പും മാത്രമായ ഫോട്ടോകളിലൂടെയാണ് റസാക്ക് ശ്രദ്ധേയനായിട്ടുള്ളത്. ജീവിതവും പ്രകൃതിയും വർണ്ണ വൈവിദ്ധ്യങ്ങളുടെ ശബളിമ കൊണ്ട് വിലസുമ്പോൾ കറുപ്പിനും വെളുപ്പിനും എന്തുചെയ്യാൻ കഴിയും? ഈ ചോദ്യമുയരാനിടം കൊടുക്കാതിരിക്കുകയെന്നതാണ് അതിന്റെ ജൈവസവിശേഷത. തന്റെ മാധ്യമത്തിന്റെ മുകളിൽ ഒരു ഫോട്ടോഗ്രാഫർക്കുള്ള സജീവ സ്വാധീനമാണ് ഒരു കാര്യം. എന്നാൽ ദൃശ്യലോകത്തിന്റെ വിസ്തൃത മേഖലകളിൽ നിന്ന് അതിദൃഷ്ക്കരമായ തന്റെ തിരച്ചിലുകൾക്ക് ഒരു ഫലമുണ്ടാകുന്നിടത്താണ് അയാൾ തന്റെ സാന്നിധ്യം വ്യക്തമാക്കുന്നത്. അത് തെരുവീഥിയിൽ നിന്ന് ഒരു 'സഡൻ ബ്രേക്കി'ന്റെ നിലവിളിപോലെ നമ്മുടെ ശ്രദ്ധയെ ഞെട്ടിച്ചുണർത്തുന്നു. നാം കണ്ട കടൽ. പക്ഷെ നാം അനുഭവിക്കാത്ത ആഴം. നാം കണ്ട തോണി. പക്ഷെ നാമറിയാത്ത യാനം ! നാം കണ്ട യാചകൻ പക്ഷെ നാം കാണാത്ത ദൈന്യം! നാം കണ്ട ശൈശവം. പക്ഷെ നാമറിയാത്ത വേദന ! നാം കണ്ട നാട്ടുപാത. പക്ഷെ നാമറിയാത്ത ബാല്യസ്മൃതി ! നാം കണ്ട പൂവ്, പക്ഷെ അതിന്റെ ദളങ്ങളിൽ നാംകാണാത്ത



ഏതോ കിരണ സ്പർശം !

നിഴൽ വെളിച്ചങ്ങളുടെ അപൂർവ്വ സാധ്യതകൾകൊണ്ട്, വർണ്ണരാഹിത്യത്തിന്റെ കറുപ്പും വർണ്ണ സമഗ്രതയുടെ വെളുപ്പും മുൻനിർത്തി ഒരു ജഡവസ്തുവിന്റെ നിർജ്ജീവാവസ്ഥകൾപോലും ജൈവചലനങ്ങളുടെ ഉണർവുണ്ടാക്കാൻ ഒരു ഫോട്ടോഗ്രാഫർക്ക് കഴിയുന്നത് അയാളുടെ മനസ്സിന്റെ 'ഫോക്കസ്സ്' കൊണ്ടാണ്. ഉണർവ്വിന്റെ 'ഷട്ടർ സ്പീഡ്' കൊണ്ടാണ് കറുപ്പും വെളുപ്പും അതിന്റെ അനന്ത മിശ്രണങ്ങളും കൺമുമ്പിലെ ജീവിതത്തിന് ഊടും പാവും നെയ്യുംവിധം അയാൾ സർഗ്ഗാത്മകത നേടുന്നതു കൊണ്ടാണ്.

സാങ്കേതികതയുടെ വ്യത്യസ്ഥ സാധ്യതകൾ ഒരു ഫോട്ടോഗ്രാഫർക്ക് എങ്ങനെ ഉപയുക്തമാക്കാമെന്ന് ചില വ്യക്തിചിത്രങ്ങളിൽ റസാക്ക് വെളിവാക്കുന്നുണ്ട്. സ്പെയിസിന്റെ ക്രമീകരണം കൊണ്ടു കൈവരുത്തുന്ന സംരചനാത്മകത്വം (Compositional Quality) ശ്രദ്ധേയമാണ്. ഒരു ചിത്രകാരനു സഹജമായ ദൃശ്യസന്തുലനത്താലും ആഴങ്ങളേയും അകലങ്ങളെയും അറിയുന്ന പരിപ്രേക്ഷ്യ ബോധത്താലും ചില ചിത്രങ്ങൾ ശ്രദ്ധയാകർഷിക്കുന്നു.

ഇതിനകം തന്നെ ശ്രമകരമായ തന്റെ സർഗ്ഗാത്മകതകൊണ്ട് ശ്രദ്ധേയനായി തീർന്നിട്ടുള്ള റസാക്ക് നമ്മുടെ കാലിക ജീവിതത്തിന് കലാത്മകമായ കണ്ണും കാഴ്ചയും നൽകാനുള്ള ദൗത്യം തുടരട്ടെ.

മഴത്തുള്ളികൾ വീണ വെറുമൊരു മണൽക്കൂന. പക്ഷെ മഹാപർവ്വതങ്ങളുടെ ഗൗരവമോ?




വിടരുന്നത് വെളിച്ചത്തിന്റെ ലാളിത്യമാണ്. പക്ഷെ വെളിച്ചത്തിനടിയിൽ ഇരുണ്ട നിഴലുണ്ട്.



അന്തിവെട്ടത്തിൽ അവർ തിരിച്ചെത്തുക യാണ്. മനസ്സും മണ്ണും ഇരുളുക യാണ്.




ർത്തുകളിലൂടെ ഊർന്നിറങ്ങുന്ന ഇത്തിരി വെട്ടംവീണ പടവുകൾ. മുക
അടഞ്ഞ ചെററ വാതിൽ. ഇറങ്ങി യും കയറിയും പോകുന്ന ജീവിതം
ുള്ളിൽ മാത്രമാണ് ചലിക്കുന്നത്.





വെളിച്ചം നനുത്ത മഞ്ഞിന്റെ സുതാര്യ
തയിലൂടെ കൊക്കു പിളർത്തുന്നതേയു
ള്ളു. അദ്ധ്വാനത്തിന്റെ അതികഠിന
മായ വെയിലിലേക്കാണ് യാത്ര.

വരിഞ്ഞു മുറുക്കപ്പെട്ട വാസ്തവങ്ങളിൽ കഴിയുമ്പോഴും പുറത്തേക്കൊരു കണ്ണുണ്ട്. കണ്ണിൽ കനിവുണ്ട്. ആത്മനിന്ദയോ, അനുതാപമോ?






മനുഷ്യാ നീയോ ഞാനോ? ഇപ്പോ
ആരാണ് കൂട്ടിൽ?



അംബരചുംബിയായ ആത്മീയ പൈതൃകമാണ് പിന്നിൽ. പക്ഷേ, ഭൗതിക പ്രശ്നങ്ങളാണ് മുന്നിൽ.

ഉയർന്ന മസ്തകങ്ങളും ശിലീഭൂതമായ ഒരോർമ്മയാണ്. തളർന്ന ജീവിതത്തിന് അതൊരു താങ്ങാണ്.



ത പിന്നെയും നീളുന്നു. തോളിൽ
പ്പും കുഴഞ്ഞ കാലുകളും നിഴൽ
ന വീജനതയും. അല്ല, കൂട്ടിനി
ഴും ഒരു നിഴൽ കൂടെയുണ്ട്.



# മണൽത്തരികൾ

സ്വർണ്ണത്തരികളെ ചവിട്ടിമെതിച്ചുകൊണ്ട് അവർ നടന്നു. ആ പാറക്കെട്ടിന്റെ അടുത്തേക്ക്, അതാണവരുടെ സങ്കേതം. ഒട്ടിനിൽക്കുന്ന ആ ഇരട്ടപ്പാറകൾ കാണുമ്പോൾ അവൾ പറയും:

'ഇത് ഞാൻ, അത് നീ'.

അവൻ എന്നും ഓർമ്മിപ്പിക്കാറുണ്ട്.

'അങ്ങിനെ പറയരുത്'.

അപ്പോൾ അവൾ പറയും :

'ഞാൻ ഇനിയും പറയും'.

അതിന് സമ്മതിച്ചുകൊടുക്കാനെ അവനു കഴിയാറുള്ളു. അന്നും അവർ അവിടെ ഇരുന്നു. അപ്പോഴും അവൾ പറഞ്ഞു : 'ഇതു ഞാൻ, അതു നീ'.

അവൻ മിണ്ടാതിരുന്നു.

'ദേ ...എന്താ മിണ്ടാതിരിക്കുന്നേ?'

ലത കലുക്കിവിളിച്ചു.

'ഞാൻ പറഞ്ഞാൽ നീ കേൾക്കുകയില്ലല്ലോ!' രവിയുടെ മറുപടി.

'ശരിശരി എന്നാൽ ഒരു കഥ പറഞ്ഞു താ....'

ലത തന്റെ സ്ഥിരം പല്ലവി പറഞ്ഞെടുത്തു.

'ശൊ, നാശം....' അത് അവന് മുഴമിപ്പിക്കാൻ കഴിഞ്ഞില്ല. അപ്പോഴേക്കും അവൾ ചോദിച്ചു.

'എന്താ പറഞ്ഞെ?'

'അല്ല, കഥ പറയാം എന്നാണ് പറഞ്ഞത്'.

രവിക്ക് അറിയാം എന്തുപറഞ്ഞാലും അവൾ ഇളകില്ല എന്ന്.

പൂനിലാവുള്ള രാത്രികളിൽ അവർക്കിതൊരു രസമാണ്. മണൽത്തരികൾ വെട്ടിത്തിളങ്ങുന്നതുംനോക്കി കഥയും പാട്ടുമായി സമയം കളയുന്നത്.

എല്ലാ ദിവസവും അവൾ കഥ പറയാൻ ആവശ്യപ്പെടാറുണ്ട്. അവർ ഒത്തുചേർന്നാൽ ഇപ്പോഴും കുട്ടികൾ തന്നെ. ആ പാറക്കെട്ടിൽ ചാരിയിരിക്കുന്ന തന്റെ മടിയിൽ തലവെച്ചു കിടക്കുന്ന ലതയെ നോക്കിയിരിക്കുമ്പോൾ രവി വെറുതെ ചിരിക്കും.

'എന്താ കളിയാക്കുകയാണോ?'

അവളുടെ പരിഭവം കലർന്ന ദേഷ്യം രവിയ്ക്ക് എന്നും ലഹരിതന്നെ. അപ്പോൾ മണ്ണിലെ തണുപ്പും മനസ്സിലെ ചൂടും അവനെ അലട്ടാറില്ല.

'എന്താ കഥ പറയാത്തെ?'

ചക്രവാളത്തിനപ്പുറം ഉദിച്ചുകയറുന്ന ചന്ദ്രനെ നോക്കിയിരിക്കുന്ന രവിയോട് ലത ചോദിച്ചു.

'എന്തു കഥയാ പറയേണ്ടത് എന്ന് ഓർക്കുകയായിരുന്നു.'

'അതിപ്പോ..നാടോടിക്കഥയാകട്ടെ'

'ശരി, പക്ഷെ ശ്രദ്ധിച്ചുകേൾക്കണം.' രവി നിർദ്ദേശിച്ചു.

'അങ്ങനെയാവട്ടെ'.

'പണ്ട്പണ്ട് വളരെപ്പണ്ട്....' രവി പറഞ്ഞുതുടങ്ങി.

അല്ലയല്ല, ഇപ്പോഴത്തെ കഥമതി..' അവൾ ഇടയിൽക്കയറി പറഞ്ഞു.

'എങ്കിൽ കഥയില്ല', രവി.

'ഓ, എങ്കിൽ പണ്ടപണ്ട് അതായത് വളരെപ്പണ്ട് ഇനിയെന്താ'?

'അങ്ങു ദൂരെ ഒരു നാട്ടിൽ ഒരു രാജകുമാരിയും മന്ത്രിപുത്രനും ഉണ്ടായിരുന്നു. പൂനിലാവുപെയ്യുന്നരാത്രികളിൽ കൈയ്യുംപിടിച്ച് നടക്കാൻ കാവൽക്കാരറിയാതെ രാജകുമാരി പതിവായി മന്ത്രിപുത്രന്റെ അടുത്ത് എത്താറുണ്ടായിരുന്നു. തമാശകൾ പറഞ്ഞ് പൊട്ടിച്ചിരിക്കുമ്പോഴും അവരുടെയുള്ളിൽ പേടി ഒളിഞ്ഞിരുന്നു....

എന്നാൽ രാജാവ് ഇക്കാര്യം മനസ്സിലാക്കി. അദ്ദേഹത്തിന് സഹിച്ചില്ല. അന്ന് രാജാവ് കുമാരിയെ വിളിച്ച് വളരെയധികം ഉപദേശിച്ചു എന്നാൽ അവളുണ്ടോ അനുസരിക്കുന്നു.'


'ഉം എന്താ ശ്രദ്ധിക്കുന്നില്ലേ.' രവി ചോദിച്ചു. അവന്റെയടുക്കലേക്ക് നീങ്ങിയിരുന്നുകൊണ്ട് അവൾ പറഞ്ഞു. 'ഉണ്ട്'.

'തന്നെ അനുസരിക്കാത്തവർ ആരു തന്നെയാണെങ്കിലും അവരെ ശിക്ഷിക്കുക രാജാവിന്റെ പതിവായിരുന്നു. വളരെ നാളത്തെ ചിന്തക്കു ശേഷം രാജാവ് വഴികണ്ടുപിടിച്ചു..

'അന്നാട്ടിലെ ദുർമന്ത്രവാദികളിൽ തലതൊട്ടപ്പനായ മഹാമാന്ത്രികനെ വിളിച്ച് അദ്ദേഹം കാര്യം വിസ്തരിച്ചു പറഞ്ഞു കേൾപ്പിച്ചു. ചെയ്യേണ്ട ശിക്ഷയും പറഞ്ഞു കേൾപ്പിച്ചു.

'അവസരം കാത്തിരുന്ന മാന്ത്രികൻ ഒരു നല്ല ദിവസം കണ്ടെത്തി. പഞ്ചസാര മണലിലൂടെ കൈകോർത്ത് പിടിച്ചുനടക്കുന്ന രാജകുമാരിക്കും മന്ത്രിപുത്രനും മുന്നിൽ ആ മാന്ത്രികൻ പ്രത്യക്ഷപ്പെട്ടു. പൂനിലാവിൽ വെട്ടിത്തിളങ്ങുന്ന സ്വർണ്ണപല്ലുകൾ കാട്ടി അദ്ദേഹം പൊട്ടിച്ചിരിച്ചു.





എന്തുചെയ്യണമെന്നറിയാതെ നില്ക്കുന്ന അവരെ നിമിഷം കൊണ്ടദ്ദേഹം രണ്ട് പാറകളാക്കി മാററി.' 'രവി കഥ പറഞ്ഞു നിർത്തി. അപ്പോൾ ലത വീണ്ടും അവനോട് ചേർന്നിരുന്നു. സാവധാനം അവരെ ഇരുട്ട് പൊതിഞ്ഞു. ആ ഇരുട്ടിന്റെയുള്ളിൽ നിന്നും മന്ത്രമധുരങ്ങളായ രണ്ടു സ്വരങ്ങൾ ആ മണൽത്തരികളിൽ അലിഞ്ഞുചേർന്നു. സാവധാനം. ആ സ്വരങ്ങൾ നേർത്ത് നേർത്ത് ഇല്ലാതെയായി ആ സമയം അവർ ആ പാറകളിലേക്ക് ആവാഹിക്കപ്പെടുകയായിരുന്നു.

**കെ. സി. മനോജ്**